കത്തോലിക്കപൗരോഹിത്യത്തെ

വിഷയീകരിച്ചുള്ള



൧൧-ാം പീയൂസ് മാപ്പാപ്പാ

തിരുമനസ്സിലെ

തിരുവെഴുത്ത്

DHARMARAM COLLEGE
LIBRARY
BANGALORE-29

പരിഭാഷകൻ

ഫാദർ ജേയ്ക്കബ് നടുവത്തുശേരിൽ.

കത്തോലിക്കപൗരോഹിത്യത്തെ

വിഷയീകരിച്ചുള്ള

൧൧-ാം പീയൂസ് മാപ്പാപ്പാ

തിരുമനസ്സിലെ

തിരുവെഴുത്ത്.

PALACKAL JEEVASS KENDRAM
LIBRARY
ACHAMMA

പരിഭാഷകൻ

ഫാദർ ജെയ്ക്കബ് നടുവത്തുശേരിൽ.

15954

Rev. Kandathil
Abp. of Ernakula

Printed at the
"MAR LOUIS MEMORIAL" PRESS,
ERNAKULAM.

Fr. Ludovic C.M.I

വിഷയവിവരം.

26282
PIU

		പക്ഷം.
I.	പീഠിക.	1.
II.	പുരോഹിതന്റെ അധികാരങ്ങൾ.	8.
III.	പുരോഹിതന്റെ സ്വഭാവഗുണം.	33.
IV.	പുരോഹിത്യാർത്ഥികളുടെ പരിശീലനം.	69.
V.	ഉപസംഹാരചിന്തകൾ.	98.

IMPRIMATUR,

Fr. G. Valliarumpeth,

Vic. Gen.

Ernakulam,
20—8—1936.

ദൈവകൃപയാൽ

പാപ്പാ ആയ നാം പതിനൊന്നാം പീയൂസ്,

ശ്ലൈഹിക സിംഹാസനവുമായി സമാധാനത്തിലും ഐക്യത്തിലും വർത്തിക്കുന്ന നമ്മുടെ വന്ദ്യ സഹോദരരായ പാത്രിയർക്കീസന്മാർക്കും, പ്രാദേശികാദ്ധ്യക്ഷന്മാർക്കും, മെത്രാപ്പോലീത്താമാർക്കും, മെത്രാന്മാർക്കും, മറ്റു ശ്രേഷ്ഠാദ്ധ്യക്ഷന്മാർക്കും ആരോഗ്യവും ശ്ലൈഹികാശീർവ്വാദവും.

പീഠിക

പൌരോഹിത്യവിഷയകമായി ഇതുവരെ ചെയ്തു്

വന്ദ്യസഹോദരരേ,

ദൈവഭരണക്രമത്തിലെ നിഗൂഢമായ നിശ്ചയമനുസരിച്ചു നാം കത്തോലിക്കപൌരോഹിത്യത്തിന്റെ അഗ്രിമസ്ഥാനത്തേയ്ക്കു് ഉയർത്തപ്പെട്ട നിമിഷംമുതൽ, മിശിഹായിൽ നമുക്കു ലഭിച്ച അസംഖ്യങ്ങളായ പുത്രഗണങ്ങളുടെ ഇടയിൽ പൌരോഹിത്യസ്ഥാനത്താൽ അലങ്കരിക്കപ്പെട്ടകയും, "ഭ്രമിക്കു് ഉപ്പായും ലോകത്തിനു വെളിച്ചമായും"[1] വർത്തിച്ചുകൊണ്ടു് ആ സ്ഥാന

കൃത്യങ്ങൾ അനുഷ്ഠിക്കയും ചെയ്തുകൊണ്ടിരിക്കുന്നവരുടെനേക്ക്, നമ്മുടെ വാസ്തവികവും ആത്മാർത്ഥവുമായ ശ്രദ്ധയെ നാം അനവരതം തിരിച്ചുകൊണ്ടിരിക്കുകയാണു്. എന്നാൽ ദേവാലയച്ചായയിൽ വിദ്യാഭ്യാസം ചെയ്യുകയും, പൌരോഹിത്യമെന്ന അത്യുൽകൃഷ്ടമായ ഉദ്യോഗത്തിനു് ഒരുങ്ങുകയും ചെയ്യുന്ന എത്രയും പ്രിയപ്പെട്ട വിദ്യാർത്ഥികളുടെനേരെ നമ്മുടെ ശ്രദ്ധ വിശേഷവിധിയായി തിരിഞ്ഞിട്ടുണ്ടു്.

നമ്മുടെ ഭരണത്തിന്റെ ആദ്യമാസങ്ങളിൽതന്നെ, കത്തോലിക്കലോകത്തിനു പൊതുവിൽ ഗൌരവാവഹമായ സന്ദേശം നൽകുന്നതിനു മുൻപായിത്തന്നെ,[1] ഭാവി പുരോഹിതന്മാരുടെ വിദ്യാഭ്യാസത്തിനു മാർഗ്ഗദർശനവും പ്രേരണയുമായിരിക്കേണ്ട തത്വങ്ങളെയും ആദർശങ്ങളെയും സംബന്ധിച്ചു ശക്തിയായ ഉൽബോധനം നൽകണമെന്നു നാം നിശ്ചയിച്ചു. അതനുസരിച്ചു് "ഒഫീച്ചിയോരും ഓമ്നിയും"[2] എന്നു തുടങ്ങുന്ന അപ്പൊസ്തോലിക ലേഖനം, 1922 ആഗസ്റ്റ് ഒന്നാം തീയതി, സെമ്മിനാരികളുടെയും സർവ്വകലാശാലകളുടെയും കാര്യവിചാരണ ചെയ്യുന്ന തിരുസംഘത്തിന്റെ അദ്ധ്യക്ഷനും നമ്മുടെ പ്രിയപ്പെട്ട പുത്രനുമായ കർദ്ദിനാളിനു നാം അയച്ചുകൊടുത്തു. മാത്രമല്ല, ശ്രദ്ധാലുവായ അജപാലകന്റെ നിലയിൽ തിരുസഭയുടെ സുസ്ഥിതിയേയും ആവശ്യങ്ങളേയും പ്രത്യേകവിധം ആലോചിക്കുവാൻ പ്രേരിതനായിട്ടുള്ള സന്ദർഭങ്ങളിൽ, നമ്മുടെ ചിന്തകൾ സർവ്വദാ, സർവ്വോപരി, പുരോഹിതന്മാരുടെയും മറ്റു വൈദികരുടെയും നേർക്കാണു തിരിഞ്ഞിട്ടുള്ളതു്.

പൌരോഹിത്യവിഷയത്തിൽ നമുക്കുള്ള ഈ പ്രത്യേകതാൽപര്യത്തിനു ലക്ഷ്യങ്ങളില്ലാതില്ല. എന്തെന്നാൽ നാം പുതിയ സെമ്മിനാരികൾ വളരെയധികം സ്ഥാപിച്ചിട്ടുണ്ട്; നിലവിലിരുന്ന മറ്റു പലതിനും അവയുടെ സ്ഥിതിക്കനുരൂപമായ പുതിയ കെട്ടിടങ്ങൾ വളരെ പണം ചിലവുചെയ്തു പണിയിച്ചുകൊടുത്തിട്ടുണ്ട്; മറ്റു ചിലതിന്, അവയുടെ ഉൽകൃഷ്ടമായ ഉദ്ദേശ്യം പൂർവ്വോപരി യോഗ്യമായി നിർവ്വഹിക്കാൻ പര്യാപ്തമായിരിക്കുന്നതിനുവേണ്ടി, ധനാഗമമാർഗ്ഗങ്ങളേയും അദ്ധ്യാപകന്മാരേയും ക്രമതൽ ഉദാരമായി പ്രദാനംചെയ്തിട്ടുമുണ്ട്.

നമ്മുടെ പൌരോഹിത്യജൂബിലിയെ, സുസ്മരണകളാൽ അനുഗൃഹീതമായ ആ സംഭവത്തെ, ഏതാണ്ട് ആഘോഷപൂർവ്വം കൊണ്ടാടുന്നതിനു നാം അനുമതി നല്കുകയുണ്ടായല്ലൊ; ആ അവസരത്തിൽ ലോകത്തിന്റെ നാനാഭാഗത്തുനിന്നും നമ്മുടെനേരെ പ്രദർശിപ്പിച്ച പുത്രനിർവ്വിശേഷമായ സ്നേഹലക്ഷ്യങ്ങളെ പൈതൃകമായ ചാരിതാർത്ഥ്യത്തോടുകൂടി നാം പ്രോത്സാഹിപ്പിക്കുകയും ചെയ്യുവല്ലൊ. അതിനു കാരണവുമുണ്ട്; അതെന്തെന്നാൽ, പ്രസ്തുത ആഘോഷങ്ങളെ പൌരോഹിത്യമെന്ന മഹനീയപദത്തോട് അവശ്യം കാണിക്കേണ്ട ഭക്തിപ്രകടനങ്ങളായിട്ടാണു നാം ഗണിച്ചതു്; അല്ലാതെ, വ്യക്തിപരമായി നമ്മുടെനേരെ പ്രകടിപ്പിച്ച ബഹുമാനമായിട്ടല്ല.

വൈദികവിദ്യാലയങ്ങളിലെ പാഠപദ്ധതി പരിഷ്കരിച്ചതും വേറൊരു ലക്ഷ്യമാണ്. 'ദേവുസ് ഷിയേൻസിയാരും ദോമിനുസ്' എന്നു തുടങ്ങുന്ന 1931 മേയ്

24-ാംനു-യിലെ അപ്പൊസ്തോലികലേഖനത്തിൽ പ്രസ്തുത പരിഷ്കാരം നിർദ്ദേശിച്ചിട്ടുണ്ട്. പുരോഹിതന്മാരുടെ സംസ്കാരവും പഠനവും പൂർവ്വോപരി വിപുലവും ഉൽകൃഷ്ടവുമാക്കണമെന്നുള്ളതാണ് ആ നിർദ്ദേശത്തിൽ നമുക്കുണ്ടായിരുന്ന പ്രത്യേകോദ്ദേശ്യം.

പൌരോഹിത്യമെന്ന ഈ വിഷയത്തിന്റെ പ്രാധാന്യം അത്യന്തം മഹനീയവും സാർവ്വത്രികവുമാകയാൽ, അതിനെക്കുറിച്ചു പ്രതിപാദിക്കുന്നതിന് ഒരു പ്രത്യേക ചാക്രികലേഖനം എഴുതുന്നതു് ഉചിതമാണെന്നു നാം വിചാരിക്കുന്നു. എന്തുകൊണ്ടെന്നാൽ കത്തോലിക്കവിശ്വാസമെന്ന അമൂല്യമായ ദൈവദാനം ലഭിച്ചുകഴിഞ്ഞിട്ടുള്ള വിശ്വാസികൾ കത്തോലിക്കപൌരോഹിത്യത്തിന്റെ ഉൽകൃഷ്ടതയും ദൈവനിയോഗത്താൽ അതു ലോകത്തിൽവഹിക്കേണ്ട ഉദ്യോഗവും വിലമതിക്കണമെന്നാണു നമ്മുടെ ആഗ്രഹം; ആ വിശ്വാസം ഇനിയും ലഭിച്ചിട്ടില്ലാത്തവരും, എന്നാൽ പരമാർത്ഥബുദ്ധിയോടും നിഷ്കളങ്കഹൃദയത്തോടുംകൂടി സത്യാന്വേഷണം ചെയ്യുന്നവരുമായ ആളുകളും വിശ്വാസികളെപ്പോലെതന്നെ അതിനെ വിലമതിക്കണമെന്നും നാം ആഗ്രഹിക്കുന്നു; സർവ്വോപരി പൌരോഹിത്യസ്ഥാനത്തേയ്ക്കു വിളിക്കപ്പെട്ടവർക്കുതന്നെ ആ സ്ഥാനത്തിന്റെ മാഹാത്മ്യത്തെക്കുറിച്ചു പൂർവ്വാധികം ജ്ഞാനവും മതിപ്പും ഉണ്ടായിരിക്കണമെന്നും നമുക്ക് ആഗ്രഹമുണ്ട്. മനുഷ്യപരിത്രാണജൂബിലിമഹം നിത്യനഗരമായ റോമയിൽ തുടങ്ങിയതു വിസ്തൃതമാക്കപ്പെട്ടതനുസരിച്ചു കത്തോലിക്കലോകമാസകലം ആചരിക്കപ്പെട്ട വർഷം പര്യവസാനിക്കുന്ന ഈ ഘട്ടത്തിൽ

പ്രസ്തുത വിഷയത്തെക്കുറിച്ചു പ്രതിപാദിക്കുന്നതു വിശേഷാൽ സമുചിതമായിരിക്കും. ജൂബിലിസംബന്ധിച്ചു് അനന്യസാധാരണമായി ലൂട്ടിൽ നടത്തിയ ആഘോഷങ്ങൾ സൂയ്ദ്ധാസ്തമനത്തെപ്പോലെ ആ മഹാമഹത്തിന്റെ മഹനീയമായ പര്യവസാനമായിരുന്നു. ആ പുണ്യതീർത്ഥത്തിൽ, അമലോത്ഭവമാതാവിന്റെ പരിരക്ഷയിൽ, സമസ്ത വൈദികഭാഷകളും ഉപയോഗിക്കുന്നവരും സമസ്തറീത്തുകളിൽ പെട്ടവരുമായ കത്തോലിക്കാപുരോഹിതന്മാർ സമ്മേളിച്ചു്, വിശുദ്ധ കുബ്ബാനയുടെ സന്നിധിയിൽ മൂന്നു ദിവസം മുഴുവനും ഭക്തിസമൃദ്ധവും അനന്യസ്പൃതവുമായ ആരാധന നടത്തി. വിശേഷേണ വിശുദ്ധമായ ഈ വത്സരത്തിൽ അഭ്രതപൂർവ്വമായ ഉത്സാഹത്തോടുകൂടി സൽപ്രവൃത്തികളിൽ വ്യാപൃതരായിരുന്ന നമ്മുടെ പ്രിയപ്പെട്ട അഭിവന്ദ്യപുരോഹിതന്മാർ ഈ ജൂബിലിമഹത്തിനു വിഷയീഭവിച്ച മനുഷ്യപരിത്രാണകർമ്മത്തിന്റെ ശുശ്രൂഷകന്മാരാകുന്നു. "കോപാട് നുപ്പെർ" [1] എന്ന അപ്പസ്തോലികലേഖനത്തിൽ നാം പ്രസ്താവിച്ചിരുന്നപോലെ, ഇക്കൊല്ലത്തെ ആഘോഷങ്ങൾക്കു വിഷയീഭവിച്ച സംഭവങ്ങളിൽ ഒന്നു പൌരോഹിത്യസ്ഥാപനത്തിന്റെ പത്തൊൻപതാം ശതാബ്ദപൂർത്തിയാണെന്നുള്ളതു പ്രസ്താവയോഗ്യമത്രെ.

പരിപൂർത്തിവരുത്താനാണു് ഈ ലേഖനം

നാം ഇതിനുമുമ്പു പ്രസിദ്ധപ്പെടുത്തിയ ചാക്രികലേഖനങ്ങളുടെ ഉദ്ദേശ്യം ആധുനികകാലത്തെ ജീവിതഗതിയെ പ്രത്യേകം അഭിമുഖീകരിക്കുന്ന എത്രയും ഗൌ

രവാവഹങ്ങളായ പ്രശ്നങ്ങളിന്മേൽ കത്തോലിക്കമത തത്വങ്ങളുടെ പ്രകാശം പ്രക്ഷേപിക്കണമെന്നുള്ളതായിരുന്നു. ഈ ചാക്രികലേഖനമാകട്ടെ സ്വപ്രകൃതത്താൽ അവയുടെ ഗണത്തിൽ ഒരു സ്ഥാനം അർഹിക്കുന്നതും അവസരോചിതം അവയ്ക്കു പൂർത്തിവരുത്തുന്നതുമാണ്. എങ്ങനെയെന്നാൽ പുരോഹിതൻ തൽസ്ഥാനത്തിന്റെ സ്വഭാവത്താലും ദൈവനിയോഗത്താലും യുവജനങ്ങളുടെ ക്രിസ്തീയവിദ്യാഭ്യാസകാര്യത്തിൽ പ്രധാനപ്രേഷിതത്വം വഹിക്കേണ്ടവനും അക്ഷീണം പ്രയത്നിക്കേണ്ടവനുമാകുന്നു;[1] പുരോഹിതൻ ദൈവനാമത്തിൽ ക്രിസ്തീയവിവാഹത്തെ ആശീർവ്വദിക്കുകയും, ധനമോഹത്തിന്റെയും വിഷയാസക്തിയുടെയും പ്രേരണയാൽ അതിനെതിരായി നടത്തപ്പെടുന്ന ആക്രമണങ്ങളിൽനിന്നും, അതിന്റെ പിടിയിൽനിന്നൊഴിയുവാൻ ചെയ്യപ്പെടുന്ന സൂത്രങ്ങളിൽനിന്നും അതിന്റെ വിശുദ്ധിയേയും അഭേദ്യതയേയും രക്ഷിക്കുകയും ചെയ്യുന്നു;[2] പുരോഹിതൻ സാമൂഹ്യകമാത്സര്യങ്ങൾക്ക് എത്രയും ഫലപ്രദമായവിധം പരിഹാരമുണ്ടാക്കുകയോ, കുറഞ്ഞപക്ഷം അവയെ ലഘൂകരിക്കുകയോ ചെയ്യുന്നു; കാരണം, അദ്ദേഹം ക്രിസ്തീയ സാഹോദര്യം പ്രസംഗിക്കുന്നു; എല്ലാവരും നീതിപരവും സ്നേഹപരവുമായ കർത്തവ്യങ്ങളെ പരസ്പരം അനുഷ്ഠിക്കേണ്ടതാണെന്ന് ഉപദേശിക്കുന്നു; ധാർമ്മികവും സാമ്പത്തികവുമായ കഷ്ടതകളാൽ സന്തപ്തങ്ങളായ ഹൃദയങ്ങൾക്കു സമാശ്വാസം നൽകുന്നു; എല്ലാ മനുഷ്യർക്കും പ്രാപിക്കുവാൻ കഴിയുന്നതും, പ്രാപിക്കുവാൻ കടമയുള്ളതുമായ ആ ഏകയഥാർത്ഥസമ്പത്തിനെ ധനവാന്മാർക്കും

ദരിദ്രന്മാക്കും ചൂണ്ടിക്കാണിച്ചുകൊടുക്കുന്നു;[1] അവസാനമായി, സന്മനസ്സുള്ള എല്ലാ മനുഷ്യരും അനുഷ്ഠിക്കേണ്ടതാണെന്നു നാം ഉപദേശിച്ചിരുന്ന പാപപരിഹാരകൃത്യങ്ങളും പ്രായശ്ചിത്തപ്രവൃത്തികളും സംബന്ധിച്ചു നടത്തിയ പ്രചരണപ്രസ്ഥാനത്തിലും പുരോഹിതൻ എത്രയും ധർമ്മധീരനായ നേതാവായി വർത്തിക്കുന്നു;[2] ദൈവദൂഷണങ്ങളും അധർമ്മങ്ങളും പാതകങ്ങളും മനുഷ്യലോകത്തെ അപമാനപ്പെടുത്തിക്കൊണ്ടിരിക്കുന്ന ഈ നാളുകളിൽ, ഇതുവരെ ഒരിക്കലും ഉണ്ടായിട്ടില്ലാത്തവിധം അത്രയധികം ദൈവത്തിന്റെ കാരുണ്യവും മാപ്പും അവശ്യമായിരിക്കുന്ന ഇക്കാലത്തു്, പാപപരിഹാരപ്രവൃത്തികൾ അത്യന്താപേക്ഷിതങ്ങളാണല്ലൊ. സഭാശത്രുക്കൾപോലുമെന്നുതന്നെയും പൌരോഹിത്യത്തിന്റെ പ്രാണസമാനമായ പ്രാധാന്യം നല്ലവണ്ണം ബോധപ്പെട്ടിട്ടുണ്ടു്. എന്തുകൊണ്ടെന്നാൽ, നമുക്കു പ്രിയപ്പെട്ട രാജ്യമായ മെക്സിക്കോയുടെ കാര്യത്തിൽ നാം സവ്യസനം പ്രസ്താവിച്ചിരുന്നതുപോലെ, പൌരോഹിത്യത്തെ പ്രത്യേകം ലക്ഷ്യമാക്കിയാണു് അവർ ആക്രമണം നടത്തുന്നതു്;[3] പൌരോഹിത്യം നശിപ്പിക്കാനാണു അവർ ആഗ്രഹിക്കുന്നതു്; അതു സാധിച്ചാൽ, അവർ പലപ്പോഴും ശ്രമിച്ചിട്ടുള്ളതും എന്നാൽ ഒരിക്കലും സഫലമാകാത്തതുമായ ആ കാര്യം—സഭയുടെ നാശം—സാധിക്കുന്നതിനുള്ള തടസ്സങ്ങൾ നീങ്ങുമെന്നാണു് അവരുടെ പ്രത്യാശ.

15954

II.

പുരോഹിതന്റെ അധികാരങ്ങൾ

പൌരോഹിത്യം മനുഷ്യസഹജമായ ഒരാകാംക്ഷയ്ക്ക് നിവൃത്തിവരുത്തുന്നു

പൌരോഹിത്യം തങ്ങൾക്ക് ആവശ്യമായ ഒരു സ്ഥാപനമാണെന്നുള്ള ബോധം മനുഷ്യവർഗ്ഗത്തിന് എല്ലാക്കാലത്തും ഉണ്ടായിരുന്നു. ദൈവത്തിന്റേയും മനുഷ്യരുടേയും മദ്ധ്യവർത്തി എന്ന ഉദ്യോഗം വഹിക്കുന്നവരും, ആ ഉദ്യോഗം സ്വജീവിതലക്ഷ്യമാക്കി അതിന്റെ നിർവ്വഹണത്തിനു തങ്ങളെത്തന്നെ സമർപ്പിക്കുന്നവരും, മനുഷ്യസമുദായത്തിന്റെ നാമത്തിൽ ദൈവത്തിനു പരസ്യമായി പ്രാർത്ഥനകളും ബലികളും അർപ്പിക്കാൻ തിരഞ്ഞെടുത്തു നിശ്ചയിക്കപ്പെട്ടവരുമായ ആളുകളെയാണ് പുരോഹിതപദംകൊണ്ടു വിവക്ഷിക്കുന്നതു്. പുരോഹിതന്മാരുടെ ആവശ്യമിതാണ്: ദൈവത്തിനു പരസ്യവും സംഘടിതവുമായ ആരാധന നൽകേണ്ടതു ഒരു സമുദായമെന്ന നിലയിൽ മനുഷ്യരുടെ കർത്തവ്യമാകുന്നു. ദൈവത്തെ തങ്ങളുടെ പരമനാഥനും ആദികാരണവുമായി അംഗീകരിക്കുന്നതിനും, തങ്ങൾ പ്രാപിക്കേണ്ട അവസാനലക്ഷ്യം ദൈവമായിരിക്കകൊണ്ടു് അവിടുത്തോടു് അടുക്കുവാൻ ശ്രമിക്കുന്നതിനും, അവിടുത്തെ നേരെ കൃതജ്ഞത പ്രകാശിപ്പിക്കുന്നതിനും, പാപപരിഹാരപ്രവൃത്തികൾ ചെയ്തു് അവിടുത്തോടു മാപ്പപേക്ഷി

ക്കുന്നതിനും മനുഷ്യസമുദായത്തിനു ചുമതലയുണ്ട്. വാസ്തവത്തിൽ ഏതെല്ലാം ജാതികളുടെ ആചാരമുറകളെക്കുറിച്ചു നമുക്കറിവുണ്ടോ, അവരുടെയെല്ലാം ഇടയിൽ പുരോഹിതന്മാർ ഉണ്ടായിരുന്നതായി കാണാം. ഇതിനു വ്യത്യസ്തമുണ്ടെങ്കിൽ, അതു്, മനുഷ്യപ്രകൃതിയുടെ എറവും പരിശുദ്ധമായ നിയമങ്ങൾക്കു വിരുദ്ധമായി പ്രവർത്തിക്കുവാൻ ബലപ്രയോഗത്താൽ നിർബ്ബന്ധിതരായ ജാതികളുടെയിടയിൽ മാത്രമാണു്. പുരോഹിതന്മാർ വ്യാജദേവന്മാരുടെ ഉപാസകന്മാരായി തീർന്നിട്ടുണ്ടായിരിക്കാം; ശരിതന്നെ; എങ്കിലും എവിടെയെല്ലാം മതാരാധന അനുഷ്ഠിക്കപ്പെട്ടിട്ടുണ്ടോ, എവിടെയെല്ലാം ബലിപീഠങ്ങൾ സ്ഥാപിക്കപ്പെട്ടിട്ടുണ്ടോ, അവിടെയെല്ലാം പുരോഹിതന്മാരുമുണ്ടായിരുന്നിട്ടുണ്ടു്; അവരോടു ബഹുമാനവും വണക്കവും പ്രത്യേകവിധത്തിൽ പ്രകാശിപ്പിക്കുകയും ചെയ്തിട്ടുണ്ടു്.

എന്നാൽ ദൈവികമായ ആവിഷ്കരണം മദ്ധ്യാഹ്നദശയെ പ്രാപിച്ചുകഴിഞ്ഞപ്പോൾ പൌരോഹിത്യം അദ്ഭുതപൂർവ്വമായ മാഹാത്മ്യത്താൽ സമലംകൃതമായി. പഴയനിയമകാലത്തു ജീവിച്ചിരുന്ന അഭിവന്ദ്യനും അഗ്രാഹ്യചരിതനുമായ മെൽക്കിസേദേക്ക് എന്ന പുരുഷനിൽ ഈ മാഹാത്മ്യത്തിന്റെ പൂർവ്വഗതമായ പ്രതിഫലനം കാണാവുന്നതാണു്.[1] തന്മൂലം പുരോഹിതനും രാജാവുമായിരുന്ന അദ്ദേഹത്തെ നമ്മുടെ നാഥനായ ഈശോമിശിഹായുടെയും അവിടുത്തെ പൌരോഹിത്യത്തിന്റെയും പൂർവ്വപ്രതിരൂപമായി വി. പൌലോസ് പരിഗണിക്കുന്നു.[2]

പുരോഹിതൻ, വിശുദ്ധ പൌലോസിന്റെ മഹനീയമായ നിവ്വചനമനുസരിച്ച്, "മനുഷ്യനിൽനിന്നു തിരഞ്ഞെടുക്കപ്പെട്ടകയും, ദൈവത്തെ സംബന്ധിക്കുന്ന കാര്യങ്ങളിൽ മനുഷ്യക്കായി നിയോഗിക്കപ്പെട്ടകയും ചെയ്തിട്ടുള്ള" ആളാണ്. മാനുഷികവും ക്ഷണഭംഗുരവുമായ കാര്യങ്ങൾ എത്ര ഉൽകൃഷ്ടങ്ങളും അമൂല്യങ്ങളുമായിരുന്നാലും ശരി, അതുകൾക്കായിട്ടല്ല പുരോഹിതന്മാർ നിയോഗിക്കപ്പെട്ടിരിക്കുന്നത്; പ്രത്യുത ദിവ്യങ്ങളും സനാതനങ്ങളുമായ കാര്യങ്ങൾക്കായിട്ടാണ്. സനാതനങ്ങളായ ഈ കാര്യങ്ങൾ, ഒരുപക്ഷെ അജ്ഞാനംകൊണ്ടായിരിക്കാം, നിരാകരിക്കപ്പെട്ടകയും നിന്ദിക്കപ്പെട്ടകയും ചെയ്യുന്ന വരാം; അല്ലെങ്കിൽ, പല പ്പോഴും നടന്നിട്ടുള്ളതും ഇപ്പോഴും നടക്കുന്നതുമായ പരിതാപകരസംഭവങ്ങളിൽനിന്നു തെളിയുന്നതുപോലെ, അവ പൈശാചികമായ കോപത്തോടും ദുഷ്ടതയോടും ക്രൂടി ആക്രമിക്കപ്പെട്ടെന്നും വരാം; എങ്കിലും ആ കാര്യങ്ങൾ മനുഷ്യവർഗ്ഗത്തിന്റെ വ്യക്തിപരവും സാമൂഹ്യവുമായ അഭിലാഷങ്ങളിൽ പ്രഥമസ്ഥാനം വഹിച്ചുകൊണ്ടു് എല്ലാക്കാലത്തും നിലകൊള്ളുകതന്നെ ചെയ്യുന്നു. എന്തുകൊണ്ടെന്നാൽ, താൻ ദൈവത്തെ ലക്ഷ്യമാക്കി സൃഷ്ടിക്കപ്പെട്ടിട്ടുള്ളതാണെന്നും, ദൈവത്തെ പ്രാപിക്കാതെ തനിക്കു സമാശ്വാസം ലഭിക്കുകയില്ലെന്നും മനുഷ്യഹൃദയത്തിന് അപ്രതിഹതമായ ബോധമുണ്ട്.

പഴയനിയമത്തിൽ

പഴയനിയമത്തിൽ പൌരോഹിത്യസ്ഥാനം ഏർപ്പെടുത്തിയിരുന്നു. ആ നിയമം ദൈവത്താൽ നിർദ്ദേ

ശിക്കപ്പെട്ടതും മോശയാൽ പ്രഖ്യാപനം ചെയ്യപ്പെട്ടതുമായിരുന്നതിനാൽ ആ പൌരോഹിത്യം ദൈവസ്ഥാപിതമായിരുന്നു. ആ പുരോഹിതന്മാരുടെ കർത്തവ്യം, വസതി, കർമ്മക്രമം, എന്നിവയെ സംബന്ധിച്ചുള്ള സകലവും വിവരമായി പ്രസ്തുതനിയമത്തിൽ വ്യവസ്ഥാപിക്കുകയും ചെയ്തിരുന്നു. ദൈവം ആ യഹൂദജനങ്ങളുടെ കായ്ത്തിൽ അത്യന്തം ശ്രദ്ധ പതിച്ചിരുന്നതുകൊണ്ട്, ഇനിയും അപരിഷ്കൃതമായിരുന്ന അവരുടെ മനസ്സിൽ മഹത്തരവും മൌലികവുമായ ഒരു തത്വബോധം പതിക്കണമെന്ന അവിടുത്തെയ്ക്ക് ഉദ്ദേശ്യമുണ്ടായിരുന്നതുപോലെ കാണുന്നുണ്ട്. തിരഞ്ഞെടുക്കപ്പെട്ട ആ ജനത്തിന്റെ ചരിത്രത്തിൽ ആദ്യന്തം നിലനിന്നതും, അവരുടെ ഇടയിലുണ്ടായിരുന്ന സകലസംഭവങ്ങൾക്കും നിയമങ്ങൾക്കും സാമുദായികവ്യവഹാരങ്ങൾക്കും ഉദ്യോഗങ്ങൾക്കും പ്രകാശദാനം ചെയ്യുവാൻ ഉദ്ദേശിക്കപ്പെട്ടിരുന്നതുമായ പ്രസ്തുതബോധം ബലിയേയും പൌരോഹിത്യത്തേയും കുറിച്ചുള്ളതായിരുന്നു. ഈ രണ്ടു കായ്ങ്ങളും വരുവാനിരിക്കുന്ന മിശിഹായിലുള്ള വിശ്വാസംമൂലം ആശയുടേയും മഹത്വത്തിന്റേയും ശക്തിമാഹാത്മ്യത്തിന്റേയും ആദ്ധ്യാത്മികമായ മോചനത്തിന്റേയും ഉൽപത്തിസ്ഥാനമായിത്തീരണമെന്നായിരുന്നു ദൈവനിശ്ചയം. [1] വിഭവസമ്പന്നവും പ്രതാപവത്തും എന്ന നിലയിൽ ആശ്ചര്യപാത്രമായിരുന്ന ശ്ലോമോന്റെ ദേവാലയം അതിലെ ആരാധനക്രമങ്ങളുടെ വിഷയത്തിൽ കൂടുതൽ ആശ്ചര്യാവഹമായിരുന്നു. ഏക സത്യദൈവത്തിനു ഭൂമിയിൽ അധിവാസയോഗ്യമായി

പണിയിക്കപ്പെട്ട ക്രൂരമായിരുന്ന ആ ദേവാലയം. പൂ
വ്വപ്രതിരൂപങ്ങളാലും സാദൃശ്യങ്ങളാലും ലക്ഷീകരിക്ക
പ്പെട്ടതും, തങ്ങളെ പ്രതിനിധീകരിക്കുന്ന പരിശുദ്ധാപു
രുഷനെന്ന നിലയിൽ പ്രധാന പുരോഹിതനെ നമ്രമു
ഖനായി നമസ്കരിക്കുന്നതിനു ദിഗ്വിജയിയായ അല
ക്സാൻറർ മഹാരാജാവിനെ പ്രേരിപ്പിച്ചതുമായ ആ ബ
ലിയുടേയും ആ പൌരോഹിത്യത്തിൻേറയും മാഹാത്മ്യ
ത്തെ കീർത്തിക്കുന്ന ഒരു ഉൽകൃഷ്ടസ്മാരകവുമായിരുന്ന
ആ ദേവാലയം. [1] അതിലെ പൂജാപാത്രങ്ങളെ ഉഷ്ണ്പ്ര
യോഗം ചെയ്യുവെന്ന കാരണത്താൽ ഉഷ്ണനായ ബൽ
ത്താസർരാജാവിനു ദൈവം ശിക്ഷ നൽകുകയും ചെ
യ്തിട്ടുണ്ട്. [2] എന്നാൽ അത്യൽകൃഷ്ടവും അതിമഹനീയ
വുമായ ഈ ബഹുമതി പഴയനിയമത്തിലെ പൌരോ
ഹിത്യത്തിനു ലഭിക്കുവാൻ കാരണം, അതു ക്രിസ്തീയ
പൌരോഹിത്യത്തിൻെറ—സത്യമായ ദൈവവും സത്യ
മായ മനുഷ്യനും ലോകരക്ഷകനുമായ ഈശോമിശിഹാ
യുടെ ദിവ്യരക്തത്താൽ മുദ്രിതവും നവവും സനാതനവു
മായ ഉടമ്പടിപ്രകാരമുള്ള പൌരോഹിത്യത്തിൻെറ—
ഒരു പൂർവ്വച്ഛായയാണെന്നുള്ളതാണ്.

പുതിയ നിയമത്തിൽ

ക്രിസ്തീയപൌരോഹിത്യത്തിൻെറ ഏതാദ്ദശമായ
മഹത്വവും ഉൽകൃഷ്ടതയും കർത്തവ്യവും പുറജാതികളുടെ
അപ്പൊസ്തോലൻ താഴെക്കാണുന്ന വാക്യത്തിൽ പരി
പൂർണ്ണമായി സംഗ്രഹിച്ചിട്ടുണ്ട്:— "മനുഷ്യർ ഞങ്ങളെ
മിശിഹായുടെ ശുശ്രൂഷകരും ദൈവരഹസ്യങ്ങളെ കൈ

കായ്യും ചെയ്യുന്നവരുമായി ഗണിക്കട്ടെ". [1] പുരോഹിതൻ മിശിഹായുടെ ശുശ്രൂഷകൻ—ദിവ്യപരിത്രാതാവിന്റെ തൃക്കരങ്ങളിൽ ഉപകരണമായി വർത്തിക്കുന്നവൻ—ആകുന്നു. സാവ്വലൌകികമായ വ്യാപ്തിയോടും ദൈവികമായ ഫലോൽപാദനത്തോടും കൂടിയതും, ലോകത്തിൽ അത്ഭുതാവഹമായ പരിവർത്തനമുണ്ടാക്കിയതുമായ പരിത്രാണജോലിയെ അദ്ദേഹം തുടർന്നുകൊണ്ടിരിക്കുന്നു. തന്നിമിത്തം പുരോഹിതൻ "മറെറാരുക്രിസ്തുവാണു" എന്നു ന്യായമായി പറയാവുന്നതാണു്. എന്തുകൊണ്ടെന്നാൽ, അദ്ദേഹത്തിന്റെ വ്യക്തിത്വം ഒരുപ്രകാരത്തിൽ ക്രിസ്തുവിന്റെ വ്യക്തിത്വത്തിന്റെ തുടർച്ചയാകുന്നു. "പിതാവു് എന്നെ അയച്ചതുപോലെ ഞാൻ നിങ്ങളെയും അയയ്ക്കുന്നു" എന്നാണല്ലൊ അവിടുന്നു പുരോഹിതന്മാരോടു് അരുളിച്ചെയ്തതു്. [2] അതിനാൽ പുരോഹിതൻ ക്രിസ്തുവിനെത്തുടർന്നു് "ആത്മാക്കളിൽ ദൈവത്തിനു മഹത്വവും, ഭൂമിയിൽ സന്മനസ്സുള്ളവർക്കു സമാധാനവും" നൽകിക്കൊണ്ടിരിക്കുന്നു. [3]

ടെൻറിലെ സൂനഹദോസു്

ഇതിനുള്ള തെളിവെന്തെന്നാൽ, ഒന്നാമതായി ടെൻറിലെ സൂനഹദോസു് പഠിപ്പിക്കുന്നതുപോലെ, ഈശോമിശിഹാ ഒടുവിലത്തെ അത്താഴസമയത്തു പുതിയനിയമത്തിലെ ബലിയും പൌരോഹിത്യവും സ്ഥാപിച്ചു. "നമ്മുടെ കർത്താവും ദൈവവുമായ അവിടുന്നു തൻറെ കുരിശുമരണമാകുന്ന ബലിമുഖേന, നിത്യമായ പരിത്രാണം സാധിക്കുന്നതിനുവേണ്ടി, ഏന്നേയ്ക്കുമാ

യി ഒരിക്കൽ, തന്നെത്തന്നെ പിതാവായ ദൈവത്തിനു സമർപ്പിക്കണമെന്നു നിശ്ചയിച്ചു. എങ്കിലും മരണത്തോടുകൂടി തന്റെ പൌരോഹിത്യം അവസാനിക്കേണ്ടതല്ലാതിരുന്നതിനാൽ, [1] അവിടുന്ന് ഒറ്റിക്കൊടുക്കപ്പെട്ട രാത്രിയിൽ, ഒടുവിലത്തെ അത്താഴസമയത്ത്, [2] തന്റെ പ്രിയപത്നിയായ തിരുസഭയുടെ ഉപയോഗത്തിനുവേണ്ടി ഒരു ബലി ഏർപ്പെടുത്തണമെന്നും നിശ്ചയിച്ചു. ആ ബലി (മനുഷ്യപ്രകൃതിക്ക് അനുയോജ്യമായവിധം) ദൃഷ്ടിഗോചരമായിരിക്കണമെന്നും, കുരിശിൽ കിടന്നു രക്തം ചിന്തിക്കൊണ്ട് എന്നേയ്ക്കുമായി ഒരിക്കൽ സമർപ്പിച്ച ബലിയുടെ ആവർത്തനമായിരിക്കണമെന്നും, തന്റെ സ്മരണയെ ലോകാവസാനംവരെ ശാശ്വതീകരിക്കണമെന്നും, [3] അതിന്റെ രക്ഷാകരമായ ശക്തിയുടെ പ്രയോഗത്താൽ നാം ദിനംപ്രതി ചെയ്യുന്ന പാപങ്ങൾക്കു മോചനം നൽകണമെന്നുംകൂടി അവിടുന്നു നിശ്ചയിച്ചു. അതനുസരിച്ച്, മെൽക്കിസദേക്കിന്റെ പൌരോഹിത്യമുറപ്രകാരം എക്കാലത്തേയ്ക്കുമായി പുരോഹിതനാക്കപ്പെട്ടവനെന്ന നിലയിൽ, [4] അപ്പത്തിന്റേയും വീഞ്ഞിന്റേയും രൂപങ്ങളിൽ തന്റെ ശരീരത്തേയും രക്തത്തേയും പിതാവായ ദൈവത്തിനു സമർപ്പിച്ചു. അനന്തരം അവയെ അതേരൂപങ്ങളിൽത്തന്നെ ഭക്ഷിക്കുന്നതിനായി അപ്പൊസ്തോലന്മാർക്കു കൊടുക്കുകയും, (ഇവരെ ആ സമയത്ത് അവിടുന്നു പുതിയനിയമത്തിലെ പുരോഹിതന്മാരാക്കുന്നുണ്ടായിരുന്നു) "എന്റെ സ്മാരകമായി നിങ്ങൾ ഇതു ചെയ്യുവിൻ" എന്ന് അരുളിച്ചെയ്തുകൊണ്ട് അപ്പൊസ്തോലന്മാരോടും അവരുടെ അനുഗാമിക

ളായ മറവു പുരോഹിതന്മാരോടും അതേബലി സമർപ്പിക്കുവാൻ ആജ്ഞാപിക്കുകയും ചെയ്തു." [1]

അന്നുമുതൽ അപ്പൊസ്തോലന്മാരും അവരുടെ അനുഗാമികളായ മറവു പുരോഹിതന്മാരും ദൈവനാമം പുറജാതികളുടെ ഇടയിൽ മഹത്വപ്പെടുന്നതിനു കാരണമാകുമെന്നു മലാക്കി പ്രവചനം ചെയ്തിട്ടുള്ളതായ ആ "നിർമ്മലബലി" [2] ദൈവത്തിനു് അർപ്പിക്കാൻ തുടങ്ങി. അതേ ബലിതന്നെയാണു ലോകത്തിന്റെ എല്ലാഭാഗങ്ങളിലും, ദിനരാത്രങ്ങളിലെ എല്ലാ നാഴികകളിലും, ഇന്നു് അർപ്പിക്കപ്പെടുന്നതു്. കാലാവസാനംവരെ ഇടവിടാതെ അതു് അർപ്പിക്കപ്പെടുകയും ചെയ്യും. ഈ ബലി മറെറാന്നിന്റെ അടയാളമായി ചെയ്യപ്പെടുന്ന കേവലം സാങ്കേതികമായ ഒരു കർമ്മമല്ല; പ്രത്യുത, പാപികർക്കു ദൈവത്തിന്റെ മാപ്പു വാങ്ങിക്കൊടുക്കുകയെന്ന ഫലം യഥാർത്ഥത്തിൽ പുറപ്പെടുവിക്കുന്ന യഥാർത്ഥമായ യാജ്ഞികകർമ്മമാണു്. "ഈ ബലിസമർപ്പണത്തിൽ സന്തുഷ്ടനായി ദൈവം പാപികർക്കു പ്രസാദവരവും പശ്ചാത്തപിക്കുന്നതിനുള്ള അനുഗ്രഹവും ഏററവും വലിയ പാപങ്ങളിൽനിന്നുപോലും മോചനവും പ്രദാനം ചെയ്യുന്നു". [3] ഇതിന്റെ കാരണവും പ്രസ്തുതസൂനഹദോസു് താഴെക്കാണുന്ന വാക്കുകളിൽ പ്രകാശിപ്പിച്ചിട്ടുണ്ടു്. "എന്തുകൊണ്ടെന്നാൽ കുരിശിൽക്കിടന്നു് അന്നു് ആത്മസമർപ്പണം ചെയ്ത അതേ ക്രിസ്തുതന്നെയാണു് ഇന്നു തന്റെ ശുശ്രൂഷകരായ പുരോഹിതന്മാർമുഖേന ആത്മസമർപ്പണം ചെയ്യുന്നതു്; രണ്ടു ബലികളിലും സമർപ്പിക്കപ്പെടുന്ന വസ്തുവും ഒന്നുതന്നെയാണു്; സമർപ്പണം

ചെയ്യുന്ന വിധത്തിൽ മാത്രമേ രണ്ടുംതമ്മിൽ വ്യത്യാസമുള്ളൂ." [1]

ഇങ്ങനെയിരിക്കെ, പുരോഹിതനെന്ന നിലയിൽ ഒരു മനുഷ്യൻ പ്രാപിക്കുന്ന മാഹാത്മ്യവും പ്രാഭവവും വാചാമഗോചരമത്രേ. എന്തുകൊണ്ടെന്നാൽ, ഈ ശോമിശിഹായുടെ തിരുശരീരത്തിന്മേൽ അദ്ദേഹത്തിന് അധികാരം സിദ്ധിക്കുന്നു; അദ്ദേഹം അതിനെ അൾത്താരയിൽ സന്നിഹിതമാക്കുന്നു; അദ്ദേഹം അതിനെ, മിശിഹായുടെ നാമത്തിൽത്തന്നെ, ദൈവത്തിന്റെ അനന്തമായ സന്തുഷ്ടിക്കു നിദാനമായ ബലിയായി ദൈവസന്നിധിയിൽ സമർപ്പിക്കുകയും ചെയ്യുന്നു. "ഈ സംഗതികൾ അത്യന്തം അത്ഭുതാവഹങ്ങളാണ്; അത്ഭുതങ്ങളുടെ പരമകാഷ്ഠയെ അതിശയിക്കത്തക്കവിധം അവ അത്രയധികം അത്ഭുതാവഹങ്ങളാണ്" എന്നു വി: യോഹന്നാൻ ക്രിസോസ്തോമോസ് പ്രകീർത്തിക്കുന്നതിൽ തെല്ലും അശ്ചര്യമില്ലതന്നെ. [2]

ക്രിസ്തുവിന്റെ ഗൂഢാർത്ഥശരീരം

മിശിഹായുടെ യഥാർത്ഥശരീരത്തിന്മേൽ മാത്രമല്ല, അവിടുത്തെ ഗൂഢാർത്ഥശരീരത്തിന്മേലും പുരോഹിതന് അധികാരം സിദ്ധിച്ചിട്ടുണ്ട്. വന്ദ്യ സഹോദരരേ, മിശിഹായുടെ ഗൂഢാർത്ഥശരീരത്തെ പുരസ്കരിച്ചുള്ള മനോഹരസിദ്ധാന്തത്തെ ഇവിടെ സവിസ്തരം പ്രതിപാദിക്കണമെന്നില്ലല്ലോ. ഈ മനോഹരസിദ്ധാന്തമാണു മനുഷ്യാവതാരം ചെയ്ത ദൈവപുരുഷനു തന്റെ സമസ്തസഹോദരന്മാരോടും ഐക്യമുണ്ടെന്നുള്ള വസ്തുത

യെ നമുക്കു വെളിപ്പെടുത്തിത്തരുന്നതു്. എങ്ങനെയെന്നാൽ, അവൻ കൈവരുന്ന പ്രകൃത്യതീതമായ പ്രവർത്തകശക്തിയുടെ ഉൽപത്തിസ്ഥാനം അവിടുന്നാണു്; തന്നിമിത്തം അംഗങ്ങളെന്ന നിലയിലും അവരും, ശിരസ്സെന്നനിലയിൽ അവിടുന്നും തമ്മിൽ ഒന്നുചേർന്നു് ഏകശരീരമായിത്തീരുകയും ചെയ്തിരിക്കുന്നു. മിശിഹായുടെ ശ്രുതാത്മശരീരത്തിന്റെ അംഗങ്ങളുടെ പ്രയോജനത്തിനായിട്ടാണു പുരോഹിതൻ "ദൈവരഹസ്യങ്ങളെ കൈകാര്യം ചെയ്യുന്നവനായി" [1] നിയമിക്കപ്പെട്ടിരിക്കുന്നതു്. പുരോഹിതൻ മിക്കവാറും എല്ലാ ക്രമാശകളുടെയും സാമാന്യത്രുശ്രൂഷകനാണെന്നും, ക്രമാശകർ ദിവ്യരക്ഷകന്റെ പ്രസാദവരത്തെ മനുഷ്യവർഗ്ഗത്തിന്റെ നന്മയ്ക്കായി സംവഹിക്കുന്ന നീർച്ചാലുകളാണെന്നുമുള്ള സംഗതി ഇതിനു തെളിവായിരിക്കുന്നുണ്ടു്. ഒരു ക്രിസ്ത്യാനിയുടെ ഇഹലോകജീവിതത്തിലെ മിക്കവാറും എല്ലാ പ്രധാനദശകളിലും പുരോഹിതൻ അയാളുടെ അടുത്തു സന്നിഹിതനാകുകയും, ദൈവദത്തമായ തന്റെ ശക്തി പ്രയോഗിച്ചു മനുഷ്യാത്മാവിന്റെ ജീവനായ പ്രസാദവരത്തെ അദ്ദേഹം അയാളുടെ ആത്മാവിലേയ്ക്കു പ്രവേശിപ്പിക്കുകയോ വർദ്ധമാനമാക്കുകയോ ചെയ്തുയും ചെയ്യുന്നു. അയാൾ ഭ്രഷ്ടനായാൽ ഉടൻതന്നെ പുരോഹിതൻ ജ്ഞാനസ്നാനമാകുന്ന പുനർജ്ജന്മമുഖേന അയാളെ അതിശ്രേഷ്ഠവും അമൂല്യവും പ്രകൃത്യതീതവുമായ നവീന ജീവിതത്തിലേയ്ക്കു് ആനയിക്കുകയും, ദൈവത്തിന്റെ പുത്രനും തിരുസഭയുടെ സന്താനവുമാക്കിത്തീർക്കുകയും ചെയ്യുന്നു. ആദ്ധ്യാത്മികസമരങ്ങളിൽ

ധീരധീരം പൊരുതുന്നതിനു വേണ്ട ശക്തി അയാൾക്കു പ്രദാനം ചെയ്യുന്നതിനായി, പ്രത്യേകാധികാരം ലഭിച്ചിട്ടുള്ള പുരോഹിതൻ വിശുദ്ധതൈലംകൊണ്ടു ലേപനം ചെയ്ത് അയാളെ ക്രിസ്തുവിന്റെ പടയാളിയാക്കുന്നു. അനന്തരം അയാൾ മാലാഖമാരുടെ ആ ഭോജനത്തെ തിരിച്ചറിയുന്നതിനും വിലമതിക്കുന്നതിനും തക്ക പ്രായമാകുന്നതോടുകൂടി സ്വർഗ്ഗത്തിൽനിന്നുള്ള സജീവവും ജീവസന്ദായകവുമായ ആ ഭോജനത്തെ പുരോഹിതൻ അയാൾക്കു നൽകുന്നു. അയാൾക്കു വീഴ്ച പറ്റിയാൽ പുരോഹിതൻ ദൈവനാമത്തിൽ അയാളെ ഉദ്ധരിക്കുകയും, കുമ്പസാരമെന്ന ക്രമാശ്രമുഖേന ദൈവവുമായി സമാധാനപ്പെടുത്തുകയും ചെയ്യുന്നു. അയാൾ ദൈവനിയോഗമനുസരിച്ച് ഒരു കുടുംബം സ്ഥാപിക്കാനും, ലോകത്തിലെങ്ങും മനുഷ്യജീവനെ പ്രദാനം ചെയ്യുന്ന കൃത്യത്തിൽ ദൈവത്തോടു സഹകരിക്കുവാനും, അങ്ങനെ ഭൂമിയിൽ വിശ്വാസികളുടേയും തന്മൂലം സ്വർഗ്ഗത്തിൽ വിശുദ്ധരുടേയും സംഖ്യ വർദ്ധിപ്പിക്കാനും സന്നദ്ധനാകുന്നെങ്കിൽ, പുരോഹിതൻ സന്നിഹിതനായി അയാളുടെ വിവാഹത്തെയും പാവനമായ അനുരാഗത്തെയും ആശീർവ്വദിക്കുന്നു. അയാൾ ഒടുവിൽ പരലോകത്തിലേയ്ക്കു പുറപ്പെടാറാകയും, ദിവ്യവിധിയാളന്റെ ന്യായാസനത്തിങ്കൽ ഹാജരാകുന്നതിനുവേണ്ട മനഃശക്തിയും ധൈര്യവും ലഭിക്കണമെന്ന് ആഗ്രഹിക്കുകയും ചെയ്യുമ്പോൾ, രോഗബാധിതനോ ആസന്നമരണനോ ആയ ആ ക്രിസ്ത്യാനിയുടെ ക്ഷയിച്ചുതുടങ്ങുന്ന ശരീരാവയവങ്ങളെ പുരോഹിതൻ വിശുദ്ധതൈലംകൊണ്ടു ലേപനം ചെയ്യുന്നു. ഇ

പ്രകാരം പുരോഹിതൻ ക്രിസ്ത്യാനിയെ അയാളുടെ ഇഹലോകതീർത്ഥയാത്രയിൽ സ്വർഗ്ഗത്തിന്റെ വാതൽവരെ ആദ്യന്തം അനുഗമിക്കുന്നു. അനശ്വരമായ ആശയെ ദ്യോതിപ്പിക്കുന്ന തിരുക്കർമ്മങ്ങളോടും പ്രാർത്ഥനകളോടും കൂടി അയാളുടെ മൃതശരീരത്തെ അതിന്റെ വിശ്രമസ്ഥലമായ ശ്മശാനത്തിലേയ്ക്ക് അദ്ദേഹം അനുഗമിക്കുന്നു. ഇഹലോകജീവിതത്തിന്റെ അതിർത്തി കടന്നും അദ്ദേഹം ആത്മാവിനെ അനുഗമിക്കുന്നുണ്ട്; പരത്തിൽ അതിന് ഇനിയും ശുദ്ധീകരണവും ആശ്വാസവും ആവശ്യമാണെന്നു കണ്ടാൽ, ക്രിസ്തീയമായ പ്രാർത്ഥനകൾ കൊണ്ട് അദ്ദേഹം അതിനു സഹായം നൽകുന്നു. ഇങ്ങനെ ശിശുത്തൊട്ടിമുതൽ ശവക്കുഴിവരെ വിശ്വാസികളുടെ അടുത്തു പുരോഹിതൻ സദാ സന്നിഹിതനായിരിക്കുകയും, നേതാവ്, ആശ്വാസദായകൻ, നിത്യരക്ഷയെ സംബന്ധിക്കുന്ന കാര്യങ്ങളിൽ ശുശ്രൂഷചെയ്യുന്നവൻ, പ്രസാദവരത്തെയും ദൈവാനുഗ്രഹങ്ങളെയും കൈകാര്യംചെയ്യുന്നവൻ, എന്നീ നിലകളിൽ അയാളോട് വർത്തിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു.

പാപവിമോചന ശുശ്രൂഷ

എന്നാൽ വിശ്വാസികളുടെ പ്രയോജനത്തിനായി മിശിഹായുടെ ഗൂഢാർത്ഥശരീരത്തിന്റെമേൽ പുരോഹിതൻ വഹിക്കുന്ന ഈ അധികാരങ്ങളിൽ ഒന്നു പ്രത്യേകം പ്രസ്താവ്യമാണ്; അതിനെക്കുറിച്ചു മുകളിൽ ചെയ്ത സാമാന്യരീതിയിലുള്ള പ്രസ്താവംകൊണ്ടു നാം തൃപ്തനാകുന്നില്ല. ഈ അധികാരം—പാപമോചനാധികാരം—

വി: യോഹന്നാൻ ക്രിസോസ്തോമോസിന്റെ വാക്കുകളിൽ പറയുന്നപക്ഷം, "ദൈവം മാലാഖമാക്കോ, പ്രധാനമാലാഖമാക്കോ നൽകിയിട്ടില്ലാത്ത അധികാരമാകുന്നു"[1]: "നിങ്ങൾ ആരുടെ പാപങ്ങൾ ക്ഷമിക്കുന്നവോ അവരോട് അതു ക്ഷമിച്ചിരിക്കുന്നു; നിങ്ങൾ ആരുടെ പാപങ്ങൾ ക്ഷമിക്കാതിരിക്കുന്നവോ അവരോട് അതു ക്ഷമിക്കുന്നില്ല"[2]. എന്തൊരധികാരം! ഇതു മനുഷ്യക്കു നൽകപ്പെടാവുന്ന ഒന്നാണെന്ന് അഹങ്കാരാധീനമായ മനുഷ്യബുദ്ധിക്കുപോലും ഊഹിക്കുവാൻ സാധിക്കയില്ല; അതു ബൃഹത്തും ദൈവത്തിനു പ്രത്യേകമുള്ളതുമാണ് ഈ അധികാരം. "പാപമോചനാധികാരം ദൈവത്തിനല്ലാതെ മററാക്കുണ്ട്?"[3]. ഈ അധികാരത്തെ കേവലം ഒരു മനുഷ്യൻ പ്രയോഗിക്കുന്നതു കാണുമ്പോൾ,—പ്രീശേന്മാക്കു തോന്നിയ നിന്ദയോടുകൂടിയല്ല, വിനയസമ്മിളിതമായ ആശ്ചര്യത്തോടുകൂടി,— "പാപമോചനാധികാരംതന്നെയും പ്രയോഗിക്കുന്ന ഈ ആൾ ആരു?"[4] എന്നു നമുക്കു ചോദിക്കുവാൻ ന്യായമുണ്ട്. എന്നാൽ മനുഷ്യൻ ആ അധികാരം പ്രയോഗിച്ചുകാണുന്നുണ്ട്. "ഭൂമിയിൽ പാപങ്ങളെ ക്ഷമിക്കുന്നതിനുള്ള അധികാരം"[5] സ്വായത്തമായിരുന്ന ദൈവ-മനുഷ്യൻ അതിനെ തന്റെ പുരോഹിതന്മാക്കു പ്രദാനം ചെയ്യണമെന്നു നിശ്ചയിച്ചു; ദിവ്യമായ ഔദാര്യത്താലും കൃപയാലും പ്രേരിതനായി മനുഷ്യഹൃദയത്തിൽ വേരുന്നിക്കിടക്കുന്ന പാപമോചനകാംക്ഷ നിവർത്തിച്ചുകൊടുക്കണമെന്നു നിശ്ചയിച്ചു. മനഃക്ലേശംകൊണ്ടും പശ്ചാത്താപം മൂലവും വെന്തുനീറുന്ന പാപിയുടെ കണ്ണുങ്ങളിൽ "ഞാൻ നിന്നെ

നിന്റെ പാപങ്ങളിൽനിന്നു മോചിപ്പിക്കുന്നു" എന്നു പുരോഹിതൻ ദൈവനാമത്തിൽ ഉച്ചരിക്കുന്ന വാക്കുകൾ പതിക്കുന്നതു് എത്ര ആശ്വാസസന്ദായകം! ഈ വാക്കുകൾ ഒരു മനുഷ്യന്റെ അധരങ്ങളിൽനിന്നാണു പുറപ്പെടുന്നതെന്നും, അദ്ദേഹം അപ്രകാരംതന്നെ വേറൊരു പുരോഹിതനോടു പാപമോചനം അഭ്യർത്ഥിക്കേണ്ടവനാണെന്നുമുള്ളതു വാസ്തവംതന്നെ. എന്നാൽ ഈ വസ്തുത കൂപാപൂർണ്ണമായ പ്രസ്തുതദാനത്തിന്റെ വില കുറയ്ക്കുന്നില്ല; പ്രത്യുത, അതിനെ വർദ്ധിപ്പിച്ചുകാണിക്കുകയാണു ചെയ്യുന്നതു്. എന്തുകൊണ്ടെന്നാൽ ബലഹീനനായ ആ മനുഷ്യന്റെ അപ്പുറം നില്ക്കുന്നതും, പ്രസ്തുത അത്ഭുതകൃത്യം നിർവ്വഹിക്കാനുള്ള ശക്തി വഹിക്കുന്നതുമായ ദൈവകരത്തെ നാം ക്രൂടതൽ തെളിവായി കാണുന്നു. ആദ്ധ്യാത്മികകാര്യങ്ങളെക്കുറിച്ചു് അസാധാരണമായ സാമർത്ഥ്യത്തോടുകൂടി എഴുതിയിട്ടുള്ള ഒരു അൽമേനിയുടെ വാക്കുകൾ ഇവിടെ ഉദ്ധരിക്കാം. "ഒരു പുരോഹിതൻ സ്വന്തം അയോഗ്യതയേയും താൻ വഹിക്കുന്ന ഉദ്യോഗത്തിന്റെ മാഹാത്മ്യത്തേയും ഓർത്തു സന്തപ്തഹൃദയനായി തന്റെ അഭിഷിക്തങ്ങളായ കരങ്ങളെ നമ്മുടെ ശിരസ്സിൽ വെയ്ക്കുമ്പോൾ, പുതിയ നിയമത്തിലെ തിരുരക്തം കൈകാര്യംചെയ്യുന്ന ഉദ്യോഗത്തിനു താൻ അനർഹനാണെന്നു കണ്ടു് അദ്ദേഹം ലജ്ജാഭരിതനാകുമ്പോൾ, ജീവദായകമായ വാക്കുകൾ ഉച്ചരിക്കുന്ന ഓരോപ്രാവശ്യവും അദ്ദേഹം ആശ്ചര്യഭരിതനാകുമ്പോൾ' ഒരു പാപി മറെറാരു പാപിക്കു പാപമോചനം നൽകുമ്പോൾ, അദ്ദേഹത്തിന്റെ മുൻപിൽ മുട്ടുകുത്തി നിൽ

ക്കുന്ന ഞങ്ങൾ ആ നിലയിൽനിന്ന് എഴുനേൽക്കുന്നതു ഹീനമായ ഏതെങ്കിലും ഒരു പ്രവൃത്തി ചെയ്യുവെന്നുള്ള ബോധത്തോടുകൂടിയല്ല . . . . ഈശോമിശിഹായുടെ പ്രാതിനിധ്യം വഹിക്കുന്ന ഒരു മനുഷ്യന്റെ മുൻപിലാണു ഞങ്ങൾ മുട്ടുകുത്തി നിന്നതു് . . . . സ്വതന്ത്ര മനുഷ്യർക്കും ദൈവപുത്രർക്കുമുള്ള സ്ഥാനം ലഭിക്കുന്നതിനാണു ഞങ്ങൾ അങ്ങനെ നിന്നിരുന്നതു്." [1]

തിരുപ്പട്ടത്തിന്റെ അക്ഷയത

അതിമഹത്തായ ഈ അധികാരങ്ങൾ പുരോഹിതനു പ്രദാനം ചെയ്യുന്നതു തദുദ്ദേശ്യത്തോടുകൂടി പ്രത്യേകം സ്ഥാപിച്ചിട്ടുള്ള ഒരു ക്രമാശവഴിയായിട്ടാകുന്നു. പ്രസ്തുത അധികാരങ്ങൾ പുരോഹിതനിൽ വന്നും പോയുമിരിക്കുന്നതോ താൽകാലികമായതോ അല്ല; പ്രത്യുത സ്ഥിരമായും ശാശ്വതമായും ഇരിക്കത്തക്കവണ്ണം കൊടുക്കപ്പെടുന്നതാണു്. എന്തുകൊണ്ടെന്നാൽ അദ്ദേഹത്തെ "നിത്യ പുരോഹിതൻ" [2] ആക്കുകയും, ആരുടെ നിത്യപൌരോഹിത്യത്തിൽ അദ്ദേഹം ഓഹരിക്കാരനാകുന്നുവോ ആ ദിവ്യപുരുഷനോടു സദൃശനാക്കുകയും ചെയ്യുന്നതും, മാഞ്ഞുപോകാത്തവിധം അദ്ദേഹത്തിന്റെ ആത്മാവിൽ പതിഞ്ഞിട്ടുള്ളതുമായ ഒരു മുദ്രയോടു് ആ അധികാരങ്ങളെ അനുബന്ധിച്ചിരിക്കുന്നു. അത്യന്തം അപലപനീയമായ ഒരു വീഴ്ചതന്നെ ഒരു പുരോഹിതനു പറ്റിയാലും—മനുഷ്യസഹജമായ ബലഹീനതമൂലം അങ്ങനെ സംഭവിക്കാവുന്നതാണല്ലോ— അതു മുഖാന്തിരം അദ്ദേഹത്തിന്റെ ആത്മാവിൽനിന്നു

പൌരോഹിത്യപരമായ പ്രസ്തുതമുദ്ര ഒരിക്കലും മാഞ്ഞു പോകുകയില്ല. ഈമുദ്രയും മേൽപ്പറഞ്ഞ അധികാരങ്ങളും ലഭിക്കുന്നതിനോടുകൂടിത്തന്നെ നവവും പ്രത്യേകവുമായ പ്രസാദവരവും സഹായവും പട്ടമെന്ന ക്രമാശവഴിയായി പുരോഹിതനു ലഭിക്കുന്നു. തന്മൂലം ആ പ്രസാദവരത്തിന്റെ ദിവ്യവും ശക്തിമത്തുമായ പ്രവർത്തനത്തോടു സഹായമായും സഹമേധയായും സഹകരിക്കുകയും, അങ്ങനെ അതിനെ ദൃഢനിശ്ചയത്തോടുകൂടി വർദ്ധമാനമാക്കുകയും ചെയ്യുന്ന പക്ഷം, താൻ സ്വീകരിച്ചിരിക്കുന്ന ശ്രേഷ്ഠമായ ഉദ്യോഗത്തിന്റെ അതിദുഷ്കരമായ കർത്തവ്യങ്ങൾപോലും യഥായോഗ്യം നിർവ്വഹിക്കുന്നതിന് അദ്ദേഹം പ്രാപ്തനാകും. പൌരോഹിത്യപദത്തിൽ അന്തസ്ഥിതങ്ങളും അതിഗൌരവാവഹങ്ങളുമായിരിക്കുന്ന ചുമതലകളുടെ ഭാരം അദ്ദേഹത്തിനു ദുർവ്വഹമായിരിക്കുകയില്ല; പ്രത്യുത യോഹന്നാൻ ക്രിസോസ്തോമോസ്, അംബ്രോസീസ്, മഹാനായ ഗ്രിഗോരിയോസ്, കാർലോസ് മുതലായി അത്യന്തമായ പ്രാഗത്ഭ്യത്തോടുകൂടി ക്രിസ്തീയപൌരോഹിത്യപദം അലങ്കരിച്ചിട്ടുള്ള വിശുദ്ധന്മാരേപ്പോലും ഭയവിഹ്വലരാക്കിച്ചെയ്തിട്ടുള്ള പ്രസ്തുതചുമതലകളെ വഹിക്കുവാൻ അദ്ദേഹം ശക്തനായിരിക്കും.

പ്രസംഗശുശ്രൂഷ

മിശിഹായുടെ ശുശ്രൂഷകനും ദൈവരഹസ്യങ്ങളുടെ കൈകയ്യും ചെയ്യുന്നവനുമായ [1] കത്തോലിക്കപുരോഹിതൻ ആ ഉദ്യോഗം വേറൊരു മാഹാത്മ്യത്തിൽക്കൂടിയും നിർവ്വ

ഹിക്കുന്നുണ്ട്; ആ മാഗ്ഗമാണു പ്രസംഗം. "ദൈവവചനം പ്രസംഗിക്കുന്ന ജോലി" [1] അദ്ദേഹത്തിന്റെ അവിച്ഛേദ്യമായ അവകാശത്തിൽപെട്ടതാണു; അതു് ആക്കും തടയാൻ പാടില്ലാത്ത അദ്ദേഹത്തിന്റെ കത്തവ്യമാണു്. എന്തുകൊണ്ടെന്നാൽ, ഈശോമിശിഹാ തന്നെയാണു് ആ ചുമതല അദ്ദേഹത്തിനെ ഏല്പിച്ചിരിക്കുന്നതു്. "അതിനാൽ നിങ്ങൾ പോയി എല്ലാ ജാതികളെയും പഠിപ്പിക്കുവിൻ. . . . നിങ്ങളോടു കല്പിച്ചിട്ടുള്ളവയെല്ലാം അനുഷ്ഠിക്കുവാൻ അവരെ പഠിപ്പിക്കുവിൻ"[2]. ദൈവാവിഷ്കരണത്തിന്റെ ഭണ്ഡാഗാരവും അതിനെ അപ്രമാദമായി സൂക്ഷിക്കുന്നവളുമായ ക്രൈസ്തവസഭ, അവളുടെ പുരോഹിതന്മാർ വഴിയായി, സ്വർഗ്ഗീയതത്വങ്ങളാകുന്ന നിക്ഷേപത്തെ വിതരണം ചെയ്യുന്നു. "ലോകത്തിലേയ്ക്കു വരുന്ന ഓരോ മനുഷ്യനും പ്രകാശത്തെ പ്രദാനം ചെയ്യുന്ന സത്യദീപ"[3]മായ ആ ദിവ്യപുരുഷനെക്കുറിച്ചു് അവൾ പ്രസംഗിക്കുന്നു. ചെറുതും ലൗകികതികന്മാരുടെ ദൃഷ്ടിയിൽ വിലയില്ലാത്തതുമാണെങ്കിലും, സുവിശേഷത്തിൽ പ്രസ്താവിക്കുന്ന കടുകുമണിക്കു തുല്യമായ ആ വിത്തിനെ ദൈവയോഗ്യമായ ഔദാര്യത്തോടുകൂടി അവൾ വിതയ്ക്കുന്നു. നിഷ്കളങ്കതയും സത്യനിഷ്ഠയുമുള്ള ആത്മാക്കളിൽ വീഴുന്ന ആ വിത്തു സ്വകീയമായ ശക്തിമുഖേന അവരിൽ ദൃഢമായും അഗാധമായും വേരുന്നി നില്ക്കുകയും, ബലവത്തുക്കളായ വൃക്ഷങ്ങളെപ്പോലെ അത്യുന്നതങ്ങളായ കൊടുങ്കാറ്റുകളേയും വിജയിച്ചു നിലകൊള്ളുവാൻ അവരെ പ്രാപ്തരാക്കുകയും ചെയ്യുന്നു[4].

ലോകദീപം.

സകല നിയമങ്ങളുടെയും നിയന്ത്രണങ്ങളുടെയും പിടിയിൽ നിന്നൊഴിയണമെന്നുള്ള മൂഢവും അബദ്ധവുമായ സ്വാതന്ത്ര്യബോധത്താൽ മനുഷ്യബുദ്ധി ചെയ്യുന്ന അപഥസഞ്ചാരങ്ങൾകൊണ്ടും, വിദ്വേഷഭരിതമായ മനുഷ്യമനസ്സിന്റെ ഭയങ്കരവും മലീമസവുമായ ദുഷ്പ്രവൃത്തികൾകൊണ്ടും നിറഞ്ഞിരിക്കുന്ന ലോകത്തിന്റെ മദ്ധ്യേ തിരുസഭ പ്രഭാപൂർണ്ണമായ ദീപസ്തംഭമെന്നോണം ഉയർന്നുനിന്ന്, സത്യമാർഗ്ഗത്തിൽനിന്നും ഇടത്തോട്ടോ വലത്തോട്ടോ അല്പംപോലും വ്യതിചലിക്കുന്നവർക്കു തന്റെ നിർമ്മലമായ കിരണങ്ങൾമുഖേന പ്രബോധനം നൽകുകയും, മനുഷ്യർ അവശ്യം അവലംബിക്കേണ്ട സുബദ്ധമായ പ്രവർത്തനപദ്ധതിയെ സകലമാനപേർക്കും ചൂണ്ടിക്കാണിച്ചുകൊടുക്കുകയും ചെയ്യുന്നു. ഈ ആകാശദീപത്തെ എപ്പോഴെങ്കിലും തടയുന്നതിനു സംഗതിയായാൽ—കെടുത്തുന്നതിന്, എന്നു നാം പറയുന്നില്ല; കാരണം അങ്ങനെ സംഭവിക്കുകയില്ലെന്ന് ഉറപ്പു തരുന്ന അഭംഗമായ വാഗ്ദത്തത്തിന്മേലാണ് അതിനെ സ്ഥാപിച്ചിരിക്കുന്നതു്—അതിന്റെ ശുഭകരമായ കിരണകന്ദളങ്ങൾ നാലുപാടും വീശുന്നതിന് എപ്പോഴെങ്കിലും തടസ്സം വരുത്താൻ സംഗതിയായാൽ, അതൊരു നിഷ്ഗൃഹമായിരിക്കും. ദൈവാവിഷ്കരണത്തെ അഹങ്കാരപൂർവ്വം തിരസ്കരിക്കുകയും, താത്വികവും സാന്മാർഗ്ഗികവുമായ തുറകളിൽ ശാസ്ത്രമെന്ന വ്യാജനാമം വഹിക്കുന്ന അബദ്ധസിദ്ധാന്തങ്ങളെ സ്വീകരിക്കുകയും ചെയ്യുകമൂലം ലോകം എന്തൊരു ദുഷ്ടാവസ്ഥയിലാണ് എത്തിച്ചേർന്നി

രിക്കുന്നതെന്നു നാം നമ്മുടെ സ്വന്തം കണ്ണുകൊണ്ടു കണ്ടു കഴിഞ്ഞിരിക്കുകയാണു്. ലോകം അബദ്ധത്തിലും അസന്മാർഗ്ഗത്തിലും ഇതിനേക്കാൾ അഗാധത്തിൽ പതിച്ചിട്ടില്ലെങ്കിൽ, അതിനു കാരണം ക്രിസ്തീയതത്വമാകുന്ന ദീപം ലോകത്തിനു വഴികാട്ടിയായി എന്നും പ്രകാശിച്ചുകൊണ്ടിരിക്കുന്നു എന്നതാണു്. എന്നാൽ "ദൈവവചനത്തിന്റെ ശുശ്രൂഷ" തിരുസഭ നടത്തിക്കൊണ്ടിരിക്കുന്നതു് അവളുടെ പുരോഹിതന്മാർ വഴിയായിട്ടാകുന്നു. വൈദികാദ്ധ്യക്ഷഭരണക്രമത്തോടുകൂടിയ പുരോഹിതസംഘത്തിൽ വിവിധപടികളിലിരിക്കുന്ന ഓരോ പുരോഹിതനും അനുഷ്ഠിക്കേണ്ട കൃത്യമെന്താണെന്നു ബുദ്ധിപൂർവ്വം വ്യവസ്ഥചെയ്തിട്ടുണ്ടു്. സുവിശേഷത്തെ—യഥാർത്ഥമായ നാഗരികതയേയും സംസ്കാരത്തേയും നാശത്തിൽ നിന്നുദ്ധരിച്ചു രക്ഷിക്കുന്നതിനും അഭിവൃദ്ധിപ്പെടുത്തുന്നതിനും പവിത്രമായ ഈ ഏകമാർഗ്ഗത്തെ—എല്ലായിടത്തും അക്ഷീണം പ്രസംഗിക്കുന്നതിനായി സഭ ഈ പുരോഹിതന്മാരെ നിയോഗിക്കുന്നു. പുരോഹിതന്റെ വാക്കുകൾ മനുഷ്യാത്മാക്കളിൽ പ്രവേശിച്ചു് അവയ്ക്കു പ്രകാശവും ശക്തിയും പ്രദാനം ചെയ്യുന്നു; പുരോഹിതസ്വരം ദുർവികാരക്കൊടുങ്കാറ്റുകൾക്കു് അതീതമായി ഉയർന്നു്, പ്രശാന്തമായും നിർഭയമായും സത്യത്തെ പ്രഘോഷിക്കുകയും നന്മചെയ്യാൻ പ്രേരിപ്പിക്കയും ചെയ്യുന്നു; ആ സത്യമാകട്ടെ മനുഷ്യജീവിതത്തിലെ എത്രയും വിഷമകരമായ പ്രശ്നങ്ങളുടെ സ്വഭാവത്തെ വിശദീകരിക്കുന്നതും അവയ്ക്കു നിവാരണമാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതുമാണു്; ആ നന്മയാകട്ടെ, യാതൊരു

നിഷ്ഠാഗ്യാവസ്ഥയ്ക്കും നമ്മിൽ നിന്നും അപഹരിക്കുവാൻ സാധിക്കാത്തതും, മരണത്താൽ സുരക്ഷിതവും ശാശ്വതവുമാക്കി ചെയ്യപ്പെട്ടതുമാകുന്നു.

ഭൂമിക്കു് ഉപ്പ്

തന്റെ ജോലി വിശ്വസ്തതയോടുകൂടി നിർവ്വഹിക്കുന്ന ഒരു പുരോഹിതൻ പലപ്പോഴും പഠിപ്പിക്കേണ്ടതായ തത്വങ്ങളെക്കുറിച്ചു് ആലോചിക്കുവിൻ. അവ ഓരോന്നിനെയും പറ്റി അവഗാഢമായി വിചിന്തിനംചെയ്കയും, അവയുടെ ആഭ്യന്തരശക്തിയിൽ മനസ്സിരുത്തുകയും ചെയ്യിൻ. എന്തുകൊണ്ടെന്നാൽ പുരോഹിതനു സ്വായത്തമായിരിക്കുന്ന സ്വാധീനശക്തി അവയിൽ നിന്നും വെളിവാകും. ജനസഞ്ചയത്തിൽ സാന്മാർഗ്ഗികമായ വിദ്യാഭ്യാസവും സാമൂഹ്യമായ ഐക്യമത്യവും സമാധാനപരമായ അഭിവൃദ്ധിയും കൈവരുത്തുന്നതിനുവേണ്ട പ്രാബല്യവും ഗുണപരിഷ്കൃത്യവും ആ സ്വാധീനശക്തിയിൽനിന്നുണ്ടെന്നും വെളിവാകും. ഇഹലോകജീവിതം ക്ഷണഭംഗുരമാണെന്നും, ഭൗതികവസ്തുക്കൾ നശ്വരങ്ങളാണെന്നും, ആദ്ധ്യാത്മികമായ വസ്തുക്കളും അനശ്വരമായ ആത്മാവും അത്യന്തം വിലയുള്ളവയാണെന്നും, ദൈവന്യായാസനത്തിങ്കൽ നിന്നുമുള്ള വിധി നിഷ്പക്ഷിണ്യമായിരിക്കുമെന്നും, സകലരുടെയും ഹൃദയരഹസ്യങ്ങളെ അഭിവീക്ഷിക്കുന്ന ദിവ്യനേത്രങ്ങൾ അതീവ പരിശുദ്ധങ്ങളാണെന്നും, ദൈവനീതി ഓരോ മനുഷ്യനും അവന്റെ പ്രവൃത്തികളനുസരിച്ചു പ്രതിഫലം നൽകുമെന്നുമുള്ള [1] തത്വങ്ങളെ പുരോഹിതൻ ആബാലവൃദ്ധം എല്ലാവരെയും പഠിപ്പിക്കുന്നു. ആനന്ദാനുഭൂതിക്കായുള്ള അത്യാ

സക്തിയോടുകൂടിയ അന്വേഷണങ്ങളെയും ഭൗതികവ സ്തുബ്ധിക്കായുള്ള അനിയന്ത്രിതമായ ആഗ്രഹങ്ങളെ യും—ആധുനിക ജീവിതമുറകളിൽ പലതിനെയും നികൃ ഷ്ടമായിത്തീക്കയും, പരസ്പരം മിത്രഭേദന സഹായിക്കുന്ന തിനു പകരം ശത്രുഭേദന പോരാടുന്നതിനു മനുഷ്യസമു ദായത്തിലെ വിവിധ വർഗ്ഗങ്ങളെ പ്രേരിപ്പിക്കുകയും ചെയ്യുന്ന ഈ മനോവ്യാപാരങ്ങളെ—മിതമായ തോ തിൽ ഒതുക്കി നിർത്തുവാൻ ഏതാദ്ദശപഠനങ്ങൾ പര്യാ പ്തങ്ങളാകുന്നു. സ്വാർത്ഥപരങ്ങളായ തടസ്സങ്ങളുടെയും അനിയന്ത്രിതമായ വിദ്വേഷത്തിന്റെയും അന്ധകാര മയവും കല്പിച്ചുകൂട്ടിയുള്ളതുമായ പ്രതികാരേച്ഛയുടെ യും ഈ സംഘട്ടനത്തെ ഉപശമിപ്പിക്കുവാൻ ശക്തിയു ള്ള ഏകമാർഗ്ഗം മിശിഹായുടെ "പുതിയ കല്പന"യെ[1] ഉച്ചൈസ്വരം പ്രഖ്യാപനം ചെയ്യുകയാണ്. ആ കല്പ നയിൽ അനുശാസിച്ചിരിക്കുന്ന സ്നേഹം സർവ്വവ്യാപക മാകുന്നു; ദേശീയമൊ ജനകീയമൊ ആയ സകല സീ മകളെയും അതിലംഘിക്കുന്നതാകുന്നു; അതിനോടു ശ ത്രുഭേദന വർത്തിക്കുന്നവർപോലും അതിന്റെ പ്രയോ ജനപരിധിയിൽ ഉൾപ്പെട്ടിരിക്കുന്നു.

ഇരുപതു നൂറ്റാണ്ടുകാലത്തെ അനുഭവത്തിൽനി ന്നു പുരോഹിതന്റെ വാക്കുകൾക്കുള്ള ഗുണോല്പാദക ശക്തി പരിപൂർണ്ണമായും മഹനീയമായും വെളിപ്പെടുന്നു ണ്ട്. "സജീവവും ഫലപ്രദവും, ഇരുതലമൂർച്ചയുള്ള വാളിനേക്കാൾ നിശിതവുമായ ദൈവവചന"ത്തിന്റെ നിർവ്യാജമായ പ്രതിധ്വനിയും പുനഃപ്രതിധ്വനിയും ആയിരിക്കുന്ന ആ വാക്കുകൾക്ക് "ഹൃദയത്തെയും ആ

ത്മാവിനെയും പിളക്കത്തക്കവണ്ണം"[1] മനുഷ്യമനസ്സിൽ പ്രവേശിക്കാൻ സാധിക്കുന്നു. അവ സർവ്വജാതികളിലും സർവ്വരാജ്യങ്ങളിലും സർവ്വവിധങ്ങളായ വീരകൃത്യങ്ങളെ ഉല്പാദിപ്പിക്കുകയും, സ്വാർത്ഥപരിത്യാഗപ്രവൃത്തികൾ ചെയ്വാൻ ഔദാര്യപൂർണ്ണങ്ങളായ ഹൃദയങ്ങളെ പ്രേരിപ്പിക്കുകയും ചെയ്യുന്നു. ക്രൈസ്തവസംസ്കാരം ലോകത്തിനു ചെയ്തിട്ടുള്ള സകല ഗുണങ്ങൾക്കും മൂലത്തിലെങ്കിലും കാരണമായിരിക്കുന്നതു കത്തോലിക്കാപുരോഹിതന്മാരുടെ വാക്കുകളും പ്രവൃത്തികളുമാണു്. താദൃശമായ ഭൂതകാലചരിതം സ്വപ്രകൃത്യാ ഭാവിയിലേയ്ക്കും ഒരു മതിയായ ഉറപ്പായിരിക്കുന്നുണ്ടു്. എന്നാൽ അതിനേക്കാൾ തുലോം വിശ്വസനീയമായ ഉറപ്പു്, "ദൃഢതരമായ പ്രവചനം,"[2] ക്രിസ്തുവിന്റെ പ്രമാദരഹിതമായ വാഗ്ദാനങ്ങൾ മുഖേന നമുക്കു ലഭിച്ചിട്ടുണ്ടു്.

ദൈവകാരുണ്യത്താൽ സഭയ്ക്കു ലഭിച്ചിട്ടുള്ള ഈ പ്രചാരണശക്തിയെ മിഷ്യനറിപ്രവർത്തനങ്ങളും സ്പഷ്ടമായി തെളിയിക്കുന്നു. ഈ പ്രവർത്തനങ്ങളും പ്രധാനമായി വൈദികരാലാണു് നടത്തപ്പെടുന്നതു്. വിശ്വാസപരവും സ്നേഹപരവുമായ പ്രവൃത്തികൾക്കു വഴിതെളിക്കുന്നവരായിരുന്നുകൊണ്ടു്, നിരവധി ക്ലേശങ്ങളും ത്യാഗങ്ങളും സഹിച്ചുകൊണ്ടു്, അവർ ഭൂമിയിൽ ദൈവരാജ്യത്തെ വിപുലമാക്കിച്ചെയ്തുകൊണ്ടിരിക്കുന്നു.

മാദ്ധ്യസ്ഥപ്രവൃത്തി

അവസാനമായി, പുരോഹിതൻ മറ്റൊരുപ്രകാരത്തിലും ക്രിസ്തുവിന്റെ മാതൃകയെ അനുകരിക്കുന്നുണ്ടു്.

"രാത്രി മുഴുവൻ ദൈവത്തോടുള്ള പ്രാർത്ഥനയ്ക്കായി വിനിയോഗിച്ചു" എന്നും,[1] "നമുക്കുവേണ്ടി മാദ്ധ്യസ്ഥം വഹിക്കുന്നതിലേയ്ക്കായി എന്നും ജീവിക്കുന്നു"[2] എന്നും അണല്ലൊ അവിടുത്തെപ്പറ്റി എഴുതപ്പെട്ടിരിക്കുന്നത്. ക്രിസ്തുവിനെപ്പോലെതന്നെ പുരോഹിതനും മനുഷ്യർക്കുവേണ്ടി ദൈവസന്നിധിയിൽ ഔദ്യോഗികമായും പരസ്യമായും മാദ്ധ്യസ്ഥം വഹിക്കുന്നവനാകുന്നു; യഥാർത്ഥമായ പൂജാർപ്പണത്തിനും പുറമെ, പരസ്യവും ഔദ്യോഗികവുമായുള്ള പ്രാർത്ഥനകളാൽ സഭയുടെ നാമത്തിൽ "സ്തോത്രപൂജ" അർപ്പിക്കേണ്ടതും അദ്ദേഹത്തിന്റെ ചുമതലയാണ്.[3] മിക്കവാറും ദൈവനിവേശിത ഗ്രന്ഥങ്ങളിൽനിന്നും എടുക്കപ്പെട്ടിട്ടുള്ള സങ്കീർത്തനങ്ങളും പ്രാർത്ഥനകളും ഗീതങ്ങളും ദിവസത്തിൽ പല പ്രാവശ്യവും ഉച്ചരിച്ചുകൊണ്ട്, അദ്ദേഹം യഥാർഹം ദൈവത്തിന് ആരാധന നൽകുകയും, അതുവഴി മനുഷ്യകുലത്തിനുവേണ്ടി മാദ്ധ്യസ്ഥം വഹിക്കേണ്ട ചുമതല നിർവ്വഹിക്കയും ചെയ്യുന്നു. ക്ലേശഭരിതമായ മനുഷ്യവർഗ്ഗത്തിന് ഈ മാദ്ധ്യസ്ഥ്യവും തദ്വാരാ ലബ്ധമാകുന്ന ദിവ്യസഹായവും മുമ്പെങ്ങും ഇത്രകണ്ട് അത്യന്താപേക്ഷിതമായിരുന്നില്ല. പാപഭ്രഷ്ടമായ മനുഷ്യവർഗ്ഗം പുരോഹിതപ്രാർത്ഥനമൂലം എത്ര പ്രാവശ്യം ദൈവശിക്ഷയിൽനിന്നും മോചനം പ്രാപിച്ചിട്ടുണ്ടെന്നും, എത്ര വളരെ അനുഗ്രഹങ്ങൾ ദൈവത്തിൽനിന്നും കരസ്ഥമാക്കിയിട്ടുണ്ടെന്നും ആർക്കു പറയാൻ സാധിക്കും? ഓരോരുത്തരുടേയും പ്രാർത്ഥനകൾക്കുപോലും നമ്മുടെ കർത്താവു മഹനീയവും ഗൗരവാവഹവുമായ ഫലങ്ങൾ വാഗ്ദാനം ചെയ്തിട്ടുണ്ടെങ്കിൽ,[4]

ദിവ്യരക്ഷകന്റെ പ്രിയ പത്നിയായ തിരുസഭയുടെ നാമത്തിൽ ഔദ്യോഗികമായി സമർപ്പിക്കപ്പെടുന്ന പ്രാർത്ഥന അതിനേക്കാൾ എത്രയധികം ഫലപ്രദായകമായിരിക്കണം! ക്രിസ്ത്യാനികൾ ഐശ്വര്യത്തിൽ പലപ്പോഴും ദൈവത്തെ വിസ്മരിക്കുന്നുണ്ടെങ്കിലും, പ്രാർത്ഥനയിലുള്ള വിശ്വാസം ഹൃദയത്തിന്റെ അടിത്തട്ടിൽ സംഗ്രഹിക്കുകയും, പ്രാർത്ഥനയുടെ ശക്തിയിൽ ബോദ്ധ്യമുള്ളവരായിരിക്കയും, ഓരോരുത്തർക്കു തനിച്ചോ എല്ലാവർക്കും പൊതുവിലോ ഉണ്ടാകുന്ന സകല ദുരിതങ്ങളിലും ആപത്തുകളിലും വിശേഷവിധിയായ വിശ്വാസത്തോടുകൂടി പുരോഹിതപ്രാർത്ഥനയെ ശരണം പ്രാപിക്കയും ചെയ്യുന്നുണ്ട്. ഏതുവിധത്തിലുള്ള ദൗർഭാഗ്യം അനുഭവപ്പെടുമ്പോഴും അവർ ആ പ്രാർത്ഥനയിൽ ആശ്വാസം തേടുന്നു; ഈലോകത്തിലെ പ്രവാസകാലത്തിനിടയ്ക്കുണ്ടാകുന്ന എല്ലാ അനിഷ്ടസംഭവങ്ങളിലും അവർ ആ പ്രാർത്ഥനയെ അഭയം പ്രാപിക്കയും, അതുവഴി ദൈവസഹായം അഭ്യർത്ഥിക്കുകയും ചെയ്യുന്നു. "പുരോഹിതൻ ദൈവത്തിനും മനുഷ്യവംശത്തിനും മദ്ധ്യേയുള്ള ഒരു സ്ഥാനമാണു വഹിക്കുന്നതു്. അദ്ദേഹം ദൈവത്തിൽ നിന്നു പാപമോചനവും അനുഗ്രഹവും നമുക്കു വാങ്ങിത്തരുകയും, നമ്മുടെ പ്രാർത്ഥനയെ ദൈവത്തിനു സമർപ്പിച്ചുകൊണ്ടു് അവിടുത്തെ കോപത്തെ ശമിപ്പിക്കുകയും ചെയ്യുന്നു"[1] എന്നു് വി. യോഹന്നാൻ ക്രിസോസ്തോമോസു് പ്രസ്താവിക്കുന്നതു യഥാർത്ഥംതന്നെ.

പൌരോഹിത്യത്തിന്റെ ശ്രേഷ്ഠതയെക്കുറിച്ചു് അവസാനമായി പറയാനുള്ളതു സഭാശത്രുക്കൾതന്നെ അ

അതു സമ്മതിക്കുന്നുണ്ടെന്നുള്ളതാണ്. എന്തുകൊണ്ടെന്നാൽ, നാം ഇതിനുമുമ്പു പ്രസ്താവിച്ചതുപോലെ, അവർ ഭയങ്കരമായ ആക്രമണം ആദ്യമായി നടത്തുന്നതു കത്തോലിക്ക പൗരോഹിത്യത്തിന്ന് എതിരായിട്ടാകയാൽ, ആ ഉദ്യോഗത്തിന്റെ മാഹാത്മ്യവും പ്രാധാന്യവും അവക്കു പരിപൂർണ്ണമായി ബോധപ്പെട്ടിട്ടുണ്ടെന്നു പ്രത്യക്ഷമാകുന്നു. തിരുസഭയും അവളുടെ പുരോഹിതന്മാരും തമ്മിലുള്ള ബന്ധം അത്യന്തം ദൃഢമാണെന്ന് അവക്കു നല്ലപോലെ അറിയാവുന്നതാണ് ഈ ആക്രമണത്തിന്റെ കാരണം. കത്തോലിക്കപൗരോഹിത്യത്തിന്റെ അത്യുഗ്രശത്രുക്കളാണ് ഇന്നു ദൈവത്തിന്റെ ബദ്ധശത്രുക്കളായി നിൽക്കുന്നത്. ഈ അവസ്ഥ പൗരോഹിത്യത്തിന്ന് ഒരു വലിയ ബഹുമതിയും, ലോകത്തിന്റെ ബഹുമാനാദരങ്ങളെ അതു പൂർവ്വാധികം അർഹിക്കുന്നുണെന്നു കാണിക്കുന്ന ലക്ഷ്യവുമാകുന്നു.

III.

പുരോഹിതന്റെ സ്വഭാവഗുണം

ജീവിതവിശുദ്ധി

അതിനാൽ, വന്ദ്യസഹോദരരെ, പൗരോഹിത്യം അത്യുന്നതം ഉൽകൃഷ്ടമായ ഒരു സ്ഥാനമാകുന്നു. പുരോഹിതന്മാരിൽ മുക്കാൽപങ്കുപേർ അയോഗ്യരായി അധഃപതിക്കുന്നുണ്ടെന്നുള്ളതു വളരെ ശോചനീയവും വ്യസനഹേതുകവുമാണെങ്കിലും, ആ വസ്തുത മഹനീയമായ ആ സ്ഥാനത്തിന്റെ പ്രഭാവത്തിനു മങ്ങൽ തട്ടിക്കാൻ പര്യാപ്തമല്ല. കുറച്ചുപേരുടെ അയോഗ്യത വളരെപ്പേരുടെ യോഗ്യതയേയും സമ്മാനാർഹതയേയും വിസ്മരിപ്പിക്കാൻ അത്രപോലും പര്യാപ്തമല്ല. വിശുദ്ധിയിലും പാണ്ഡിത്യത്തിലും ഭക്തിതീക്ഷ്ണതയോടുകൂടിയ പ്രവൃത്തികളിലും, എന്നുവേണ്ട രക്തസാക്ഷിത്വം വരിക്കുന്നതിലും അത്യുന്നതസ്ഥാനം സമാർജ്ജിച്ചിട്ടുള്ള എത്ര വളരെ പുരോഹിതന്മാർ മുൻപുണ്ടായിട്ടുണ്ട്; ഇന്നുണ്ടായിരിക്കുന്നുമുണ്ട്.

മാത്രമല്ല, ഒരു പുരോഹിതന്റെ അയോഗ്യമായ ജീവിതം അദ്ദേഹത്തിന്റെ ഔദ്യോഗികമായ പ്രവൃത്തികളെ ഫലരഹിതങ്ങളാക്കുന്നില്ലെന്നുള്ള വസ്തുത വിസ്മരിക്കരുതു്. എന്തുകൊണ്ടെന്നാൽ ക്രമാശകർം കൊടുക്കുന്ന ആളുടെ അയോഗ്യമായ ജീവിതം ആ ക്രമാശദാനത്തെ അയോഗ്യമാക്കുന്നില്ല. കാരണം, ക്രമാശകർം

ക്കുള്ള ഫലദായകത്വം അതിനെ നൽകുന്ന ആളുടെ വിശുദ്ധിയിൽ നിന്നല്ല, മിശിഹായുടെ തിരുരക്തത്തിൽ നിന്നാണ് ഉണ്ടാകുന്നത്. വേദശാസ്ത്രജ്ഞന്മാരുടെ ഭാഷയിൽ പറഞ്ഞാൽ, ക്രിയാശകളുടെ ഫലം കാർമ്മികമാണ്— അനുഷ്ഠിക്കുന്ന കർമ്മത്തിൽനിന്നുതന്നെ ഉളവാകുന്നതാണ്.

എന്നുവരികിലും ഇത്രയധികം വിശുദ്ധമായ ഒരു ദ്യോഗം വഹിക്കുന്ന ആൾക്കു വിശുദ്ധി ഉണ്ടായിരിക്കേണ്ടതാണെന്നുള്ളതിനു സംശയമില്ല. പുരോഹിതൻ താൻ വഹിക്കുന്ന ഉദ്യോഗത്തിന്റെ മാഹാത്മ്യത്തിനും വിശുദ്ധിക്കും അനുയോജ്യമായവിധം ഉൽകൃഷ്ടമാനസനും നിഷ്കളങ്കഹൃദയനും സുചരിതനും ആയിരിക്കണം. എന്തുകൊണ്ടെന്നാൽ, നാം മുമ്പുപറഞ്ഞതുപോലെ, ഈ മനോഗുണങ്ങളാണു പുരോഹിതനെ ദൈവത്തിന്റെയും മനുഷ്യരുടെയും മദ്ധ്യവർത്തിയാക്കുന്നത്—"ദൈവത്തിന്റെയും മനുഷ്യരുടെയും ഏകമദ്ധ്യവർത്തിയായിരിക്കുന്ന ഈശോമിശിഹാ എന്ന മനുഷ്യ"ന്റെ [1] സ്ഥാനത്ത്, അവിടുത്തെ കല്പനപ്രകാരം, മദ്ധ്യവർത്തിയാക്കുന്നത്. അതിനാൽ പുരോഹിതൻ ആരുടെ പ്രതിപുരുഷനായിരിക്കുന്നുവോ ആ ദിവ്യപുരുഷനോടു പുണ്യപൂർണ്ണതയിൽ കഴിയുന്നതു ആനുരൂപ്യമുള്ളവനായിരിക്കുകയും, തന്റെ വിശുദ്ധമായ ജീവിതംകൊണ്ടും പ്രവൃത്തികൾകൊണ്ടും ദൈവപ്രസാദത്തിന് ഉചിതപരി പാത്രമായിത്തീരുകയും ചെയ്യേണ്ടതാകുന്നു. എന്തുകൊണ്ടെന്നാൽ കുന്തുരുക്കത്തിന്റെ സുഗന്ധത്തേയും, ദേവാലയത്തിന്റെയോ ബലിപീഠത്തിന്റെയോ ഭംഗിയേയുംകാൾ വിശുദ്ധിയാണു

ദൈവത്തിനു പ്രിയകരവും സ്വീകാര്യവുമായിരിക്കുന്നതു്. "ദൈവത്തിന്റെയും അവിടുത്തെ ജനത്തിന്റെയും മദ്ധ്യവർത്തികളായിരിക്കുന്നവർ ദൈവസന്നിധിയിൽ നിഷ്കളങ്കമായ മനസ്സാക്ഷിയോടും ജനമദ്ധ്യത്തിൽ സൽകീർത്തിയോടുംകൂടി ഇരിക്കേണ്ടവരാണു്" എന്നു വിശുദ്ധ തോമ്മാമല്പാൻ പറയുന്നു.[1] നേരെമറിച്ചു്, വിശുദ്ധമായ്വയെ കൈകാര്യം ചെയ്യുന്നവർ കുറകരമായവിധം ജീവിതം നയിക്കുന്നവരാണെങ്കിൽ, അവർ വിശുദ്ധമായവയെ അശുദ്ധമാക്കുകയും തന്മൂലം പുണ്യവസ്തുഷണമെന്ന കുറാരോപണത്തിനു പാത്രമാകുകയും ചെയ്യുന്നു. "വിശുദ്ധരായി ജീവിക്കാത്തവർ വിശുദ്ധവസ്തുക്കളെ കൈകാര്യം ചെയ്യരുതു്".[2]

ഇക്കാരണത്താൽ, പഴയനിയമത്തിലെ തന്റെ പുരോഹിതന്മാരോടും ലേവായക്കാരോടുംതന്നെ ദൈവം ഇപ്രകാരം കല്പിക്കുകയുണ്ടായി. "അവരെ വിശുദ്ധീകരിക്കുന്ന കർത്താവായ ഞാൻ വിശുദ്ധനായിരിക്കുന്നതിനാൽ, അവരും വിശുദ്ധരായിരിക്കണം."[3] വിജ്ഞാനിയായ ശ്ലോമോൻ, അദ്ദേഹത്തിന്റെ ദേവാലയപ്രതിഷ്ഠാഗീതത്തിൽ, അഹറോന്റെ സന്താനങ്ങൾക്കുവേണ്ടി ദൈവത്തോടുചെയ്ത അഭ്യർത്ഥനയിലും ഇതേ ആശയംതന്നെയാണു പ്രകാശിപ്പിച്ചിരിക്കുന്നതു്. "നിന്റെ പുരോഹിതന്മാർ നീതിവസ്ത്രം ധരിച്ചവരാക്കപ്പെടേണമേ; നിന്റെ വിശുദ്ധന്മാർ സന്തുഷ്ടരാകേണമേ."[4] അതിനാൽ, വന്ദ്യസഹോദരരെ, വിശുദ്ധ റോബെർട്ടു് ബെല്ലാർമിന്റെ വാക്യങ്ങളിൽ നമുക്കു് ഇപ്രകാരം ചോദിക്കരുതോ? "ഇത്രവളരെ നിഷ്കളങ്കതയും വിശുദ്ധിയും ഭക്തി

തീക്ഷ്ണതയും ആടുമാടുകളെ ബലി സമർപ്പിക്കുകയും ഭൌതികാനുഗ്രഹങ്ങൾക്കായി ദൈവത്തെ സ്തുതിക്കുകയും ചെയ്തിരുന്ന പുരോഹിതന്മാർക്കുണ്ടായിരിക്കണമെന്നു ആവശ്യപ്പെട്ടിരുന്നെങ്കിൽ, ദിവ്യകുഞ്ഞാടിനെ ബലിയർപ്പിക്കുകയും സ്വർഗ്ഗീയാനുഗ്രഹങ്ങൾക്കായി ദൈവത്തെ സ്തുതിക്കുകയും ചെയ്യുന്ന പുരോഹിതന്മാരോടു ആവശ്യപ്പെടുന്നതെന്തായിരിക്കുമെന്നു ഞാൻ ചോദിക്കുന്നു" [1] "സ്ഥാനം മഹനീയംതന്നെ," എന്നു വിശുദ്ധ ലോറൻസ് ജൂസ്തീനിയൻ പ്രഘോഷിച്ചശേഷം ഇങ്ങനെ തുടരുന്നു. "എന്നാൽ ഉത്തരവാദിത്വവും അപ്രകാരംതന്നെ മഹനീയമാകുന്നു. മനുഷ്യദൃഷ്ടിയിൽ ഉന്നതനിലയെ പ്രാപിച്ചിരിക്കുന്നവരായ പുരോഹിതന്മാർ സമസ്തവും കണ്ടുകൊണ്ടിരിക്കുന്ന ദൈവത്തിന്റെ ദൃഷ്ടിയിലും സുകൃതക്കൊടുമുടിയിൽ എത്തിയിരിക്കേണ്ടവരാണ്. അല്ലാത്തപക്ഷം അവരുടെ ഔന്നത്യം അവർക്ക് ഗുണത്തിനല്ല, നാശത്തിനാണു ഹേതുവായിരിക്കുക." [2]

മറെറാരുക്തിസൂ

കത്തോലിക്ക പൗരോഹിത്യസ്ഥാനത്തിന്റെ മാഹാത്മ്യത്തെ കാണിക്കാൻ നാമുദ്ധരിച്ച ന്യായങ്ങളോരോന്നും ആ സ്ഥാനം വഹിക്കുന്നവർ അന്യാദൃശമായ വിശുദ്ധിയുള്ളവരായിരിക്കേണ്ട ആവശ്യകതയെ ദൃഢതരമാക്കുകയാണു ചെയ്യുന്നത്. എന്തുകൊണ്ടെന്നാൽ, തോമാമല്പാൻ പ്രബോധിപ്പിക്കുന്നപോലെ, "തിരുപ്പട്ടസ്ഥാനത്തിന്റെ ചുമതലകൾ നിർവ്വഹിക്കുന്നതിനു സാധാരണമായ സുകൃതജീവിതം പോരാ; ഇതരന്മാരെ അതിശയി

ക്കുന്ന സുകൃതജീവിതം വേണ്ടിയിരിക്കുന്നു. പട്ടസ്ഥാനം സ്വീകരിക്കുകയും തന്മൂലം മറ്റുള്ള വിശ്വാസികളേക്കാൾ ഉയർന്പദം പ്രാപിക്കുകയും ചെയ്തിട്ടുള്ളവർ വിശുദ്ധിയിലും അവരെക്കാൾ ഉയർന്നവരായിരിക്കണം." [1] ലോകപാപത്തെ ദൂരീകരിക്കുന്ന ദിവ്യപുരുഷനാണു കുബ്ബാനയെന്ന ബലിയിൽ നിർമ്മലബലിവസ്തുവായി അർപ്പിക്കപ്പെടുന്നതെന്നുള്ള സംഗതി പുരോഹിതന്മാർ വിശുദ്ധിയുള്ളവനായിരിക്കേണമെന്നു വിശേഷവിധിയായി ആവശ്യപ്പെടുന്നുണ്ട്. നമ്മുടെ നേർക്കുള്ള സ്നേഹംനിമിത്തം മനുഷ്യാവതാരംചെയ്ത ദൈവവചനത്തെ—ആരാധനാപാത്രമായ ആ ബലിവസ്തുവിനെ—ദിനംപ്രതി ദൈവത്തിനു അർപ്പിക്കുന്ന പുരോഹിതൻ വിശുദ്ധവും നിർമ്മലവുമായ ജീവിതം നയിക്കുകയും, ദൈവസന്നിധിയിൽ തനിക്കു സ്വതേയുള്ള അയോഗ്യതയെ തദ്വാരാ യഥാശക്തി ദൂരീകരിക്കയും ചെയ്യേണ്ടിയിരിക്കുന്നു. "നിങ്ങൾ അനുഷ്ഠിക്കുന്ന കർമ്മത്തിന്റെ സ്വഭാവത്തെ നിങ്ങൾ ശരിയായി ഗ്രഹിക്കുകയും, നിങ്ങൾ കൈക്കൊണ്ടെടുക്കുന്ന വസ്തുവിനെ അനുകരിച്ചു നിങ്ങൾ ജീവിക്കുകയും ചെയ്യിൻ" [2] എന്നാണു്, പൌരോഹിത്യം സ്വീകരിക്കാൻ തയാറായിരിക്കുന്ന ആറാംപട്ടക്കാരെ മെത്രാൻമുഖേന തിരുസഭ പ്രബോധിപ്പിക്കുന്നതു്. ക്രിസ്തുശകളാകുന്ന ചാലുകളിൽക്കൂടി ദൈവം നൽകുന്ന പ്രസാദവരങ്ങളെ മനുഷ്യർക്കു വിതരണംചെയ്യുന്നജോലി വഹിക്കുന്നതും പുരോഹിതനാകുന്നു. അമൂല്യങ്ങളായ ഈ ദൈവാനുഗ്രഹങ്ങളെ കൈകാര്യംചെയ്യുന്ന ആൾക്കു ആ അനുഗ്രഹങ്ങൾ ലഭിക്കാതിരിക്കുന്നപക്ഷം, അല്ലെങ്കിൽ അയാൾ അവയെ നി

സ്സാരങ്ങളായി ഗണിക്കുകയും അവ നഷ്ടപ്പെടാതിരിക്കാൻ ശ്രദ്ധിക്കാതിരിക്കയും ചെയ്യുന്നപക്ഷം, അത് അയാളുടെ പേരിൽ എത്രവലിയ കുറ്റമായിരിക്കും? മാത്രമല്ല, വിശ്വാസതത്പരരായ ജനങ്ങളെ പഠിപ്പിക്കേണ്ട ജോലിയും പുരോഹിതനാണല്ലൊ വഹിക്കുന്നത്. മതതത്പരരെ ഏറ്റവും യോഗ്യമായും ഫലപ്രദമായും പഠിപ്പിക്കുന്നതിനുള്ള മാർഗ്ഗം സുകൃതജീവിതം നയിച്ചുകൊണ്ട് പഠിപ്പിക്കുന്നതാണ്. എന്തുകൊണ്ടെന്നാൽ "പ്രവൃത്തികൾകൊണ്ടുള്ള ഉപദേശം വാക്കുകൊണ്ടുള്ളതിനേക്കാൾ ശക്തിയുള്ളതായിരിക്കും" എന്നതത്രെ ആപ്തവാക്യം. സുവിശേഷശാസനകളെ പ്രസംഗിക്കാൻ പുരോഹിതൻ മുമ്പന്തലപ്പെട്ടവനാകുന്നു. എന്നാൽ ആ പ്രസംഗത്തെ ഫലപ്രദമാക്കുന്നതിനു പര്യാപ്തമായ ന്യായങ്ങളിൽ പ്രഥമവീക്ഷണത്തിൽ ഏറ്റവും സ്വീകാര്യവും ദൈവാനുഗ്രഹംകൊണ്ടു ശ്രോതാക്കൾക്കു ബോദ്ധ്യംവരുത്താൻ ഏറ്റവും പ്രയോജകീഭവിക്കുന്നതുമായ ന്യായം പ്രാസംഗികന്റെ ജീവിതത്തിൽ ആ ശാസനകൾ പ്രായോഗികമാക്കി ചെയ്യുകാണുകയാണ്. കാരണമെന്തെന്നു മഹാനായ വി: ഗ്രിഗോരിയോസ് പറയുന്നുണ്ട്: "കേൾവിക്കാരുടെ ഹൃദയങ്ങളെ തുളച്ചുകയറുന്ന വാക്കുകൾ പ്രാസംഗികന്റെ സ്വകീയജീവിതത്താൽ സാക്ഷീകരിക്കപ്പെടുന്ന വാക്കുകളാകുന്നു. എന്തുകൊണ്ടെന്നാൽ, അയാളുടെ വാക്കുകൾ അനുശാസിക്കുന്നവയെ പ്രയോഗക്ഷമമാക്കുവാൻ അയാളുടെ ദൃഷ്ടാന്തം പ്രയോജകീഭവിക്കുന്നു." [1] നമ്മുടെ ദിവ്യരക്ഷകന്റെ കായ്ത്തിൽ ഈ തത്വം സാർത്ഥകമായിരുന്നുവെന്നു വേദപുസ്തകം സാക്ഷീകരിക്കുന്നുണ്ട്. അ

വിട്ടന്നു "പ്രവത്തിക്കാനും. അനന്തരം പ്രസംഗിക്കാനും തുടങ്ങി". [1] ജനക്കൂട്ടം അവിടത്തെ സൽകരിച്ചു പ്രകീത്തിച്ചതു്, "ഈ മനുഷ്യനെപ്പോലെ ഒരുമനുഷ്യരും ഒരിക്കലും സംസാരിച്ചിട്ടില്ല" [2] എന്നതിനേക്കാൾ, "അവിടുന്നു സമസ്തകായ്യങ്ങളും ശുഭമായി ചെയ്യുന്നു" [3] എന്ന ന്യായം പറഞ്ഞുകൊണ്ടാണു്. നേരെമറിച്ചു്, "പ്രസംഗിക്കുന്നതനുസരിച്ചു പ്രവത്തിക്കാത്തവർ" സ്ക്രീബേന്മാക്കും പ്രീശേന്മാക്കും തുല്യരാണു്; അവർ "പ്രസംഗിക്കുന്നുണ്ടു്; എന്നാൽ പ്രവത്തിക്കുന്നില്ല". സ്ക്രീബേന്മാരെയും പ്രീശേന്മാരെയും ഉദ്ദേശിച്ചു് ഈ പ്രകൃതത്തിൽ നമ്മുടെ കത്താവു് അരുളിച്ചെയ്ത വാക്കുകൾ ദൈവവചനം പ്രസംഗിക്കാൻ അവക്കു് ന്യായമായ അധികാരമുണ്ടെന്നു സമ്മതിക്കുന്നവയാണെങ്കിലും, കേൾവിക്കാരായ ജനക്കൂട്ടത്തിന്റെ മുമ്പിൽവച്ചു പരസ്യമായി അവരെ കുറപ്പെടുത്തുന്നവയായിരുന്നു. "സ്ക്രീബേന്മാരും പ്രീശേന്മാരും മോശയുടെ പ്രസംഗപീഠത്തിൽ ഇരിക്കുന്നവരാണു്. അതിനാൽ അവർ നിങ്ങളോടു പറയുന്നവയെല്ലാം നിങ്ങൾ അനുസരിക്കുകയും പ്രവത്തിക്കുകയും ചെയ്യിൻ; എന്നാൽ അവരുടെ പ്രവൃത്തികളെ നിങ്ങൾ അനുകരിക്കരുതു്". [4] താൻ പ്രസംഗിക്കുന്ന തത്വങ്ങളെ തന്റെ ജീവിതദൃഷ്ടാന്തംകൊണ്ടു സ്ഥിരീകരിക്കാൻ ശ്രമിക്കാത്ത പ്രാസംഗികൻ ഒരു കൈകൊണ്ടു പണിയുന്നതു മറുകൈകൊണ്ടു പൊളിക്കുകയാണു ചെയ്യുന്നതു്. പ്രത്യുത അവരവരുടെ സ്വന്തം ജീവിതം വിശുദ്ധിയുള്ളതാക്കാൻ ഒന്നാമതായി ശ്രദ്ധിക്കുന്ന സുവിശേഷപ്രാസംഗികന്മാരുടെ പ്രയത്നങ്ങളെ ദൈവം ധാരാളമായി അ

നുഗ്രഹിക്കുന്നു. തങ്ങളുടെ പ്രേഷിതവേല വിജയകരവും ഫലപ്രദവുമായിത്തീരുന്നതു് അവർ കാണുന്നു; അവർ "കറയുംവഹിച്ചു സന്തുഷ്ടമാനസരായി വരുന്നു." [1]

ബാഹ്യമായ പ്രവൃത്തികൾ ആപത്മാർഗ്ഗങ്ങളാകാം.

പുരോഹിതൻ വ്യാജമായ ഭക്തിതീക്ഷ്ണത യാൽ വ്യാമോഹിതനായി സ്വന്തം ജീവിതവിശുദ്ധീകരണത്തെ വിസ്മരിക്കുകയും പൗരോഹിത്യസംബന്ധമായ ബാഹ്യപ്രവർത്തനങ്ങളിൽ നിമഗ്നനാകുകയും ചെയ്താൽ, ആ പ്രവർത്തനങ്ങൾ എത്രതന്നെ വിശുദ്ധങ്ങളായിരുന്നാലും ശരി, അദ്ദേഹത്തിന്റെ ജീവിതം അത്യന്തം അബദ്ധവും ആപൽസന്നിഗ്ദ്ധവുമായിരിക്കും. അങ്ങനെയുള്ള പുരോഹിതൻ രണ്ടുതരം ആപത്തുകളിൽ ഉൾപ്പെടുന്നു. ഒന്നാമതായി, അദ്ദേഹം സ്വന്തം നിത്യരക്ഷയെ അപകടത്തിലാക്കുന്നു. ഈ അപകടത്തെ ഭയപ്പെട്ടുകൊണ്ടാണു പുറജാതികളുടെ മഹാശ്ലീഹാ ഇങ്ങനെ പറയുന്നതു്: "എന്നാൽ ഞാൻ എന്റെ ശരീരത്തെ ബന്ധിപ്പിക്കുകയും അതിനെ എന്റെ വരുതിയിൽ നിറുത്തുകയും ചെയ്യുന്നു; അല്ലാത്തപക്ഷം, ഞാൻ മറ്റുള്ളവരോടു പ്രസംഗിച്ചശേഷം ഒരുവേള ഞാൻതന്നെ ബഹിഷ്കൃതനായേയ്ക്കാം". [2] രണ്ടാമതായി, ദൈവത്തിന്റെ പ്രസാദവരം ഒരുവേള അദ്ദേഹത്തിനു സ്വാധീനമായിരുന്നാൽത്തന്നെയും, പരിശുദ്ധാത്മാവിന്റെ ദാനമായ—പൗരോഹിത്യസംബന്ധമായ ബാഹ്യപ്രവർത്തനങ്ങൾക്ക് അത്യത്ഭുതകരമായ ശക്തിയും ഫലസിദ്ധിയും പ്രദാനംചെയ്യുന്നതായ—ഭക്തിമധുരിമ അദ്ദേഹത്തിനു തീച്ചയായും നഷ്ടപ്പെടുന്നതാണ്. "നിങ്ങളുടെ സ്വർഗ്ഗീയപിതാവു ഉണ

സമ്പൂർണ്ണനായിരിക്കുന്നപോലെ നിങ്ങളും ഗുണസമ്പൂർണ്ണരായിരിക്കുവിൻ" [1] എന്ന പ്രബോധനം എല്ലാ ക്രിസ്ത്യാനികൾക്കും സാമാന്യമായി നൽകിയിട്ടുള്ളതാണ്. ആ സ്ഥിതിക്ക്, മിശിഹായെ ഇതരന്മാരെക്കാളധികം അടുത്തുനിന്ന് അനുഗമിക്കാൻ പ്രത്യേകവിധം വിളിക്കപ്പെട്ടിരിക്കുന്ന തനിക്കു ദിവ്യയജമാനൻ ഈ പ്രബോധനം നൽകുന്നുണ്ടെന്നു വിചാരിക്കാൻ പുരോഹിതന് എത്രയധികം ന്യായമുണ്ട്? തന്മൂലം തനിക്കുള്ള സകല വൈദികരും സ്വജീവിതവിശുദ്ധീകരണത്തെ തങ്ങളുടെ അനപേക്ഷണീയമായ കർത്തവ്യമായി കരുതണമെന്നു തിരുസഭ നിശ്ചയിക്കുകയും, ആ നിശ്ചയത്തെ താഴെക്കാണുന്ന വാക്കുകളിൽ കാനോൻനിയമസംഹിതയിൽ ചേർക്കുകയും ചെയ്തിരിക്കുന്നു. "വൈദികർ നയിക്കുന്ന ജീവിതം ആഭ്യന്തരമായും ബാഹ്യമായും അൽമേനികളുടേതിനേക്കാൾ വിശുദ്ധിയുള്ളതായിരിക്കണം; അവർ സുകൃതാഭ്യാസത്തിലും സൽപ്രവർത്തനങ്ങളിലും അൽമേനികളെ അതിശയിക്കയും അവർക്കു മാതൃകയായിരിക്കുകയും വേണം". [2] മാത്രമല്ല, പുരോഹിതൻ മിശിഹായുടെ സ്ഥാനപതിയായിരിക്കുന്നതിനാൽ, [3] "ഞാൻ മിശിഹായെ അനുഗമിക്കുന്നതുപോലെ നിങ്ങളും എന്നെ അനുഗമിക്കുവിൻ" [4] എന്നുള്ള വി. പൌലോസിന്റെ വാക്യം സ്വന്തമാക്കി പറയാൻ പ്രാപ്തനാകത്തക്കവിധം അദ്ദേഹം ജീവിക്കണം. തന്റെ സുകൃതജീവിതത്തിന്റെ പ്രഭാവത്താൽ ലോകത്തെ ഉദ്ദീപിപ്പിച്ചിട്ടുള്ളതും ഇപ്പോഴും ഉദ്ദീപിപ്പിച്ചുകൊണ്ടിരിക്കുന്നതുമായ ക്രിസ്തുവിന്റെ ഒരു ശരിപകർപ്പായി, മറെറാരു ക്രിസ്തുവായി, അദ്ദേഹം ജീവിക്കേണ്ടിയിരിക്കുന്നു.

സുദ്ധമായ ദൈവഭക്തി.

ഇക്കാരണങ്ങളാൽ സകല ക്രിസ്തീയപുണ്യങ്ങളും പുരോഹിതന്റെ ആത്മാവിൽ വളർന്നുകൊണ്ടിരിക്കേണ്ടതാണെന്നു സ്പഷ്ടമാകുന്നു. എന്നാൽ ചില പുണ്യങ്ങൾ പൗരോഹിത്യത്തിനു് ഏറ്റവും അനുയോജ്യവും ആവശ്യകവുമായിരിക്കുന്നതിനാൽ അവയെ അദ്ദേഹം പ്രത്യേകവിധത്തിൽ അഭ്യസിക്കേണ്ടതാണു്. അവയിൽ ഒന്നാമത്തേതു്, പൗലോസുശ്ലീഹായുടെ പ്രബോധനമനുസരിച്ചു്, ദൈവഭക്തിയാകുന്നു. "ദൈവഭക്തി അഭ്യസിക്കുവിൻ" [1] എന്നു് ആ ശ്ലീഹാ തിമാത്തേയോസിനോടു് ഉപദേശിക്കുന്നു. അതേ, പുരോഹിതനു ദൈവത്തോടുള്ള ബന്ധം ഏറ്റവും ഗാഢവും ഏറ്റവും മൃദുവും ഏറ്റവും സതതവുമായിരിക്കുകയാൽ, അതു ഭക്തിമധുരിമയാൽ സദാ അലംകൃതമായിരിക്കണം. "ദൈവഭക്തി എല്ലാകാര്യങ്ങൾക്കും പ്രയോജനകരമാണെ"ങ്കിൽ,[2] പൗരോഹിത്യസംബന്ധമായ ജോലിയുടെ ശരിയായ നിർവ്വഹണത്തിനു് അതു തീർച്ചയായും പ്രയോജനകരമായിരിക്കും. ദൈവഭക്തിയില്ലാതെ പുരോഹിതൻ ചെയ്യുന്ന എത്രവലുതായ പുണ്യപ്രവൃത്തികളും, എത്ര ഗൗരവാവഹമായ തിരുക്കർമ്മങ്ങളും കേവലം ഒരു യന്ത്രത്താലെന്നവണ്ണം വെറും ചിട്ടയനുസരിച്ചു ചെയ്യപ്പെടുന്നതേ ആയിരിക്കുകയുള്ളൂ. അവ ആത്മാർത്ഥതയോ, ഭക്തിവൈരാഗ്യമോ, ചൈതന്യമോ ഉള്ളവയായിരിക്കയില്ല. എന്നാൽ, വന്ദ്യസഹോദരരേ, നാം ഇവിടെ പറയുന്ന ദൈവഭക്തി അന്തസ്സാരവിഹീനവും ഉപരിപ്ലവവുമായ

ഭക്തിയല്ലെന്നു നിങ്ങൾ മനസ്സിലാക്കണം. അത്തരം ഭക്തി മനുഷ്യരെ ആകർഷിക്കുമെങ്കിലും, അവർക്കു പോഷണം നൽകുന്നില്ല; അതു മനുഷ്യർക്കുവേണ്ടിയുള്ള കൃത്യാന്തരങ്ങളിൽ ഒരുവനെ വ്യാപൃതനാക്കുമെങ്കിലും, അവരുമായി അവരെ വിശുദ്ധീകരിക്കുന്നില്ല. മാറിമാറിക്കൊണ്ടിരിക്കുന്ന മാനസികവികാരങ്ങളെ ആശ്രയിച്ചിരിക്കാത്ത ഉറച്ച ദൈവഭക്തിയെയാണു നാം ഇവിടെ വിവക്ഷിക്കുന്നതു്. അതു് അബദ്ധരഹിതമായ വിശ്വാസതത്വങ്ങളിൽ അടിയുറച്ചിരിക്കുന്നു; അചഞ്ചലങ്ങളായ ബോദ്ധ്യങ്ങളാൽ ഭരിക്കപ്പെടുന്നു; തന്നിമിത്തം പ്രലോഭനങ്ങളുടെ ആക്രമണങ്ങളേയും മായാമോഹങ്ങളേയും തടുത്തു നില്ക്കുകയും ചെയ്യുന്നു. ഈ ഭക്തി പ്രഥമമായി സ്വർഗ്ഗത്തിലെ നമ്മുടെ പിതാവായ ദൈവത്തെ ലക്ഷീകരിച്ചുള്ളതായിരിക്കണം; എന്നു വരികിലും ദൈവമാതാവും അതിന്റെ ലക്ഷ്യത്തിൽ ഉൾപ്പെട്ടിരിക്കേണ്ടതാണു്. പുരോഹിതൻ സാധാരണവിശ്വാസികളേക്കാളധികം മാതാവിനോടു ഭക്തിയുള്ളവനായിരിക്കാൻ ന്യായമുണ്ടു്. എന്തുകൊണ്ടെന്നാൽ മറിയത്തിനു തന്റെ ദിവ്യകുമാരനോടുള്ള ബന്ധത്തോടു ദാർഢ്യത്തിലും യാഥാർത്ഥ്യത്തിലും അധികം സാദൃശ്യം വഹിക്കുന്നതു് പുരോഹിതനു മിശിഹായോടുള്ള ബന്ധമാണു്.

ചാരിത്ര്യം

കത്തോലിക്കപുരോഹിതന്റെ ദൈവഭക്തിയെക്കുറിച്ചു വ്യവഹരിക്കുമ്പോൾ, കത്തോലിക്കപുരോഹിത്യത്തിൽ നിക്ഷിപ്തമായിരിക്കുന്ന വേറൊരു അമൂല്യനിധി

യെക്കുറിച്ചു,' അതായതു,' ചാരിത്രത്തെക്കുറിച്ചു,' പ്രസ്താവിക്കാതെ ഗത്യന്തരമില്ല. എന്തുകൊണ്ടെന്നാൽ ചാരിത്രത്തിന്റെ അന്തസ്സാരവും മനോഹരതയും ദൈവഭക്തിയിൽ നിന്നാണു് ഉത്ഭവിക്കുന്നതു്. ലത്തീൻസഭയിൽപ്പെട്ട ശമ്മാശന്മാർ വലിയ പട്ടങ്ങൾ സ്വീകരിക്കുന്നതുമുതൽ ചാരിത്രം ആചരിക്കാൻ പ്രത്യേകനിബന്ധനയാൽ ചുമതലപ്പെട്ടവരാകുന്നു. ചാരിത്രം മുഴുവനായും പരിപൂർണ്ണമായും ആചരിക്കാനുള്ള അവരുടെ ഈ ചുമതല അത്യന്തം ഗൌരവാവഹമായതാകയാൽ, അതിനെ ലംഘിക്കുന്നപക്ഷം, പുണ്യവസ്തുഷ്ണമെന്ന കുറ്റത്തിൽ അവർ വിശേഷാൽ ഉൾപ്പെട്ടും.[1]

ഈ നിയമം അതിന്റെ പൂർണ്ണമായ വ്യാപ്തിയിൽ പൌരസ്ത്യസഭകളിലെ വൈദികരെ ബന്ധിക്കുന്നില്ല. എങ്കിലും, അവരിൽ ചിലർക്കു്, മേല്പട്ടക്കാർക്കു് പ്രത്യേകിച്ചും, ഈ നിയമം അനുസരിക്കാൻ അനുപേക്ഷണീയമായ ചുമതലയുണ്ടു്.

ചാരിത്രമെന്ന പുണ്യവും പുരോഹിതവൃത്തിയും തമ്മിൽ ഒരു ബന്ധമുണ്ടെന്നു സാമാന്യബുദ്ധികൊണ്ടുതന്നെ നമുക്കു കാണാവുന്നതാണു്. "ദൈവം അശരീരനാകുന്നു".[2] തന്മൂലം ദൈവസേവനാർത്ഥം തന്നെത്തന്നെ സമർപ്പിക്കുകയും പ്രതിഷ്ഠിക്കുകയും ചെയ്യുന്നവൻ ഒരു വിധത്തിൽ "ശരീരം ത്യജിച്ചിരിക്കുന്നവൻ" ആയിരിക്കുക ഉചിതമാകുന്നു. പ്രാചീനറോമാക്കാർക്കു് ഈ ഔചിത്യബോധമുണ്ടായിരുന്നതിനാൽ "ചാരിത്രത്തോടുകൂടി വേണം ദേവന്മാരെ സമീപിക്കാൻ" എന്നു് അവർക്കു് ഒരു നിയമമുണ്ടായിരുന്നു. അവരുടെ മഹാവാഗ്മികളി

ലൊരാൾ പ്രസ്തുതവാക്യം ഉദ്ധരിച്ചശേഷം അതിനെ ഇപ്രകാരം വിശദീകരിക്കുന്നു. "ചാരിത്രത്തോടുകൂടിവേണം ദേവന്മാരുടെ മുമ്പിൽ ഹാജരാകുവാനെന്ന നിയമം നമ്മെ അനുശാസിക്കുന്നു.—ആത്മാവിന്റെ ചാരിത്രമെന്നു താല്പര്യം; ആത്മാവിലാണല്ലൊ സമസ്തവും അടങ്ങിയിരിക്കുന്നതു്. എന്നാൽ അതുകൊണ്ടു ശരീരത്തിന്റെ ചാരിത്രം വേണ്ടെന്നു വരുന്നില്ല; ഇതും വേണമെന്നു തന്നെയാണു മനസ്സിലാക്കേണ്ടതു്. കാരണം, ആത്മാവു ശരീരത്തെക്കാൾ എത്രയോ ഉപരിയായിരിക്കുന്നു. ആത്മികചാരിത്രം പരിരക്ഷിക്കപ്പെടാത്തപക്ഷം ശാരീരികചാരിത്രം ആചരിക്കാൻ സാധിക്കയില്ലെന്നു അനുസ്മരിക്കേണ്ടിയിരിക്കുന്നു".[1] പുരോഹിതന്മാരും പുരോഹിത്യപരമായ ഉദ്യോഗങ്ങൾ നിർവ്വഹിച്ചിരുന്ന ഏഴു ദിവസങ്ങളിലും ക്ഷേത്രത്തിനുള്ളിൽത്തന്നെ വസിക്കണമെന്നും, അങ്ങനെ ചാരിത്രം ആചരിക്കണമെന്നും മോശ അവരോടു ദൈവനാമത്തിൽ ആജ്ഞാപിച്ചിരുന്നു.[2]

എന്നാൽ ക്രിസ്തീയപൗരോഹിത്യം പുരാതനിയമത്തിലേതിനേക്കാൾ എത്രയോ ഉപരിയായിരിക്കുന്നു. അതിനാൽ അതു് ഉപരിയായ വിശുദ്ധി ആവശ്യപ്പെടുകയും ചെയ്യുന്നു. വൈദികചാരിത്രനിയമത്തിന്റെ ലിഖിതമായ ലക്ഷ്യം ആദ്യമായി കാണുന്നതു വേദപ്രഘോഷണം ശക്തിപ്പെട്ടുകൊണ്ടുതന്നെയിരുന്ന നാലാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ എൽവീരാ എന്ന സ്ഥലത്തു കൂടിയ സൂനഹദോസിലെ ഒരു നിശ്ചയത്തിലാണു്.[3] ലിഖിതനിയമം അന്നുണ്ടായെങ്കിൽ അതിനുമുമ്പുതന്നെ

വൈദികർ ചാരിത്രം ആചരിക്കുകയും, അങ്ങനെ ലിഖിതമല്ലാത്ത നിയമം ഉണ്ടായിരിക്കുകയും ചെയ്തിരിക്കണം. സുവിശേഷങ്ങളിലെയും അപ്പൊസ്തോലികലേഖനങ്ങളിലെയും പ്രബോധനങ്ങളിൽനിന്നും ഉളവാകുന്ന ഒരു ധാമ്മികബോധം ആവശ്യപ്പെടുന്ന അനുഷ്ഠാനത്തെ പ്രസ്തുതനിയമം ഒരു കർത്തവ്യമാക്കി കല്പിക്കുകമാത്രമാണു ചെയ്തത്. എന്തുകൊണ്ടെന്നാൽ, ദിവ്യയജമാനൻ ചാരിത്രത്തെ അത്യന്തം വിലമതിക്കയും, സാമാന്യജനങ്ങൾക്ക് അപ്രാപ്യമായ ഒരുന്നതനില അതിനു പ്രദാനംചെയ്കയും ചെയ്തിരിക്കുന്നു. അവിടുന്നു കന്യകാമാതാവിന്റെ പുത്രൻ "കന്യകാമാതാവിൽ വിടുന്ന പുഷ്പം"[1]— ആണു; യൌസേപ്പിന്റെയും മറിയത്തിന്റെയും കന്യകാകുടുംബത്തിലാണു് അവിടുന്നു് വളർത്തപ്പെട്ടതു്. യോഹന്നാൻമാംഭാനാ, യോഹന്നാൻ ഏവൻഗേലീസ്താ മുതലായി ചാരിത്രനിഷ്ഠരായ ആത്മാക്കളോടു് അവിടുന്നു പ്രത്യേകസ്നേഹം പ്രദർശിപ്പിച്ചു. മഹാശ്ലീഹായായ പൗലോസു്, പുതിയനിയമത്തിന്റെയും മിശിഹായുടെ മനോഗതികളുടെയും പ്രമാദരഹിതനായ ആ വ്യാഖ്യാതാവു്, ചാരിത്രത്തെ ഉപരിതീക്ഷ്ണമായ ദൈവസേവനത്തിനു സഹായമായി ഗണിച്ചുകൊണ്ടു്, അതിന്റെ അമൂല്യതയെ പ്രഘോഷിക്കയും താഴെക്കാണുന്ന ന്യായത്താൽ തെളിയിക്കുകയും ചെയ്തു. "ഭാര്യാരഹിതനായ ആൾ, ദൈവത്തെ ഏതുവിധം പ്രസാദിപ്പിക്കേണ്ടുവെന്നുള്ള വിചാരത്താൽ, കർത്താവിനു് ഉടമപ്പെട്ട കാര്യങ്ങളിൽ തല്പരനായിരിക്കുന്നു."[2] ഇതിൽനിന്നെല്ലാം മിക്കവാറും അപ്രതിഹതങ്ങളായിട്ടുണ്ടായ ഫലങ്ങൾ ഏവയെന്നു പറ

യാം. പുതിയനിയമത്തിലെ പുരോഹിതന്മാർക്ക് ഈ വിശിഷ്ടപുണ്യത്തിന്റെ സ്വർഗ്ഗീയമായ ആകർഷകത അനുഭവവേദ്യമായി; "ഈ ഉപദേശം സ്വീകരിക്കാനുള്ള അനുഗ്രഹം ഭത്തമായ"[1]വരുടെ ഗണത്തിൽ ഉൾപ്പെടാൻ അവർക്ക് ആഗ്രഹമുണ്ടാകയും, അതു് അലംഘനീയമായി ആചരിച്ചുകൊള്ളാമെന്ന് അവർ സ്വമേധയാ സമ്മതിക്കുകയും ചെയ്തു. കാലവിളംബമെന്യേ ആ ആചാരത്തിനു, ലത്തീൻസഭയിൽ, നിയമസാധുതപവും ലഭിച്ചു. "ശ്ലീഹന്മാർ പഠിപ്പിക്കുകയും ആദിമസഭ പാലിക്കുകയും ചെയ്ത ആചാരത്തെ നമുക്കും ആചരിക്കാം"[2]എന്ന നാലാം നൂറ്റാണ്ടിന്റെ അവസാനത്തിൽ കാർത്തേജിലെ രണ്ടാം സൂനഹദോസ് പ്രഖ്യാപനം ചെയ്തു.

വൈദികചാരിത്രം ആദ്യകാലത്തു പ്രാചീനസഭയിലും നിയമനിർദ്ദിഷ്ടമായ ഒരു കർത്തവ്യമായിരുന്നു

പൗരസ്ത്യസഭയിലെ സുപ്രസിദ്ധപിതാക്കന്മാരും കത്തോലിക്കാചാരിത്രത്തിന്റെ ഉൽകൃഷ്ടതയ്ക്കു സാക്ഷ്യം വഹിച്ചിട്ടുണ്ട്. മറ്റു കാര്യങ്ങളിലെന്നപോലെ ഇതിലും, ലത്തീൻസഭയും നിയമാനുഷ്ഠാനം പ്രാബല്യത്തിലിരുന്ന പൗരസ്ത്യസഭാപ്രദേശങ്ങളും തമ്മിൽ ഐകരൂപ്യമുണ്ടായിരുന്നു. ചാരിത്രം ആചരിക്കേണ്ട പ്രമേയ അഞ്ചാംപട്ടക്കാർക്കുമുണ്ടായിരുന്നെന്നു നാലാം നൂറ്റാണ്ടിന്റെ അവസാനത്തിൽ ജീവിച്ചിരുന്ന വി: എപ്പിഫാനിയോസ് പ്രസ്താവിക്കുന്നു: "വൈവാഹികാവസ്ഥയിൽ ജീവിക്കുന്നവനും സന്താനസഹിതനുമായ ആ

രെയും, അയാൾ ഏകഭാര്യനാണെങ്കിൽപോലും, ആറാം പട്ടക്കാരൻ, പട്ടക്കാരൻ, മെത്രാൻ എന്നീ സ്ഥാനങ്ങളിലേയ്ക്ക് ഒരു കാരണവശാലും സഭ സ്വീകരിക്കുന്നില്ല; ഭാര്യ മരിക്കയോ വിവാഹജന്യമായ അവകാശം ഉപയോഗിക്കാതിരിക്കുകയോ ചെയ്യുന്നവനെ മാത്രമേ സ്വീകരിക്കുകയുള്ളൂ. കാനോൻ നിയമവ്യവസ്ഥകൾ അഭംഗമായി അനുഷ്ഠിക്കപ്പെടുന്ന സ്ഥലങ്ങളിൽ പ്രത്യേകിച്ചും ഈ വിധമാണു നടക്കുന്നതു്."[1] എഡേസ്സായിലെ ആറാം പട്ടക്കാരനും, സാവ്രുതികസഭയിലെ വേദപ്രചാരകനും, "പരിശുദ്ധാത്മാവിന്റെ വീണ"യെന്ന സകാരണം നാമകരണം ചെയ്യപ്പെട്ടിട്ടുള്ള ആളും, സുറിയാനിക്കാരനുമായ വി: അപ്രേം ഈ വിഷയത്തെ സവിശേഷമായ വാഗ്മിതയോടുകൂടിയാണു പ്രതിപാദിക്കുന്നതു്.[2] തന്റെ സുഹൃത്തായ അബ്രാഹം മെത്രാന്നു് എഴുതി അയച്ച ഒരു പത്രത്തിൽ അദ്ദേഹം ഇങ്ങനെ പറയുന്നു: "അബ്രാഹം എന്നാ അങ്ങയുടെ നാമം അനുചിതമായിരിക്കുന്നു. എന്തുകൊണ്ടെന്നാൽ അങ്ങും അനേകരുടെ പിതാവാണു്. എന്നാൽ അബ്രാഹത്തിനു സാറായെന്നപോലെ അങ്ങേയ്ക്കു ഭാര്യയില്ലാത്തതിനാൽ, അങ്ങയുടെ അജഗണമാണു് അങ്ങയുടെ ഭാര്യയെന്നറിഞ്ഞാലും. അതിൽനിന്നുണ്ടാകുന്ന സന്താനങ്ങളെ അങ്ങു സ്വീകരിച്ചിരിക്കുന്ന സത്യത്തിൽ വളർത്തിയാലും; അവർ അങ്ങേയ്ക്കു് ആദ്ധ്യാത്മികപുത്രരും, പരദീസായ്ക്കു് അവരെ അവകാശികളാക്കിത്തീർത്ത വാഗ്ദാനത്തിന്റെ സന്താനങ്ങളുമായി ഭവിക്കട്ടെ. ചാരിത്രത്തിന്റെ മധുരഫലമേ! നിന്നിൽ പുരോഹിതന്മാർ ആനന്ദം കണ്ടെത്തുന്നു. . . .

സമൃദ്ധി നിന്റെമേൽ പ്രവഹിച്ചു നിന്നെ അഭിഷേചിച്ചു. ഒരു കരം നിന്നെ തൊടുകയും നിന്നെ തിരഞ്ഞെടുക്കുകയും ചെയ്തു. തിരുസഭ നിന്നെ ആഗ്രഹിക്കയും പ്രിയങ്കരമായി ഗണിക്കുകയും ചെയ്തു." വേറൊരു ഭാഗത്തു് ഇങ്ങനെ പറയുന്നു; "സ്വന്തം ആത്മാവിനെയും നാവിനെയും കരത്തെയും ശുദ്ധമാക്കുകയും സ്വന്തം ശരീരം മുഴുവനും നിർമ്മലമാക്കുകയും ചെയ്തതുകൊണ്ടുമാത്രം പുരോഹിതന്റെയും പൌരോഹിത്യനാമത്തിന്റെയും കർത്തവ്യം മുഴുവനായി നിർവ്വഹിക്കപ്പെട്ടുന്നില്ല; സജീവശരീരത്തെ ബലിയർപ്പിക്കുന്ന ആളുടെ കർത്തവ്യം അതുകൊണ്ടുമാത്രം മുഴുവനായി നിർവ്വഹിക്കപ്പെട്ടുന്നില്ലെന്നു ഞാൻ പറയുന്നു. അദ്ദേഹം സദാ പരിപൂർണ്ണമായും അന്യാദൃശമായും നിർമ്മലനായിരിക്കണം. എന്തുകൊണ്ടെന്നാൽ അദ്ദേഹം ദൈവത്തിന്റെയും മനുഷ്യവർഗ്ഗത്തിന്റെയും മദ്ധ്യവർത്തിയായി നിയമിക്കപ്പെട്ടിരിക്കുന്നു. തന്റെ ദാസന്മാരെ നിർമ്മലനാക്കിയ ആ ദിവ്യപുരുഷൻ വാഴ്ത്തപ്പെടട്ടെ".[2] വി: യോഹന്നാൻ ക്രിസോസ്തോമോസ് പറയുന്നു: "ഒരു പുരോഹിതനെ ഭ്രമിയിൽനിന്നും ഉയർത്തി സ്വർഗ്ഗലോകത്തിൽ കൊണ്ടുപോയി വയ്ക്കുന്നപക്ഷം മാലാഖാമാരുടെ ഗണത്തിൽ സ്ഥാനം ലഭിക്കത്തക്കവണ്ണം അദ്ദേഹം അത്രയധികം നിർമ്മലനായിരിക്കണം."[3] ചുരുക്കത്തിൽ, ക്രിസ്തീയപൌരോഹിത്യത്തിന്റെ ഔന്നത്യം—വി: എപ്പിഫാനിയോസിന്റെ ഭാഷയിൽ പറഞ്ഞാൽ, അതിന്റെ "ആശ്ചര്യാവഹമായ ബഹുമതിയും മാഹാത്മ്യവും"[4]—നാം സംക്ഷേപമായി വിവരിച്ചിട്ടുള്ളതിൽനിന്നു വൈദികചാരിത്രവും തത്സംബന്ധമായ സ

ഭാനിയമവും എത്രയും സമുചിതമായതാണെന്നു കാണാവുന്നതാണ്. പുരോഹിതൻ അനുഷ്ഠിക്കേണ്ട കർത്തവ്യം, ഒരുവിധത്തിൽ, എത്രയും നിർമ്മലരായ മാലാഖമാരുടെതിനേക്കാൾ ഉൽകൃഷ്ടമാകുന്നു. "അദ്ദേഹം ദൈവസന്നിധിയിൽ നില്ക്കുന്നവനാണ്"; [1]തന്മൂലം അദ്ദേഹം മാലാഖാസദൃശമായ ജീവിതം നയിക്കാൻ ന്യായമില്ലയോ? ദൈവകാര്യങ്ങൾക്കു മുഴുവനായി പ്രതിഷ്ഠിക്കപ്പെടേണ്ട ഒരാളാണു പുരോഹിതൻ,[2] തന്മൂലം അദ്ദേഹം ലൗകികകാര്യങ്ങളിൽനിന്നു നിർദ്ദോഷം വേർപെട്ട സ്വർഗ്ഗത്തോടു സാസ്ത്രമുള്ളവനായിരിക്കാൻ ന്യായമില്ലയോ?[3] ആത്മാക്കളുടെ നിത്യരക്ഷയിൽ ഉൽസുകനായിരുന്നു, ദിവ്യരക്ഷകൻ അവർക്കുവേണ്ടി ചെയ്ത വേലയെ തുടരുകയാണു പുരോഹിതന്റെ ഉദ്യോഗം; തന്മൂലം, അദ്ദേഹം കുടുംബസംബന്ധമായ പ്രാരബ്ധങ്ങളിൽനിന്ന് — തന്റെ ജീവച്ഛക്തികളുടെ ഒരു വലിയഭാഗം അപഹരിക്കാനിടയുള്ളവയിൽ നിന്ന്—ഒഴിഞ്ഞിരിക്കാൻ ന്യായമില്ലയോ?

ഇനി, പുരോഹിത്യം പ്രദാനം ചെയ്യുന്ന തിരുക്കർമ്മത്തെക്കുറിച്ചാലോചിക്കുക. കത്തോലിക്കസഭയിൽ സുപരിചിതമായ ഒന്നായിരുന്നിട്ടും, ആ കർമ്മം അതിൽ സംബന്ധിക്കുന്നവരുടെ ഹൃദയത്തെ സ്പർശിക്കാൻ തീർച്ചയായും പര്യാപ്തമാണ്. പട്ടസ്ഥാനാർത്ഥികളായ യുവാക്കന്മാർ അഞ്ചാംപട്ടം സ്വീകരിക്കുന്നതിനുമുമ്പ്, അതായതു്, ദൈവസേവനത്തിനും ദൈവാരാധനയ്ക്കുമായി തങ്ങളെത്തന്നെ മുഴുവനായി പ്രതിഷ്ഠിക്കുന്നതിനുമുമ്പ്, മറ്റു ജീവിതവൃത്തിയിൽ അവർക്കു ന്യായമായി അനുഭ

വിക്കാവുന്ന ആനന്ദങ്ങളേയും സന്തോഷങ്ങളേയും സ്വമനസാ പരിത്യജിക്കുന്ന കാഴ്ച എത്ര മനോഹരമായിരിക്കുന്നു! "സ്വമനസാ" എന്നു നാം പറയുന്നതിനു കാരണമുണ്ട്. എന്തെന്നാൽ, പട്ടസ്ഥാനം സ്വീകരിച്ചശേഷം അവർക്കു വിവാഹം ചെയ്യുന്നതിനു സ്വാതന്ത്ര്യമില്ലെങ്കിലും, അവർ പട്ടസ്ഥാനം സ്വീകരിക്കാൻ ചെല്ലുന്നതു യാതൊരാളുടേയും, യാതൊരു നിയമത്തിന്റേയും, നിർബന്ധം കൂടാതെയും സ്വേച്ഛാനുസാരമായ സമ്മതത്താലുമാകുന്നു.[1]

പൗരസ്ത്യസഭയിൽ ഇന്നു നിലവിലിരിക്കുന്ന നിയമാനുസൃതമായ ആചാരം വ്യത്യസ്തമാണു്

ഇതൊക്കെ ശരിയാണെങ്കിലും ഒന്നു മനസ്സിലാക്കണം. വൈദികചാരിത്രത്തെ പ്രശംസിച്ചു നാം പറഞ്ഞിട്ടുള്ളതിൽനിന്നു്, പൗരസ്ത്യസഭയിൽ നിലവിലിരിക്കുന്ന നിയമാനുസൃതമായ ആചാരം അനുചിതമോ അനാദരണീയമോ ആണെന്നു നാം വിചാരിക്കുന്നതായി ആരും തെറ്റിദ്ധരിക്കരുതെന്നു നമുക്കു ആഗ്രഹമുണ്ട്. കത്തോലിക്കാപൗരോഹിത്യത്തിന്റെ ബഹുമാനധാവള്യത്തിനു നിദാനമായി നാം പരിഗണിക്കുന്ന ഒരു പുണ്യത്തെ, ഈശോയുടെതിരുഹൃദയത്തിന്റെ അഭിലാഷങ്ങൾക്കും പുരോഹിതരായ ആത്മാക്കളെ സംബന്ധിച്ചു് അവിടുത്തേയ്ക്കുള്ള ഉദ്ദേശങ്ങൾക്കും അധികം അനുയോജ്യമെന്നു നമുക്കു തോന്നുന്ന ഒരു പുണ്യത്തെ, ദൈവേഷ്ടിയിൽ പ്രകീർത്തിക്കണമെന്നുള്ള ഉദ്ദേശ്യത്തോടുകൂടി മാത്രമാണു നാം ആ പ്രസ്താവങ്ങൾ ചെയ്തിട്ടുള്ളതു്.

ഭൗതികവസ്തുക്കളെക്കുറിച്ചുള്ള വൈരാഗ്യം

ചാരിത്രത്തിലെന്നപോലെതന്നെ, ഭൗതികവസ്തുക്കളെ സംബന്ധിച്ചുള്ള വൈരാഗ്യത്തിലും കത്തോലിക്കപുരോഹിതൻ ഇതരന്മാരെ അതിശയിക്കുന്നവനായിരിക്കണം. എന്തും കൊള്ളാനും കൊടുക്കാനും കഴിവുള്ള ലോകത്തിലെ മാലിന്യങ്ങൾക്കു മദ്ധ്യേയാണു ജീവിക്കുന്നതെങ്കിലും, സ്വാർത്ഥതല്പരതയ്ക്ക് അശേഷം വശംവദനാകാതെ അദ്ദേഹം അവയെ തരണം ചെയ്യേണ്ടിയിരിക്കുന്നു. പരിശുദ്ധമായ വിചാരങ്ങളാൽ പ്രേരിതനായി, അദ്ദേഹം ഭൗതികമായ ആഭായങ്ങൾക്കായുള്ള ഹീനമായ സകലമോഹങ്ങളും പരിത്യജിക്കണം. എന്തുകൊണ്ടെന്നാൽ അദ്ദേഹത്തിന്റെ പ്രയത്നങ്ങളുടെ ലക്ഷ്യം ആത്മാക്കളാണ്, പണമല്ല; ദൈവമഹത്വമാണ്, സ്വമഹത്വമല്ല; അദ്ദേഹം ലൗകികമായ പ്രതിഫലത്തിനു വേണ്ടി വേലചെയ്യുന്ന തൊഴിലാളിയല്ല; ഉദ്യോഗകൃത്യങ്ങളെ ധർമ്മബോധത്തോടുകൂടി അനുഷ്ഠിക്കുന്ന വേളയിൽ സ്വകാര്യലാഭത്തെയും ഉദ്യോഗക്കയറ്റത്തെയും ലക്ഷ്യമായി കരുതുന്ന മുതലാളിയുമല്ല; അദ്ദേഹം "മിശിഹായുടെ നല്ല പടയാളി"യാണ്. "ആക്ക സേവനം ചെയ്യാമെന്നു താൻ വാശാനം ചെയ്യുവോ ആ ആളെ പ്രസാദിപ്പിക്കുന്നതിനുവേണ്ടി, ഭൗതികകാര്യവിചാരങ്ങളുമായി കെട്ടുപിണഞ്ഞിരിക്കാത്തവനാണ്."[1] പുരോഹിതൻ ആത്മാക്കളുടെ പിതാവാകുന്നു. തന്റെ പ്രയത്നങ്ങൾക്കും ബുദ്ധിമുട്ടുകൾക്കും ധനവും ബഹുമതികളും തക്ക പ്രതിഫലമാകയില്ലെന്ന് അദ്ദേഹത്തിനറിയാം. കാലക്ഷേപത്തിനുള്ള വക വാങ്ങുന്നതിനു അദ്ദേഹം തീ

ച്ചയായും വിരോധിക്കപ്പെട്ടിട്ടില്ലെന്നു പൗലോസ്ശ്ലീഹായുടെ വാക്യങ്ങൾ സാക്ഷ്യം വഹിക്കുന്നുണ്ട്. "അപ്പോസ്തോലശ്രുശ്രൂഷകന്മാർക്ക് അപ്പോസ്തോലയിൽനിന്നു പങ്കു പറ്റാവുന്നതാണ്. . . . അപ്രകാരംതന്നെ സുവിശേഷപ്രാസംഗികന്മാർ സുവിശേഷംകൊണ്ടു ഉപജീവിക്കേണ്ടതാണെന്നു കർത്താവു നിശ്ചയിച്ചിട്ടുണ്ട്."[1]

എന്നാൽ പുരോഹിതൻ "ക്ലെറിക്കു" (വൈദികൻ) എന്ന സ്ഥാനപ്പേരിലെ വിവക്ഷയനുസരിച്ചു് "കർത്താവിനെ പിതൃധനമായി സ്വീകരിക്കാൻ വിളിക്കപ്പെട്ടതു്," എപ്പോഴാണോ അപ്പോൾ മുതൽ, അദ്ദേഹം പ്രതീക്ഷിക്കുന്ന പ്രതിഫലം കർത്താവു തന്നെ വാഗ്ദാനം ചെയ്തതു മാത്രമേ ആയിരിക്കാവു. "സത്യത്തിൽ നിങ്ങളുടെ സമ്മാനം വലിയതാകുന്നു."[2] ഈ ദിവ്യവാഗ്ദാനങ്ങളെ വിസ്മരിച്ചു് "ഹീനമായ ആദായമോഹിക്കുന്ന"[3] പുരോഹിതൻ ശാപഗ്രസ്തൻ! "എല്ലാവരും തൻകാര്യങ്ങൾ അന്വേഷിക്കുന്നു, ഈശോമിശിഹായുടെ കാര്യങ്ങളല്ല."[4] എന്നു് അപ്പസ്തോലന്റെ വാക്യത്തിൽ തിരുസഭ ആരെക്കുറിച്ചു വിലപിക്കുന്നോ ആ ലൗകായതികന്മാരുടെ ഗണത്തിൽ ചേരുന്ന പുരോഹിതൻ ശാപഗ്രസ്തൻ! അങ്ങനെയുള്ള പുരോഹിതൻ തന്റെ ഉദ്യോഗമനുസരിച്ചു ജീവിക്കാത്തതിനുപുറമെ, സജ്ജനങ്ങളുടെ നിന്ദാപാത്രമായിത്തീരുകയും ചെയ്യും. മിശിഹാ സ്പഷ്ടമായി പ്രബോധിപ്പിച്ചതും പുരോഹിതൻ അവശ്യം പഠിപ്പിക്കേണ്ടതുമായ പ്രമാണത്തിനു പരിതാപകരമായവിധം വിരുദ്ധമായിട്ടാണു് അദ്ദേഹത്തിന്റെ നടപടിയെന്നു് അവർ മനസ്സിലാക്കും. "നിങ്ങൾ

ലോകത്തിൽ സമ്പത്തു ശേഖരിക്കേണ്ട; അവയെ തുരുമ്പും ചിതലും തിന്നുകയും കള്ളന്മാർ ബലം പ്രയോഗിച്ചു് അപഹരിക്കുകയും ചെയ്യുന്നു. നിങ്ങൾ സ്വർഗ്ഗത്തിൽ സമ്പത്തു ശേഖരിക്കുവിൻ."[1] മിശിഹായുടെ ഒരപ്പസ്തോലനായ യൂദാസിനെ — "പന്ത്രണ്ടുപേരിലൊരുവൻ" എന്നു സുവിശേഷകന്മാർ ഉൽഘോഷിക്കുന്നു — ആളെ—പാപഗർത്തത്തിലേയ്ക്കു് ആനയിച്ചതു ഭൗതിക വസ്തുക്കളിലുള്ള മോഹം ഒന്നുതന്നെയാണു്. അവന്റെ കഥ അനുസ്മരിക്കുന്നപക്ഷം, ഈ ദുർമ്മോഹത്തിനു ശതാബ്ദങ്ങൾതോറും എത്രവലിയ നാശം തിരുസഭയിൽ വരുത്തിക്കൂട്ടാൻ സാധിച്ചുവെന്നു നിഷ്പ്രയാസം ഗ്രഹിക്കാവുന്നതാണു്. ധനമോഹം—അതിനെ "സകല തിന്മയുടെയും മൂലം"[2] എന്നാണു പരിശുദ്ധാത്മാവു നാമകരണം ചെയ്യുന്നതു്—ഏതു മഹാപാതകങ്ങൾക്കും പ്രേരണ നൽകാൻ പര്യാപ്തമാകുന്നു. ഈ ദുർവികാരവിഷത്തിനു് അധീനനായ പുരോഹിതൻ, മഹാ പാതകങ്ങൾ ചെയ്യാൻമാത്രം തുനിവുള്ളവനായില്ലെങ്കിലും, ദൈവത്തിന്റെയും തിരുസഭയുടെയും ശത്രുക്കളുമായി ഐക്യപ്പെടുകയും അവരുടെ ദുരുദ്ദേശ്യങ്ങൾ സാധിക്കുന്നതിൽ സഹകരിക്കുകയും ചെയ്യും.

നേരേമറിച്ചു്, ഭൗതികവസ്തുക്കളുടെ നേർക്കു പരമാർത്ഥമായ നിഷ്കിഞ്ചനഭാവം സ്വീകരിച്ചിട്ടുള്ള പുരോഹിതനു സകലഹൃദയങ്ങളെയും സ്വാധീനപ്പെടുത്താമെന്നു് ആശിക്കാം. എന്തുകൊണ്ടെന്നാൽ ഭൗതികവസ്തുക്കളെ സംബന്ധിച്ചുള്ള വൈരാഗ്യം സജീവമായ വിശ്വാസത്താൽ പ്രേരിതമാണെങ്കിൽ, എല്ലാത്തരം ദുർഭഗന്മാരുടെ

നേക്കുമുള്ള കരുണാമസൃണമായ വികാരവും അതോടുകൂടി ഉണ്ടായിരിക്കും. അങ്ങനെ പുരോഹിതൻ സാധുക്കളുടെ യഥാർത്ഥപിതാവായിത്തീരുകയും ചെയ്യും. "എന്റെ ഏറ്റവും നിസ്സാരനായ സഹോദരനിൽ ഒരുവൻ നിങ്ങൾ ചെയ്യുന്നതെന്തോ അതു നിങ്ങൾ എനിക്കു ചെയ്യുന്നു"[1] എന്നുള്ള ദിവ്യരക്ഷകന്റെ ഹൃദയസ്പർശകമായ വാക്കുകൾ അനുസ്മരിച്ചുകൊണ്ട്, അദ്ദേഹം സാധുക്കളിൽ ഈശോമിശിഹായെത്തന്നെ കാണുകയും പ്രത്യേകമായ സ്നേഹത്തോടുകൂടി അവരിൽ അവിടുത്തെ വന്ദിക്കുകയും സേവിക്കുകയും ചെയ്യുന്നതാണ്.

ആത്മാക്കളെക്കുറിച്ചുള്ള ഭക്തിതീക്ഷ്ണത

ഇങ്ങനെ കത്തോലിക്കപുരോഹിതൻ കുടുംബത്തോടും തൻകാര്യങ്ങളോടുമുള്ള ബന്ധങ്ങളിൽനിന്നും വിമുക്തനാകുന്നു. ഇവയാണല്ലൊ അദ്ദേഹത്തെ ഇഹലോകവുമായി പ്രഗാഢം കെട്ടിപ്പിണയ്ക്കാൻ കഴിയുന്ന പ്രധാന ശക്തികൾ. ഇവയിൽനിന്നും വിമുക്തനാകുന്നപക്ഷം, അദ്ദേഹത്തിന്റെ ഹൃദയത്തിന്, ഈശോയുടെ ഹൃദയത്തിൽ കത്തുന്നതും, അപ്പസ്തോലഹൃദയങ്ങളെ കത്തിജ്ജ്വലിപ്പിക്കണമെന്നും അവവഴിയായി "ഭൂമിയിലെങ്ങും തീയിടണ"[2]മെന്നും മാത്രം ആഗ്രഹിക്കുന്നതുമായ ഈശോയുടെ ഹൃദയത്തിലെ സജീവവഹ്നിയുടെ സഹായത്താൽ കത്തിജ്ജ്വലിക്കുന്നതിന് അധികം എളുപ്പമായിരിക്കും. ഈ വിധം കത്തിജ്ജ്വലിക്കുന്ന വഹ്നിയാണു ഭക്തിതീക്ഷ്ണത. വേദപുസ്തകത്തിൽ വർണ്ണിച്ചിരിക്കുന്ന ഈശോയുടെ ഭക്തിതീക്ഷ്ണതയെപ്പോലെതന്നെ ദൈവമഹത്വത്തേയും ആത്മാക്കളുടെ രക്ഷയേയുംകുറി

ച്ചുള്ള പുരോഹിതന്റെ ഭക്തിതീക്ഷ്ണത അദ്ദേഹത്തെ കത്തിട്ടുഹിപ്പിക്കേണ്ടതാണ്. തന്നെത്തന്നെയും ഭൗതികങ്ങളായ സകലത്തെയും വിസ്മരിക്കാൻ അത് അദ്ദേഹത്തെ പ്രേരിപ്പിക്കേണ്ടതാണ്. താൻ വഹിക്കുന്ന അത്യുൽകൃഷ്ടമായ ഉദ്യോഗത്തിന്റെ നിർവ്വഹണത്തിനു സ്വയം പ്രതിഷ്ഠിക്കുവാനും, തന്റെ പ്രേഷിതവൃത്തി ക്രൂതൽ ക്രൂതൽ വിപുലവും ഫലകരവുമാക്കുന്നതിന് അധികമധികം ഉപയുക്തങ്ങളായ മാർഗ്ഗങ്ങളെ തേടിപ്പിടിക്കുന്നതിനും അത് അദ്ദേഹത്തെ ശക്തിയായി പ്രോത്സാഹിപ്പിക്കേണ്ടതുമാണ്.

"ഈ ഗണത്തിലുൾപ്പെടാത്ത മറ്റാടുകളും എനിക്കുണ്ട്; അവയെയും ഞാൻ കൂട്ടിക്കൊണ്ടുവരേണ്ടിയിരിക്കുന്നു"[1] എന്ന നല്ല ഇടയനായ നമ്മുടെ കർത്താവ് അരുളിച്ചെയ്യുന്നു. "ഈ പ്രദേശങ്ങൾ കണ്ടാലും; എന്തെന്നാൽ അവിടെ വിളവെടുക്കേണ്ട കാലമായിരിക്കുന്നു"[2] എന്നും അവിടുന്നു പറയുന്നു. ഈ വാക്കുകളെക്കുറിച്ചു ധ്യാനിക്കുന്ന പുരോഹിതന്റെ ഹൃദയം ആത്മാക്കളെ നല്ല ഇടയനായ കർത്താവിന്റെ തിരുഹൃദയത്തിലേയ്ക്ക് ആനയിക്കാനുള്ള ആഗ്രഹത്താൽ എങ്ങനെ കത്തിജ്ജ്വലിക്കാതിരിക്കും? വിളവിന്റെ ഉടമസ്ഥനായ കർത്താവിനുവേണ്ടിയുള്ള അക്ഷീണമായ യത്നങ്ങൾക്ക് അദ്ദേഹം തന്നെത്തന്നെ എങ്ങനെ സമർപ്പിക്കാതിരിക്കും? ജനക്കൂട്ടം "ഇടയനില്ലാത്ത ആടുകളെപ്പോലെ കിടക്കുന്നതു"[3] നമ്മുടെ കർത്താവു കണ്ടു. അത്തരം ജനക്കൂട്ടത്തെ ഇന്നു വിദൂരസ്ഥങ്ങളായ മിഷ്യൻരാജ്യങ്ങളിൽ മാത്രമല്ല, അനേകശതാബ്ദങ്ങളായി ക്രിസ്തുമതം അവലംബിച്ചുപോരുന്ന രാ

ജ്യങ്ങളിലും കാണാം; അഹോ, കഷ്ടം! അത്തരം ജന ക്രൂട്ടത്തെ കാണുന്ന പുരോഹിതന്റെ ഹൃദയം അഗാധ മായി ചലിക്കുകയും, ദൈവപുത്രന്റെ ഹൃദയത്തെ ചലി പ്പിച്ച്[1] ദൈവികമായ അനുകമ്പ അതിൽ പ്രതിധ്വനി ക്കയും ചെയ്യാതിരിക്കുന്നതെങ്ങനെ? ജീവസംദായക മായ വചനങ്ങളും പുനരുജ്ജീവനത്തെയും നിത്യരക്ഷ യേയും പ്രദാനം ചെയ്യുന്ന ദൈവദത്തമായ മാർഗ്ഗങ്ങളും തനിക്കു സ്വാധീനമാണെന്ന ബോധമുള്ളവനായ പുരോ ഹിതനോടാണു നാം ചോദിക്കുന്നതു്. എന്നാൽ അ പ്പസ്തോലയോഗ്യമായ ഈ തീക്ഷ്ണതാവഹ്നി കത്തോ ലിക്കപുരോഹിത്യത്തിന്റെ ശിരോഭ്രഷണത്തിലെ പ്രോജ്വലരത്നമായിരിക്കുന്നുണ്ടെന്നു കാണുന്നതിൽ നാം ദൈവത്തോടു നന്ദിയുള്ളവനായിരിക്കുന്നു. നമ്മുടെ സ ഹോദരരും പ്രിയമക്കളുമായ മെത്രാന്മാരും വൈദികരും ധീരയോദ്ധാക്കളെപ്പോലെ തങ്ങളുടെ നായകന്റെ അ ജ്ഞയനുസരിച്ചു് ഈ വിസ്തൃതമായ രണാങ്കണത്തി ന്റെ ബഹിർഭാഗങ്ങളിലേയ്ക്കു ത്വരിതഗമനം ചെയ്യാൻ സദാ സന്നദ്ധരായിരിക്കുന്ന കാഴ്ച നമ്മുടെ ഹൃദയത്തെ പൈതൃകമായ ആശ്വാസംകൊണ്ടു നിറയ്ക്കുന്നു. അസ ത്യത്തിനെതിരായി സത്യവും, അന്ധകാരത്തിനെതിരാ യി പ്രകാശവും, പൈശാചികരാജ്യത്തിനെതിരായി ദൈവരാജ്യവും ചെയ്യുന്ന സമരത്തിൽ അവർ അവിടെ ഏർപ്പെട്ടിരിക്കയും ചെയ്യുന്നു.

പുരോഹിതന്റെ അധികാരവിധേയത്വം

എന്നാൽ കത്തോലിക്ക പുരോഹിതഗണം സ്വപ്ര കൃത്യാ പ്രവൃത്യുന്മുഖവും ധൈര്യയുക്തവുമായ ഒരു സൈ

ന്യമാകകൊണ്ടു് അവർ ശിക്ഷണബോധമുള്ളവരായിരിക്കണം; ക്രിസ്തീയ ഭാഷയിൽ പറഞ്ഞാൽ, അവർ അനുസർണയുള്ളവരായിരിക്കണം. സകലപദവികളിലുമുള്ള പുരോഹിതരെയെല്ലാം തിരുസഭയിലെ വൈദികാദ്ധ്യക്ഷസംഘത്തോടു ചേർത്തു് ഏകീകരിക്കുന്നതു് അനുസരണയാകുന്നു.

പട്ടസ്ഥാനാർത്ഥികൾക്കു നൽകുന്ന പ്രബോധനത്തിൽ മെത്രാൻ ഇപ്രകാരം പറയുന്നു:— "മനോഹരമായ ഒരു വൈവിധ്യത്തോടുകൂടിയാണു തിരുസഭ വർത്തിക്കുകയും അലങ്കരിക്കപ്പെടുകയും ഭരിക്കപ്പെടുകയും ചെയ്യുന്നതു്. എന്തുകൊണ്ടെന്നാൽ അവളുടെ ഗണത്തിൽ ചില പുരോഹിതന്മാർ മെത്രാൻപട്ടം സ്വീകരിച്ചിട്ടുള്ളവരും, മറ്റു പുരോഹിതന്മാർ അതിനേക്കാൾ താഴ്ന്ന പദവിയിലുള്ളവരുമാണു്; ഇങ്ങനെ വിവിധസ്ഥാനങ്ങളിലുള്ള അനേകമംഗങ്ങൾ ഒരുമിച്ചു കൂടിയാണു മിശിഹായുടെ ഏകശരീരം രൂപവൽകൃതമാകുന്നതു്."[1] പട്ടം സ്വീകരിച്ചു കഴിഞ്ഞയുടനെ, തിരുത്തൈലം കരങ്ങളിൽ പുരട്ടിയതു തുടച്ചുകളയുന്നതിനു മുമ്പായിത്തന്നെ, പുരോഹിതന്മാർ മെത്രാനോടു ഈ അനുസരണ വാഗ്ദാനം ചെയ്തിട്ടുള്ളതാണു്. അതുപോലെതന്നെ മെത്രാനും, ആ പട്ടം സ്വീകരിക്കുന്ന അവസരത്തിൽ, തിരുസഭയുടെ പരമാദ്ധ്യക്ഷനും വിശുദ്ധപത്രോസിന്റെ പിൻഗാമിയും ഈശോമിശിഹായുടെ വികാരിയുമായ മാപ്പാപ്പയോടും അനുസരണം വാഗ്ദാനം ചെയ്തിട്ടുള്ളതാണു്. അതിനാൽ വൈദികസംഘത്തിലെ വിവിധസ്ഥാനികളായ അംഗങ്ങളെ പരസ്പരവും അവരെല്ലാവരെയും പരമാദ്ധ്യ

ക്ഷനോട്ടം പൂർവ്വാധികം ഗാഢമായി ബന്ധിക്കുന്നതിന് അനുസരണ നിദാനമാകട്ടെ; അങ്ങനെ, അതു സമരോത്സുകതയായ തിരുസഭയെ ദൈവവിദ്വേഷികളുടെ ദൃഷ്ടിയിൽ "അണിനിരന്ന സൈന്യമെന്നപോലെ"[1] യഥാർത്ഥത്തിൽ ഭയങ്കരമായ എതിരാളിയാക്കിത്തീർക്കട്ടെ. ഭക്തിതീക്ഷ്ണത അതിർകവിഞ്ഞിരിക്കുന്നോടത്തു് അതിനെ ക്രമപ്പെടുത്തുന്നതിനും, ബലഹീനതയും മാന്ദ്യവുമുള്ളോടത്തു് ഉത്തേജനം നൽകുന്നതിനും അനുസരണ കാരണമാകട്ടെ ഓരോരുത്തർക്കും അവരവരുടെ സ്ഥാനവും ഉദ്യോഗവും ഇന്നതെന്നു് അതു നിർദ്ദേശിച്ചുകൊടുക്കുകയും, അവർ ആ നിർദ്ദേശങ്ങളെ വിരോധം പ്രദർശിപ്പിക്കാതെ സ്വീകരിക്കുകയും ചെയ്യട്ടെ. അല്പാത്തപക്ഷം തിരുസഭ ലോകത്തിൽ ചെയ്യുന്ന മഹനീയമായ വേല പരിതാപകരമായവിധം തടസ്സപ്പെടും.

തങ്ങളുടെ വൈദികാദ്ധ്യക്ഷന്മാർ ഏറ്റെടുത്തുന്ന ചട്ടവട്ടങ്ങളെ, സകലരുടെയും അനുസരണയെ അർഹിക്കുന്ന ഏകപരമാദ്ധ്യക്ഷന്റെ—നമുക്കുവേണ്ടി "മരണത്തോളം, കുരിശുമരണത്തോളം തന്നെയും, അനുസരണയുള്ളവനായിരുന്ന"[2] ഈശോമിശിഹായുടെ—ചട്ടവട്ടങ്ങളായി ഓരോരുത്തരും ഗണിക്കട്ടെ. നിത്യനായ പിതാവിനോടു തനിക്കുണ്ടായിരുന്ന പരിപൂർണ്ണമായ അനുസരണയുടെ ധാരാളം ലക്ഷ്യം നമുക്കു തരുന്നതിനു ദിവ്യനായ ആ പ്രധാനപുരോഹിതനു തിരുമനസ്സുണ്ടായി. അതുകൊണ്ടാണു്, പിതാവിന്റെ ഹിതത്തിനു ദൈവപുത്രൻ പരിപൂർണ്ണമായി വിധേയനായിരുന്നു എന്ന വസ്തുതയുടെ പ്രവചനങ്ങളും സുവിശേഷങ്ങളും പലപ്പോഴും സാക്ഷ്യം

വഹിച്ചിട്ടുള്ളതു്. "അവിടുന്നു ലോകത്തിലേയ്ക്കു വരുമ്പോൾ പറഞ്ഞതായതു്: ബലികളും കാഴ്ചകളും അവിടുത്തേയ്ക്കു് ഇഷ്ടമില്ല; പ്രത്യുത, ഒരു ശരീരം അവിടുന്നു് എനിക്കു് ഒരുക്കിത്തന്നു. . . . അപ്പോൾ ഞാൻ പറഞ്ഞു: ഇതാ, ഞാൻ വരുന്നു, പുസ്തകത്തിന്റെ തലക്കെട്ടിൽ എന്നെപ്പറ്റി എഴുതിയിരിക്കുന്നതു്, ദൈവമെ, ഞാൻ നിന്റെ ഹിതം അനുവർത്തിക്കണം, എന്നത്രെ. . . . .".[1] "എന്നെ അയച്ച ആളുടെ ഹിതം അനുവർത്തിക്കുന്നതാണു് എന്റെ ഭക്ഷണം."[2] കുരിശിൽ കിടക്കുമ്പോൾ ക്രൂശിയും അവിടുന്നു് അനുസരണയെ വിലമതിച്ചു. വേദപുസ്തകത്തിലെ പ്രവചനങ്ങളെല്ലാം തന്നിൽ നിറവേറിയെന്നു പ്രസ്താവിച്ചതിനുശേഷം മാത്രം തന്റെ ആത്മാവിനെ പിതാവിന്റെ കരങ്ങളിൽ സമർപ്പിക്കാൻ അവിടുത്തെയ്ക്കു തിരുമനസ്സുണ്ടായി. "വേദവാക്യം നിറവേറുന്നതിനുവേണ്ടി", അത്യന്തം ഗഹനമായ അർത്ഥവിവക്ഷയോടുകൂടി, "എനിക്കു ദാഹിക്കുന്നു"[3] എന്നു് അവസാനമായി ഉച്ചരിക്കുന്നതുവരെ, പിതാവു് ഏല്പിച്ച ജോലി മുഴുവൻ അവിടുന്നു ചെയ്തീർത്തു എന്നാർത്ഥം. ഇതെല്ലാംകൊണ്ടു് അവിടുന്നു നമ്മെ മനസ്സിലാക്കുന്നതു് ഇതാണു്:—എതുയും ഉജ്വലത്തായ ഭക്തിതീക്ഷ്ണത തന്നെയും എല്ലായ്പോഴും പിതാവിന്റെ ഹിതത്തിനു പരിപൂർണ്ണമായി വിധേയമായിരിക്കണം; നമ്മെ സംബന്ധിച്ചിടത്തോളം പിതാവിന്റെ സ്ഥാനം വഹിക്കുകയും അവിടുത്തെ ഹിതം നമ്മെ അറിയിക്കുകയും ചെയ്യുന്നവരോടുള്ള—മറ്റു വാക്കുകളിൽ പറഞ്ഞാൽ, നമ്മുടെ ന്യായമായ വൈദികാദ്ധ്യക്ഷന്മാരോടുള്ള—അനുസരണ

യാൽ നമ്മുടെ ഭക്തിതീക്ഷ്ണത എല്ലായ്പോഴും നിയന്ത്രിക്കപ്പെട്ടിരിക്കണം.

വിശ്വാസവിഷയകമായ ജ്ഞാനം

എന്നാൽ ലോകത്തിനു പ്രദർശിപ്പിക്കണമെന്നു നാം ഉദ്ദേശിക്കുന്ന കത്തോലിക്കപുരോഹിതന്റെ ചിത്രം അപൂർണ്ണമാകാതിരിക്കണമെങ്കിൽ അദ്ദേഹത്തിനുണ്ടായിരിക്കേണ്ട വളരെപ്രധാനമായ വേറൊരു ലക്ഷണംകൂടി പറയേണ്ടിയിരിക്കുന്നു; അതു വിജ്ഞാനമാണ്. അദ്ദേഹത്തിന് ഈ ഗുണവും ഉണ്ടായിരിക്കണമെന്നാണു തിരുസഭയുടെ നിശ്ചയം. എന്തുകൊണ്ടെന്നാൽ അദ്ദേഹം "ഇസ്രായേലിന്റെ അദ്ധ്യാപകൻ" [1] ആയിട്ടാണ് അവരോധിക്കപ്പെട്ടിരിക്കുന്നത്. അദ്ദേഹത്തിന് ഈശോമിശിഹായിൽനിന്നു സത്യം പഠിപ്പിക്കുന്നതിനുള്ള ഉദ്യോഗവും കല്പനയും ലഭിച്ചിട്ടുണ്ട്... "എല്ലാജാതികളേയും പഠിപ്പിക്കുവിൻ...." [2] അദ്ദേഹം ശമനകരവും രക്ഷാകരവുമായ സത്യം പഠിപ്പിക്കേണ്ടിയിരിക്കുന്നു. ഈ അദ്ധ്യാപനം നിമിത്തം, പുറജാതികളുടെ അപ്പസ്തോലനെപ്പോലെ, "പഠിപ്പുള്ളവരേയും പഠിപ്പില്ലാത്തവരേയും" സംബന്ധിച്ചിടത്തോളം അദ്ദേഹത്തിന് ഒരു കടമയും നിർവ്വഹിക്കേണ്ടതായുണ്ട്. [3] എന്നാൽ തനിക്കു പഠിപ്പില്ലെങ്കിൽ അദ്ദേഹത്തിന് എങ്ങനെ പഠിപ്പിക്കുവാൻ കഴിയും? "പുരോഹിതന്റെ അധരങ്ങൾ ജ്ഞാനത്തെ സൂക്ഷിക്കുകയും, അദ്ദേഹത്തിന്റെ മുഖത്തുനിന്നു ജനങ്ങൾ നിയമം പഠിക്കുകയും ചെയ്യണം" [4] എന്നാണ് പരിശുദ്ധാത്മാവു മലാക്കിയുടെ പ്രവചനംമുഖേന അരുളിച്ചെ

യ്യിരിക്കുന്നതു്. പുരോഹിതവിജ്ഞാനത്തെ അഭിനന്ദിച്ചു്, വിജ്ഞാനമൂത്തിയായ ദൈവംതന്നെ ഒരിക്കൽ ഓസിദീഘ്ടശിവഴി അരുളിച്ചെയ്തിട്ടുള്ളതിനെക്കാൾ ഗൗരവാവഹമായ വാക്കുകൾ, ആർക്കു പറയുവാൻ കഴിയും? "നീ ജ്ഞാനത്തെ പരിത്യജിച്ചിരിക്കുന്നതുകൊണ്ടു്, നീ എനിക്കു പൗരോഹിത്യശുശ്രൂഷ ചെയ്യാതിരിക്കാൻവേണ്ടി ഞാൻ നിന്നെ പരിത്യജിക്കും". [1] പുരോഹിതൻ വിശ്വാസവും സന്മാർഗ്ഗവും സംബന്ധിച്ചുള്ള കത്തോലിക്കസഭയുടെ ബോധനങ്ങളെ പൂർണ്ണമായി ഗ്രഹിച്ചിരിക്കണം; അവയെ മറ്റുള്ളവരെ പഠിപ്പിച്ചു ധരിപ്പിക്കാനും അദ്ദേഹത്തിനു വശമുണ്ടായിരിക്കണം; താൻ സേവനം ചെയ്യുന്ന സഭയുടെ വിശ്വാസസത്യങ്ങളേയും നിയമങ്ങളേയും ആചാരങ്ങളേയും ന്യായങ്ങളാൽ സമർത്ഥിക്കാനും അദ്ദേഹത്തിനു പ്രാപ്തിയുണ്ടായിരിക്കണം. ലൗകികശാസ്ത്രങ്ങൾ വളരെ അഭിവൃദ്ധി പ്രാപിച്ചിട്ടുണ്ടെന്നുള്ളതിനു സംശയമില്ല. എന്നാൽ മതവിഷയത്തിൽ ആധുനികർക്കുള്ള അധികമായ അജ്ഞതയാൽ അവരുടെ മനസ്സ് ഇനിയും അന്ധകാരമയമായിട്ടാണിരിക്കുന്നതു്; ഈ അജ്ഞതയെ പുരോഹിതൻ നിരാകരിക്കണം. "സത്യം ചിലപ്പോൾ അപേക്ഷിക്കാറുള്ളതു്, തന്റെ ഭാഗം കേൾക്കാതെ തന്നെ കുറ്റം വിധിക്കല്ലെ എന്നു മാത്രമാണു്." [2] എന്നുള്ള തെത്തുല്യന്റെ പ്രബോധനം ഇന്നത്തെപ്പോലെ ഒരിക്കലും സാർത്ഥകമായിരുന്നിട്ടില്ല. ശത്രുഭാവത്തോടുകൂടിയ പ്രതിപക്ഷികൾ കുന്നുകൂന്നായി കൂട്ടിയിട്ടുള്ള ദുർവിധികളേയും തെറ്റായ ധാരണകളേയും മനുഷ്യരുടെ മനസ്സിൽനിന്നു നീക്കേണ്ടതു പുരോഹിതന്റെ കർത്തവ്യ

മാകുന്നു. ആധുനികരുടെ മനസ്സ് സത്യം ഗ്രഹിക്കാൻ അഭിവാഞ്ഛയുള്ളതാകയാൽ പ്രശാന്തമായും നിഷ്പക്ഷമായും അതിനെ അവർക്ക് കാണിച്ചുകൊടുക്കാൻ പുരോഹിതൻ പ്രാപ്തനായിരിക്കണം. സന്ദേഹങ്ങൾകൊണ്ട് കുഴങ്ങി, മുന്നോട്ടുപോകാതെ, ഇനിയും മടിച്ചുനില്ക്കുന്ന പലേ ആത്മാക്കളുമുണ്ട്. പുരോഹിതൻ അവരിൽ ധൈര്യവും ആശയും ഉളവാക്കുകയും, വിശ്വാസമാകുന്ന സുരക്ഷിതമായ തുറമുഖത്തിലേയ്ക്ക് അവരെ പ്രശാന്തമായും അപകടംകൂടാതെയും നയിക്കുകയും ചെയ്യണം. അങ്ങനെ അവർക്ക് ലഭിക്കുന്ന വിശ്വാസം അവരുടെ ബുദ്ധിക്കും ഹൃദയത്തിനും സ്വീകാര്യമായിരിക്കുകയും വേണം. അബദ്ധാഭിപ്രായങ്ങൾ അഹങ്കാരപൂർവ്വവും അക്ഷീണമായും ആക്രമണങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നതിനാൽ, അവയെ ശക്തിയായും പ്രായോഗികമായും, അതെസമയംതന്നെ അന്യൂനമായും അപ്രതിഹതമായും തടുക്കേണ്ടതിനുള്ള പരിജ്ഞാനവും പുരോഹിതനുണ്ടായിരിക്കണം.

ലൗകികവിജ്ഞാനത്തിലും നിപുണനായിരിക്കണം

അതിനാൽ, വന്ദ്യസഹോദരരേ, ഉദ്യോഗകൃത്യങ്ങളിൽ വ്യാപൃതനായിരിക്കുമ്പോഴും അവയെ ലക്ഷ്യമാക്കിയും, പുരോഹിതൻ വേദശാസ്ത്രപഠനം അക്ഷയമായ തീക്ഷ്ണതയോടുകൂടി തുടരേണ്ടതാണ്. സെമ്മിനാരിയിൽ വച്ചു ലഭിച്ചിട്ടുള്ള ജ്ഞാനം ആ പഠനം നടത്തുന്നതിനുമതിയായ അടിസ്ഥാനമായിരിക്കുന്നുണ്ട്. എന്നാൽ ആ ജ്ഞാനം പൂർവ്വാധികം ശക്തിയോടുകൂടി മനസ്സിൽ സം

ഗ്രഹിക്കുകയും, സഭാ വർദ്ധമാനമായിക്കൊണ്ടിരിക്കുന്ന വേദശാസ്ത്രപഠനത്താൽ അതിനെ പൂർണ്ണതവരുത്തുകയും ചെയ്യേണ്ടിയിരിക്കുന്നു. ഏതാട്ടശമായ പഠനത്തിൽനിന്നാണു ഫലപ്രദമായി പ്രസംഗിക്കാനും തന്റെ ആദ്ധ്യാത്മികനേതൃത്വത്തിനു മനുഷ്യരെ വിധേയരാക്കാനുമുള്ള കഴിവു പുരോഹിതനുണ്ടാകുന്നതു്. [1] എന്നാൽ ഇതിനും പുറമെ, വേറെയും പാഠിപ്പു പുരോഹിതനു ആവശ്യമാണു്. അദ്ദേഹം വഹിക്കുന്ന ഉദ്യോഗം ഉൽപ്പുഷ്ടമാകയാലും, ജനങ്ങളുടെ ബഹുമാനാദരങ്ങളെ സമാജ്ജിക്കുന്നതു് ആ ഉദ്യോഗനിർവ്വഹണത്തിനു സഹായിക്കുന്നതാകയാലും, അദ്ദേഹത്തിനു വേദജ്ഞാനം മാത്രമുണ്ടായാൽ പോരാ. തന്റെ സമകാലീനന്മാരിൽ നല്ല പഠിപ്പും നല്ല പരിശീലനവും സിദ്ധിച്ചിട്ടുള്ളവർക്കുള്ളതിൽ കുറയാത്ത ജ്ഞാനവും സംസ്കാരവും ഒരു പുരോഹിതനുണ്ടായിരിക്കണം; എന്നുവെച്ചാൽ അദ്ദേഹം, തിരുസഭയെപ്പോലെ, ദോഷരഹിതമായ വിധത്തിൽ ആധുനികമനോഭാവമുള്ളവനായിരിക്കണം. സഭ എന്നും എവിടെയും സ്ഥലകാലങ്ങൾക്കു് അനുരൂപമായി ജീവിക്കയും അവയ്ക്കു് അനുയോജ്യമായി വർത്തിക്കുകയും ചെയ്യുന്നു; ദോഷരഹിതമായ എല്ലാ നവീനപ്രസ്ഥാനങ്ങളേയും അവൾ അനുഗ്രഹിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു; സയൻസിന്റെ പുരോഗതിയിൽ, എത്രതന്നെ തുനിഞ്ഞോട്ടക്കുടിയ പുരോഗതിയിൽപ്പോലും, സഭയ്ക്കു ഭയമില്ല; യഥാർത്ഥമായ സയൻസായിരിക്കണമെന്നേയുള്ളു വാസ്തവത്തിൽ മനുഷ്യവിജ്ഞാനത്തിന്റെ സകലവകുപ്പുകളിലും കത്തോലിക്കവൈദികർ എല്ലാകാലങ്ങളിലും സുപ്ര

സിദ്ധി നേടിയിട്ടുണ്ട്. മാത്രമല്ല, വിജ്ഞാനവകുപ്പിൽ ചിലശതാബ്ദങ്ങളിൽ അവർ വഹിച്ചിട്ടുള്ള വിശിഷ്ടമായ നേതൃത്വംമൂലം 'വൈദികൻ'-എന്ന പദം 'വിജ്ഞാനി' എന്ന പദത്തിന്റെ പര്യായമായിത്തീർന്നിട്ടുമുണ്ട്. പ്രാചീനകാലത്തെ സംസ്കാരനിധികളെ നാശത്തിൽ നിന്നു രക്ഷിക്കുകയും സൂക്ഷിക്കയും ചെയ്തിട്ടുള്ളതു സഭയാണ്. സഭയുടേയും അവളുടെ കീഴിലുള്ള സന്ന്യാസാശ്രമങ്ങളുടേയും സഹായമില്ലായിരുന്നെങ്കിൽ, മിക്കവാറും അതു മുഴുവനും നശിച്ചുപോകുമായിരുന്നു. സകല മാനുഷികവിജ്ഞാനവും കത്തോലിക്കവിശ്വാസത്തെ വിശദീകരിക്കുന്നതിനും ആക്രമണങ്ങളിൽനിന്നു രക്ഷിക്കുന്നതിനും കൊള്ളുന്നവയാണെന്ന് അവളുടെ പ്രഖ്യാതന്മാരായ വേദശാസ്ത്രികർ തെളിയിച്ചിട്ടുണ്ട്. ഈ വസ്തുതയ്ക്കു സാക്ഷ്യം വഹിക്കുന്ന ഒരു സുപ്രസിദ്ധഭാഗം നാംതന്നെ ഈയിടെ ലോകരുടെ ശ്രദ്ധയ്ക്കു വിഷയീഭവിപ്പിച്ചിട്ടുണ്ടല്ലൊ. എന്തെന്നാൽ, അനുപമപണ്ഡിതനായ അകപീനാസിന്റെ മഹാഗുരുഭ്രാതനെ—മഹാനെന്നും സർവ്വതോമുഖമായ പണ്ഡിത്യമുള്ളവനെന്നുമുള്ള അഭിധാനത്താൽ സമകാലീനർ ബഹുമാനിച്ചുപോന്നിട്ടുള്ള കോളോണിലെ ആൽബത്തോസിനെ—നാം വിശുദ്ധനെന്ന നാമകരണം ചെയ്യുകയും തിരുസഭയിലെ വേദപാരംഗതനെന്ന പ്രഖ്യാപനം ചെയ്യുകയും ചെയ്തിരിക്കുന്നു.

ഏതാദൃശമായ പ്രാഥമ്യം സകല വിജ്ഞാനവകുപ്പിലും വൈദികന്മാർ വഹിച്ചിരിക്കണമെന്ന് ഇക്കാലത്തു പ്രതീക്ഷിക്കാവുന്നതല്ല: മാനുഷികവിജ്ഞാനം അതിവി

സ്തുതമായിത്തീർന്നിരിക്കുകയാൽ അതിനെ മുഴുവനും സബുദ്ധിയിൽ ഒതുക്കുന്നതുപോയിട്ട്, അതിന്റെ അ സംഖ്യങ്ങളായ ശാഖകളിൽ ഓരോന്നിലും പാണ്ഡിത്യം സമ്പാദിക്കുന്നതിനുപോലും ഒരു മനുഷ്യനും സാദ്ധ്യമല്ല. എന്നുവരികിലും, ഏതെങ്കിലും വിജ്ഞാനവകുപ്പിലോ കലാവകുപ്പിലോ പഠനവും പര്യവേക്ഷണവും നടത്തുവാൻ, പ്രകൃതിസിദ്ധമായ വാസനകൊണ്ടോ പ്രത്യേകമായ ബുദ്ധിഗുണംകൊണ്ടോ, ആകൃഷ്ടനാം തോന്നുന്ന വൈദികാംഗങ്ങൾക്കു വിവേകപൂർവ്വമായ പ്രോത്സാഹനങ്ങളും സഹായങ്ങളും നൽകേണ്ടതാണ്. അവർ അത്തരം പരിശ്രമങ്ങളിലേപ്പെട്ടുന്നതു് അവരുടെ വൈദകവൃത്തിക്കു ഹാനികരമല്ല. എന്തുകൊണ്ടെന്നാൽ, അതിരുകവിയാതെയും തിരുസഭയുടെ മാർഗ്ഗദർശനത്തിലും നടത്തുന്ന പക്ഷം, അതെല്ലാം സഭയുടെ ഉൽക്കർഷത്തേയും അവളുടെ ദിവ്യനാഥനായ ഈശോമിശിഹായുടെ മഹത്വത്തേയും വർദ്ധിപ്പിക്കാൻ ഉപകരിക്കുന്നു. എന്നാൽ ബാക്കി വൈദികാംഗങ്ങളിൽ ആരും പൂർവ്വകാലങ്ങളിൽ ഒരുപക്ഷേ മതിയാകുമായിരുന്ന തോതിലുള്ള പഠിപ്പും സംസ്കാരവുംകൊണ്ടു തൃപ്തിപ്പെട്ടുകൂടാ; അതിനേക്കാളുപരിയായ തോതിലുള്ള സാമാന്യവിദ്യാഭ്യാസവും പാണ്ഡിത്യവും സമ്പാദിക്കാൻ അവർ ശ്രമിക്കണം; എന്നല്ലാ, അവരതു സമ്പാദിച്ചിരിക്കുകയും വേണം. ആ തോതു കൂടുതൽ വിസ്തൃതവും പരിപൂർണ്ണവും പൂർവ്വകാലത്തെ അപേക്ഷിച്ചു സാമാന്യേന ഉന്നതവും വിപുലവുമായിരിക്കുന്ന ആധുനികവിദ്യാഭ്യാസനിലയോടു് ആനുരൂപ്യമുള്ളതുമായിരിക്കണം.

വിശ്വാസിയുടെ വിജ്ഞാനത്തേക്കാൾ മുൻഗണന

നമ്മുടെ കത്താവ്, ആധുനികകാലത്തു തന്നെയും, ചില അവസരങ്ങളിൽ ലോകത്തോട് ഒരു കളിപ്പാട്ടത്തോടെന്നപോലെ [1] പെരുമാറുന്നുണ്ടെന്നുള്ളതു സമ്മതിച്ചേ മതിയാവൂ. എന്തുകൊണ്ടെന്നാൽ നമ്മുടെ ഈ പ്രപഞ്ചത്തിനു വിഷയമായ വിജ്ഞാനം മിക്കവാറും ശൂന്യമായിരിക്കുന്ന ആളുകളെ പുരോഹിതപദത്തിലേയ്ക്ക് അവിടുന്നു തിരഞ്ഞെടുത്തിട്ടുണ്ട്. അവർമുഖേന അവിടുന്ന് അത്ഭുതകരമായ ഫലങ്ങൾ പുറപ്പെടുവിച്ചിട്ടുമുണ്ട്. എന്നാൽ അവിടുന്ന് അങ്ങനെ ചെയ്തിട്ടുള്ളതു്, രണ്ടിലേതെങ്കിലും ഒന്നുമതിയെന്നു വരുന്നപക്ഷം, വിജ്ഞാനത്തെക്കാൾ വിശ്വാസിയുടെ വില കല്പിക്കേണ്ടതാണെന്നു എല്ലാവരും അറിയാൻവേണ്ടിയാണു്; ദൈവികമാർഗ്ഗങ്ങളേക്കാൾ മാനുഷികമാർഗ്ഗങ്ങളിൽ വിശ്വാസം നിക്ഷേപിക്കരുതെന്ന് അറിയാൻ വേണ്ടിയാണ്. "യാതൊരു മാംസവും ദൈവതിരുമുമ്പിൽ അഹങ്കരിക്കാതിരിക്കാൻ. . . . ഈലോകം ബുദ്ധിശൂന്യങ്ങളായി ഗണിക്കുന്നവയെ ദൈവം തിരഞ്ഞെടുത്തുകൊണ്ടു ബുദ്ധിമാന്മാരെ ലജ്ജിപ്പിച്ചു"[2] എന്ന ഉണകരവും പ്രായോഗികവുമായ തത്വം ചിലപ്പോഴെല്ലാം ആവർത്തിച്ചു പറഞ്ഞു കോംക്കുന്നതു ലോകത്തിന് ആവശ്യമാകുന്നതുകൊണ്ടാണെ ദൈവം അങ്ങനെ ചെയ്യുന്നതു്.

പ്രാപഞ്ചികമണ്ഡലത്തിൽ ദൈവം അത്ഭുതങ്ങൾ ചെയ്യുമ്പോൾ അവ പ്രകൃതിനിയമങ്ങളനുസരിച്ചുള്ള ഫലങ്ങളെ നിമിഷനേരത്തേയ്ക്കു തടഞ്ഞുനിർത്തുകയാണു ചെയ്യുന്നതു്; അല്ലാതെ ആ നിയമങ്ങളെ റദ്ദാക്ക

ന്നില്ല. യഥാർത്ഥത്തിൽ അത്ഭുതജീവികളാകുന്ന പുണ്യവാന്മാരുടെ കാര്യത്തിലും അപ്രകാരംതന്നെയാണു സംഭവിക്കുന്നതു്; അവരിൽ മികച്ചുനില്ക്കുന്ന വിശുദ്ധി മറ്റു കുറവുകളെ പരിഹരിക്കുന്നുണ്ടെന്നുള്ളതുകൊണ്ടു്, നാം മുകളിൽ നല്കിയ ഉൽബോധനത്തിന്റെ യാഥാർത്ഥ്യത്തിനു വല്ല കുറവുമുണ്ടെന്നോ, അതു് അത്രത്തോളം ആവശ്യമല്ലെന്നോ വരുന്നില്ല. അതിനാൽ പുരോഹിതനു പുണ്യവും പഠിപ്പും ആവശ്യമാണെന്നും, സ്വജീവിതത്തിലെ ദൃഷ്ടാന്തംകൊണ്ടു് അദ്ദേഹം മറ്റുള്ളവരെ ദൈവത്തിലേയ്ക്കു പ്രേരിപ്പിക്കേണ്ടതാണെന്നും, നാലുഭാഗത്തുനിന്നും തന്നെ സമീപിക്കുന്ന എല്ലാവരിലും അദ്ദേഹം "മിശിഹായുടെ സുഗന്ധം" [1] വ്യാപിപ്പിക്കേണ്ടതാണെന്നും സുവ്യക്തമാകുന്നുണ്ടല്ലൊ. ഈ ആവശ്യകത ഇക്കാലത്തു പൂർവ്വാധികം ബോധപ്പെട്ടിരിക്കുകയും, പൂർവ്വാധികം സുവിദിതവും അനപേക്ഷണീയവുമായിരിക്കയും ചെയ്യുന്നു. ഇതിനു കാരണം കത്തോലിക്കപ്രവർത്തനമാണു്. അത്യന്തം ആശ്വാസപ്രദമായ ഈ പ്രസ്ഥാനത്തിനു് അതിലേപ്പെട്ടിരിക്കുന്നവർക്കു പുണ്യപൂർണ്ണതയുടെ ഉച്ചിയിലെത്തുവാൻ ഉത്തേജനം നൽകുവാനുള്ള ശക്തിയുണ്ടു്. കത്തോലിക്കപ്രവർത്തനം മുഖേന അൽമേനികർക്കു മുമ്പിലത്തേക്കാൾ ക്രിയാത്മകമായും സൗഹാർദ്ദമായും വൈദികരോടു് ഇടപെടുന്നതിനു് അവസരം ലഭിക്കുന്നു. ഈ ഇടപാടുകളിൽ അൽമേനികർ വൈദികന്മാരെ മാർഗ്ഗദർശകന്മാരായി മാത്രമല്ല, ക്രിസ്തീയജീവിതത്തിന്റേയും അപ്പൊസ്തോലികപുണ്യത്തിന്റേയും മാതൃകകളായിക്കൂടി ഗണിക്കുന്നതു് സ്വാഭാവികമാണല്ലൊ.

IV.

പൗരോഹിത്യാർത്ഥികളുടെ പരിശീലനം

സെമിനാരികൾ

ഇക്കാരണങ്ങളാൽ പൗരോഹിത്യപദം അത്യുൽകൃഷ്ടമാകുന്നു. അതിനാവശ്യമായ അപഭാനങ്ങളും മഹത്തരങ്ങളുമാകുന്നു. ഇതുകൊണ്ടാണ്, വന്ദ്യസഹോദരരേ, പൗരോഹിത്യപദത്തെ അർത്ഥിക്കുന്നവർക്കു തദനുരൂപമായ ഉൽകൃഷ്ടപരിശീലനം നൽകേണ്ടതു് അത്യാവശ്യമായിത്തീർന്നിരിക്കുന്നതു്. ഈ ആവശ്യകതയെപ്പറ്റിയുള്ള ബോധത്താൽ തിരുസഭ ആദിമുതൽ ഇന്നോളം പൗരോഹിത്യാർത്ഥികളുടെ പരിശീലനത്തെപ്പോലെ മറെറാരു കാര്യത്തിലും അത്ര സ്നേഹാർദ്രമായ ഉൽക്കണ്ഠയും മാതൃസഹജമായ ശ്രദ്ധയും പ്രദർശിപ്പിച്ചിട്ടില്ല. ജനങ്ങളുടെ മതപരവും സാന്മാർഗ്ഗികവുമായ ജീവിതാവസ്ഥ മിക്കവാറും അവരുടെ പുരോഹിതന്മാരെ ആശ്രയിച്ചിരിക്കുന്നപോലെ, പുരോഹിതന്മാരുടെ ഭാവിജീവിതം അവർക്കു ലഭിച്ചിട്ടുള്ള പരിശീലനത്തെ ആശ്രയിച്ചിരിക്കുന്നുവെന്ന സഭയ്ക്കു ബോധമുണ്ട്. പരിശുദ്ധാത്മാവു പറഞ്ഞിട്ടുള്ളതു മറവുള്ളവർക്കെന്നപോലെ പുരോഹിതനും യഥാർത്ഥത്തിൽ ബാധകമാണ്: "ചെറുപ്പത്തിൽ ശീലിച്ച വഴിയിൽനിന്ന്, വാർദ്ധക്യം പ്രാപിച്ചാലും, ഒരുവൻ വിട്ടുമാറുകയില്ല." [1] അതിനാൽ സെമിനാരികൾ എല്ലായിടത്തും സ്ഥാപിക്കണമെന്നും, പൗരോഹിത്യം അ

ത്തിക്കുന്നവർക്ക് അതിൽ പരിശീലനവും വിദ്യാഭ്യാസവും നൽകണമെന്നും പരിശുദ്ധാത്മാവിന്റെ പ്രേരണയാൽ സഭ ആജ്ഞാപിച്ചിരിക്കുന്നു.

വന്ദ്യസഹോദരരേ, ഗൗരവാവഹമായ സഭാഭരണഭാരം നമ്മോടൊന്നിച്ചു വഹിക്കുന്ന നിങ്ങൾക്കു സെമിനാരി കണ്ണിലുണ്ണിയാണ്; ആയിരിക്കേണ്ടതുമാണ്. നിങ്ങളുടെ ഉൽക്കണ്ഠാപൂർവ്വമായ ശ്രദ്ധയ്ക്കു വിഷയമായിരിക്കേണ്ടതും അതുതന്നെ. ആ സ്ഥാപനത്തിലേയ്ക്ക് അധികാരികളേയും അദ്ധ്യാപകന്മാരേയും തിരഞ്ഞെടുക്കുന്നതു സർവ്വോപരി സൂക്ഷിച്ചുവേണം; അതിലും പ്രത്യേകിച്ച്, ആദ്ധ്യാത്മികപിതാക്കന്മാരെ തിരഞ്ഞെടുക്കുന്നതു; അവരാണല്ലോ പുരോഹിതയോഗ്യമായ മനോഭാവം പരിപോഷിപ്പിക്കുന്ന എത്രയും വിഷമകരവും പ്രധാനവുമായ കൃത്യം നിർവ്വഹിക്കേണ്ടവർ. സെമിനാരികളിലേയ്ക്കു നിയമിക്കപ്പെട്ടുന്നവർ നിങ്ങളുടെ വൈദികന്മാരിൽ ഉത്തമന്മാരായിരിക്കണം. അവരെ മറ്റുദ്യോഗങ്ങളിൽനിന്നും വിടത്തിയെടുക്കാൻ മടിക്കേണ്ടതില്ല. ആ ഉദ്യോഗങ്ങൾക്കു കൂടുതൽ പ്രാധാന്യം കല്പിക്കേണ്ടതാണെന്നു നിങ്ങൾക്കു തോന്നിയേയ്ക്കാമെങ്കിലും, അവയുടെ പ്രാധാന്യം യഥാർത്ഥത്തിൽ സെമിനാരിയുടേതിനോടു തുല്യപ്പെടുത്താവുന്നതല്ല; അതുവളരെ പ്രധാനവും അനുപേക്ഷണീയവുമാണു ഈ സ്ഥാപനം. അതിലെ ഉൽകൃഷ്ടമായ ജോലിക്കു സാക്ഷാൽ യോഗ്യതയുള്ളവരെ അന്യശുശ്രൂഷകളിൽ കണ്ടുകിട്ടുമോ എന്നും അന്വേഷിക്കുക. അവർ പുരോഹിതപുണ്യങ്ങളെ പ്രസംഗങ്ങളെക്കാൾ പ്രവൃത്തികൊണ്ടു പഠിപ്പിക്കുന്നവരായിരി

ക്കണം; പഠനത്തോടുകൂടിത്തന്നെ സുസ്ഥിരവും സുധീരവും അപ്പൊരോല്കവുമായ ചൈതന്യവും നൽകുന്നവരുമായിരിക്കണം. ദൈവഭക്തി, ഹൃദയശുദ്ധി, നിയമവിധേയത്വം, പഠനം ഇവയെ സെമിനാരിയിൽ സമൃദ്ധിയായി വളർത്തണം. വർത്തമാനകാലത്തെ പ്രലോഭനങ്ങളേയും, അതിനേക്കാൾ ഗുരുതരങ്ങളായ ഭാവികാലത്തെ വിപത്തുകളേയും തടുത്തുനിൽക്കുവാൻ, അപകടബുദ്ധികളായ വിദ്യാർത്ഥികളെ വിവേകപൂർവ്വമായ ദീഷ്ടദൃഷ്ടിയോടുകൂടി ആയുധപാണികളും ശക്തിമാന്മാരുമാക്കിത്തീർക്കണം. എന്തുകൊണ്ടെന്നാൽ" എല്ലാവരേയും രക്ഷിക്കുന്നതിനായി" [1] അവർ അവശ്യം ജീവിതരംഗമായി വരിക്കേണ്ട ലോകത്തിലേ സകലപ്രലോഭനങ്ങളും അവർക്ക് അനുഭവപ്പെടാൻ ഇടയുണ്ട്.

ഇക്കാലത്തെ ആവശ്യങ്ങൾക്കു തികച്ചും മതിയാകുന്നോടത്തോളം വിജ്ഞാനം പുരോഹിതന്മാർക്കുണ്ടായിരിക്കേണ്ടതു ഒഴിച്ചുകൂടാത്ത കാര്യമാണെന്നു നാം മുമ്പു പറഞ്ഞുവല്ലൊ. അതു സാധിക്കുന്നതിന്, സാരമായ സാഹിത്യവിദ്യാഭ്യാസം ലഭിച്ചിരിക്കുന്നതിനും പുറമെ, "വിശുദ്ധ തോമസ്സ് അക്വിനാസിന്റെ രീതിയും അഭിപ്രായവും പ്രമാണവുമനുസരിച്ചുള്ള" [2] സ്കൊളാസ്റ്റിക്ക് തത്വശാസ്ത്രം പഠിക്കയും പരിശീലിക്കയും ചെയ്യേണ്ടതാവശ്യമാണ്. ഈ ശാസ്ത്രത്തെ "സനാതനതത്വശാസ്ത്രം"മെന്നാണ് നമ്മുടെ അഭിവന്ദ്യനായ പതിമ്മൂന്നാം ലെയോ നാമകരണം ചെയ്തിട്ടുള്ളതു്. ഈ ശാസ്ത്രം ഭാവിപുരോഹിതന് അത്യന്താപേക്ഷിതമാണ് അതു വിശ്വാസസത്യങ്ങളെ സസൂക്ഷ്മം ഗ്രഹിക്കുന്നതിനു

അദ്ദേഹത്തെ സഹായിക്കും; ആധുനികകാലത്തെ ഏതു തരം അബദ്ധാഭിപ്രായങ്ങളേയും ഖണ്ഡിക്കുന്നതിനുള്ള ഫലപ്രദമായ ആയുധങ്ങളും അദ്ദേഹത്തിനു നൽകും; സത്യത്തെ അസത്യത്തിൽനിന്നു തിരിച്ചറിയാൻ തക്കവണ്ണം അദ്ദേഹത്തിന്റെ ബുദ്ധിയെ സൂക്ഷ്മതയുള്ളതാക്കും; സംഗതികളെ തെളിവായി ഗ്രഹിപ്പിക്കുന്നതിനുള്ള വശം, ഏതു വിഷയവും പഠിക്കുന്നതിനും ഏതു ഭാവിപ്രശ്നവും അഭിമുഖീകരിക്കുന്നതിനും അത്യാവശ്യമായ ആ ഗുണം—അദ്ദേഹത്തിന്റെ ബുദ്ധിയിൽ ഉളവാക്കും. ഒരുപക്ഷെ, ക്രൂടതൽ പഠിപ്പുള്ളവരെങ്കിലും തത്വശാസ്ത്രീത്യാ ചിന്തിച്ചു പരിചയമില്ലാത്ത മറ്റുള്ളവരേക്കാൾ വളരെ ഉപരിയായ നിലയിൽ അത് അദ്ദേഹത്തെ എത്തിക്കയും ചെയ്യും.

സാമാന്യസെമിനാരികൾ

ചിലപ്രദേശങ്ങളിൽ ശ്രുപതകൾ ചെറുതാണെന്നോ, വൈദികവിദ്യാർത്ഥികൾ നിർഭാഗ്യവശാൽ കുറവാണെന്നോ, അതല്ലെങ്കിൽ അവരെ പഠിപ്പിക്കുന്നതിനു വേണ്ട മാർഗ്ഗങ്ങളും പഠിക്കാൻ യോഗ്യതയുള്ള ആളുകളും ആവശ്യത്തിനുമാത്രമില്ലെന്നോ വരാം. തന്മൂലം ഓരോ ശ്രുപതയിലും സ്വന്തമായി സെമിനാരി സ്ഥാപിച്ചു്, കാനൻനിയമത്തിലെ വ്യവസ്ഥകളും തിരുസഭയുടെ മറ്റു കല്പനകളും ആവശ്യപ്പെടുന്നവിധം അതിനെ സജ്ജീകരിക്കുന്നതു് അസാദ്ധ്യമായിരിക്കും. ഇങ്ങനെ വരുമ്പോൾ ആ പ്രദേശത്തെ മെത്രാന്മാർ സഹോദരസ്നേഹത്തോടുകൂടി അന്യോന്യം സഹകരിക്കയും, എല്ലാവക്കും

പൊതുവിലുള്ളതും ആ സ്ഥാപനത്തിന്റെ ഉൽകൃഷ്ടമായ ഉദ്ദേശം പരിപൂർണ്ണമായി സാധിക്കുന്നതുമായ ഒരു സെമിനാരി ഏർപ്പെടുത്തി നടത്തുവാൻ സർവ്വശക്തിയോടുംകൂടി ഒത്തൊരുമിച്ചു ശ്രമിക്കയും ചെയ്യുന്നതു വളരെ നന്നായിരിക്കും. അങ്ങനെ ഒരുത്തരുമിച്ചു പ്രവർത്തിക്കുന്നതിൽനിന്നു ഉളവാകുന്ന വലുതായ ഗുണങ്ങളും ആ പ്രവൃത്തിയിൽ അനുഷ്ഠിക്കപ്പെടുന്ന ത്യാഗങ്ങൾക്കു വേണ്ടുവോളം പ്രതിഫലവുമായിരിക്കും. തന്നോടൊന്നിച്ചു ഭാവിയിൽ ജോലിചെയ്യേണ്ടവരായവർക്കു തന്നിക്കുള്ള അപ്പസ്തോലികചൈതന്യം പ്രദാനം ചെയ്യണമെന്നുള്ള താല്പര്യമുള്ള അജപാലകനായ തന്നിൽനിന്നു തന്റെ വൈദികവിദ്യാർത്ഥികൾ കുറച്ചുകാലത്തേയ്ക്കുപോലും അകന്നിരുന്നു അഭ്യസനം ചെയ്യുകാണുന്നതു് ഒരു മെത്രാന്റെ പൈതൃകഹൃദയത്തെ തപിപ്പിക്കുന്ന ത്യാഗമാണെന്നുള്ളതിനു യാതൊരു സംശയവുമില്ല. അപ്രകാരംതന്നെ അവരുടെ പ്രവൃത്തിരംഗമാകാനിരിക്കുന്ന ഭൂപ്രദേശത്തിൽനിന്നും അവർ അകന്നിരുന്നു കാണുന്നതും അദ്ദേഹത്തിനു ദുഃഖകാരണമായ ത്യാഗമാണു്. എന്നാൽ ആ വിദ്യാർത്ഥികൾ പുരോഹിതന്മാരായി തിരിച്ചുവരുമ്പോൾ ഈ നഷ്ടങ്ങളെല്ലാം പലിശയോടുകൂടി പരിഹരിക്കപ്പെടും. അവർ ഉപരിഗുണമുള്ള സ്വഭാവത്തോടുകൂടിയവരും, ആദ്ധ്യാത്മികസമ്പത്തു് ഉപരിയായ തോതിൽ സമാഹരിച്ചിട്ടുള്ളവരുമായിരിക്കും; അവർ ആ സമ്പത്തിനെ ഉപരിയായ ഔദാര്യത്തോടും തങ്ങളുടെ ഭൂപ്രദേശത്തു ഉപരിഗുണം ഉളവാകത്തക്കവിധത്തിലും വിനിയോഗിയ്ക്കുകയും ചെയ്യും. ഇക്കാരണങ്ങളാൽ, നമുക്കു സന്ദർഭം

ലഭിച്ചിട്ടുള്ളപ്പോഴെല്ലാം മെത്രാന്മാരുടെ പ്രസ്തുതശ്രമങ്ങളെ നാം ആദരിക്കുകയും പ്രോത്സാഹിപ്പിക്കുകയും പരിപോഷിപ്പിക്കുകയുമാണു ചെയ്തിട്ടുള്ളതു്. വാസ്തവത്തിൽ നാം പലപ്പോഴും ഈ പദ്ധതി നിർദ്ദേശിച്ചുകൊടുക്കുകയും, അതു പ്രയോഗത്തിൽ വരുത്തണമെന്നു് ഉപദേശിക്കുകയും ചെയ്തിട്ടുണ്ടു്. നാംതന്നെയും പ്രവർത്തിച്ചിട്ടുള്ളതും ഈ പദ്ധതി അനുസരിച്ചാണു്. ആവശ്യമെന്നു കണ്ട സ്ഥലങ്ങളിലെല്ലാം മേൽവിവരിച്ചതരത്തിലുള്ള പ്രാദേശികസെമിനാരികൾ വളരെ ചെലവുചെയ്തും ബുദ്ധിമുട്ടുസഹിച്ചും നാം സ്ഥാപിക്കുകയോ, പരിഷ്കരിക്കുകയോ, വലുതാക്കുകയോ ചെയ്തിട്ടുള്ളതു നിങ്ങൾക്കു് അറിവുള്ളതാണല്ലൊ. ദൈവാധീനംകൊണ്ടു ഭാവിയിലും, സർവ്വതീക്ഷ്ണതയോടുംകൂടി ഈ പ്രസ്ഥാനം നാം തുടരുകയും ചെയ്യും. കാരണം, ഇതു തിരുസഭയ്ക്കു് അത്യന്തം ഗുണകരമായ പ്രസ്ഥാനമാണെന്നു നമുക്കു ബോദ്ധ്യമുണ്ടു്.

പുരോഹിതസ്ഥാനാർത്ഥികളെ നല്ലവണ്ണം പരിശോധിക്കണം

ഏവംവിധം ഭാവിപുരോഹിതന്മാർക്കു് അഭ്യസനം നൽകുന്നതിനായി സെമിനാരികൾ കായ്ക്ഷമമായി സ്ഥാപിക്കുന്നതിനും നടത്തിക്കൊണ്ടുപോകുന്നതിനും ചെയ്യുന്ന ശ്രമങ്ങൾ എല്ലാവിധത്തിലും അഭിനന്ദനാർഹമാകുന്നു. എന്നാൽ സ്ഥാനാർത്ഥികളെ തിരഞ്ഞെടുക്കുകയും സ്വീകരിക്കുകയും ചെയ്യുന്നതിൽ വല്ല ശ്രദ്ധക്കുറവും ഉണ്ടാകുന്നപക്ഷം, ആ ശ്രമങ്ങൾ നിഷ്പ്രയോജ

നങ്ങളായിത്തീരും. അവരെ തിരഞ്ഞെടുക്കുകയും സ്വീകരിക്കുകയും ചെയ്യുന്നതിൽ വൈദികവിദ്യാർത്ഥികളുടെ കാര്യത്തിൽ മുമ്പതലയുള്ള എല്ലാവരും—റെക്ടർ, ആദ്ധ്യാത്മികപിതാക്കന്മാർ, കുമ്പസാരക്കാർ, എന്നിവരെല്ലാം—അവരവർ വഹിക്കുന്ന ഉദ്യോഗത്തിന്റെ സ്വഭാവവും പരിപാടിയുമനുസരിച്ചു പങ്കെടുക്കേണ്ടതാണ്. പുരോഹിതസ്ഥാനത്തേയ്ക്കു ദൈവത്തിൽനിന്നും ക്ഷണം ലഭിക്കുന്നവരേ അതു സ്വീകരിക്കുന്നതിൽ സഹായിക്കുകയും ധൈര്യപ്പെടുത്തുകയും ചെയ്യേണ്ടതു് അവരുടെ കർത്തവ്യമാണെന്നുള്ളതു ശരിതന്നെ; എന്നാൽ അതിൽ ഒട്ടും കുറയാത്ത തീക്ഷ്ണതയോടുകൂടി അയോഗ്യരായ സ്ഥാനാർത്ഥികളെ അധൈര്യപ്പെടുത്തുവാനും, അവരുടെ സ്വഭാവഗതിക്കു യോജിക്കാത്ത ഒരു ജീവിതപദ്ധതിയിൽനിന്നും നല്ലപ്പോഴേ അവരെ പിരിച്ചുവിടാനും അവർക്കു കടമയുണ്ട്. പുരോഹിതപദം പ്രാപിക്കാൻ ആവശ്യമായ അപദാനങ്ങളില്ലാത്ത യുവാക്കന്മാർ അതിനു് അയോഗ്യരാണു്; തന്മൂലം പുരോഹിതവൃത്തി യഥായോഗ്യവും യഥോചിതവും എന്നും പാലിച്ചുകൊണ്ടു പോകുമെന്നുള്ള ആശയ്ക്കു വഴിയില്ലാത്തവരുമാണു്. ഇങ്ങനെയുള്ളവരുടെ കാര്യത്തിൽ വേണ്ടതെന്തെന്നു തീരുമാനിക്കുന്നതിൽ ചഞ്ചലമനസ്ഥിതി കാണിക്കുകയോ, കാലതാമസം വരുത്തുകയോ ചെയ്യുന്നതു വലിയ അബദ്ധവും വളരെ ദോഷകരവുമായിരിക്കും. അയോഗ്യന്മാരായ വിദ്യാർത്ഥികളെ അദ്ധ്യയനത്തിന്റെ ആരംഭദശയിൽ പിരിച്ചുവിടുന്നതാണു് എല്ലാംകൊണ്ടും നല്ലതു്. എന്നാൽ വല്ല കാരണവശാലും അങ്ങനെ പിരിച്ചുവിടാൻ

കാലതാമസം വന്നുപോയെന്നു മനസ്സിലായാൽ, പി
ന്നെ ഒരു നിമിഷംപോലും ആ അബദ്ധം തുടരരുതു്.
മനുഷ്യരേക്കുറിച്ചുള്ള ഭാക്ഷിണ്യത്തിനോ, അസ്ഥാന
സ്ഥിതമായ ഭയത്തിനോ ഇതിൽ ഇടംകൊടുക്കുകയുമരു
തു്. അത്തരം ഭയം യഥാർത്ഥത്തിൽ ക്രൂരതയായിരിക്കും.
വേണ്ട അപഗ്രഥനങ്ങളും യോഗ്യതയും ഇല്ലാത്ത ഒരാളെ
ശുശ്രൂഷകനായി തിരുസഭയ്ക്കു നൽകുന്നതുകൊണ്ടു്, ആ
ദൈവത്തോടു ചെയ്യുന്ന ക്രൂരതയാകുന്നു. അതിനും
പുറമെ, അതു് ആ യുവാവിനോടു ചെയ്യുന്ന ക്രൂരതയു
മാണു്; എന്തുകൊണ്ടെന്നാൽ തനിക്കു യോജിക്കാത്ത
ജീവിതപദ്ധതി അവലംബിക്കുന്നപക്ഷം, തന്റേയും മ
റ്റുള്ളവരുടേയും ഇണാഭിവൃദ്ധിയ്ക്കു് അവൻ ഒരു പ്രതി
ബന്ധമായി തീരുന്നതിനും, അവസാനത്തിൽ അവനു
തന്നെ നിത്യരക്ഷ നഷ്ടപ്പെടുന്നതിനും ഇടവന്നേയ്ക്കാം.

സെമിനാരി റെക്ടർ തന്റെ പാലനത്തിന് ഏല്പി
ക്കപ്പെട്ടിരിക്കുന്ന വിദ്യാർത്ഥികളുടെ നടപടികളെ സ്നേഹ
പൂർവ്വം സൂക്ഷിച്ചുകൊണ്ടിരിക്കയും, അവരോരുത്തരുടേ
യും മനോഗതികളെ നിരീക്ഷണംചെയ്തു മനസ്സിലാക്കുക
യും വേണം. ശ്രദ്ധയും പരിജ്ഞാനവും ഉപയോഗിച്ചു
നോക്കിക്കൊണ്ടിരുന്നാൽ, അവരിലാർക്കെങ്കിലും പുരോ
ഹിതപദത്തിലേയ്ക്കു യഥാർത്ഥമായ ദൈവക്ഷണം ലഭി
ക്കാതുണ്ടോ എന്നു് അദ്ദേഹത്തിനു നിഷ്പ്രയാസം കണ്ടു
പിടിക്കാൻ കഴിയും. വന്ദ്യ സഹോദരരേ, ഈ ദൈവ
ക്ഷണം വല്ല ആന്തരികമായ വികാരവിശേഷമോ, ഭ
ക്തിപരമായ ആകർഷണമോ കൊണ്ടല്ലാ നിശ്ചയിക്ക
പ്പെടുന്നതെന്നു നിങ്ങൾക്കു അറിയാമല്ലൊ; ഇപ്പറഞ്ഞ

വ ചിലക്കില്ലെന്നോ, ചിലരിൽ ഉണ്ടെങ്കിലും പുറമേ പ്രത്യക്ഷപ്പെട്ടുന്നില്ലെന്നോ വരാം; പ്രത്യുത, പുരോഹിതസ്ഥാനം അത്ഥിക്കുന്നതിൽ അവക്കുള്ള ഉദ്ദേശ്യം ചൊവ്വുള്ളതായിരിക്കുക; ആ ജീവിതവൃത്തി അനുഷ്ഠിക്കുന്നതിന് ആവശ്യമായ കായികവും മാനസികവും സാന്മാർഗ്ഗികവുമായ ഗുണങ്ങൾ അവക്കുണ്ടായിരിക്കുക; ഈ ലക്ഷണങ്ങൾകൊണ്ടാണ് അതു നിർണ്ണയിക്കുന്നതു്. പുരോഹിതസ്ഥാനാത്ഥിയെ പ്രേരിപ്പിക്കുന്നതു ദൈവസേവനത്തിനും ആത്മാക്കളുടെ രക്ഷയ്ക്കുവേണ്ടിയുള്ള ജോലിയ്ക്കും തന്നെത്തന്നെ പ്രതിഷ്ഠിക്കണമെന്നുള്ള ഉൽകൃഷ്ടമായ ഉദ്ദേശ്യം മാത്രമായിരിക്കണം. അപ്രകാരംതന്നെ മുന്നദ്ധ്യായത്തിൽ നാം വിവരിച്ച മനോഗുണങ്ങൾ—യഥാത്ഥ്മായ ദൈവഭക്തി, പരിപൂർണ്ണമായ ജീവിതവിശുദ്ധി, ആവശ്യത്തിനു മതിയാകുന്ന ജ്ഞാനം—ഇവയെ സമ്പാദിച്ചിരിക്കുകയോ, കുറഞ്ഞപക്ഷം സമ്പാദിക്കാൻ ആത്മാത്ഥ്മായി പരിശ്രമിക്കുകയോ വേണം. ഈ വ്യവസ്ഥകളെല്ലാമനുസരിച്ചു വർത്തിച്ചുപോരുന്ന വൈദികവിദ്യാത്ഥ്യിയെ ദൈവം പുരോഹിതപദത്തിലേയ്ക്കു ക്ഷണിച്ചിട്ടുണ്ടെന്നു നിർണ്ണയിക്കാം.

അയോഗ്യരേ കഴിയുംവേഗം പിരിച്ചുവിടണം

ഈ മനോഗുണങ്ങളില്ലാത്ത സ്ഥാനാത്ഥികളേപ്പറ്റി പറയുന്നതായാൽ, പൗരോഹിത്യപദം പ്രാപിച്ചാൻ താല്പര്യമുണ്ടാകുമെന്നു വ്യാമോഹിക്കയും ആശിക്കയും ചെയ്തുകൊണ്ടും, ഒരുപക്ഷേ സൽബുദ്ധികളല്ലാത്ത മാതാപിതാക്കന്മാരുടെ പ്രേരണയാലും, ആ സ്ഥാനത്തു അതുകൂടം ലഭിക്കു

ന്നതിനുള്ള ഒരു മാർഗ്ഗമായി അഭിലഷിക്കുന്നവരുണ്ട്. ഇതിനു പല ദൃഷ്ടാന്തങ്ങളും കഴിഞ്ഞ കാലങ്ങളിൽ ഉണ്ടായിട്ടുണ്ട്; അനുസരണബോധമില്ലാത്തതും, ശിക്ഷണക്രമത്തിനു വിധേയമാകാത്തതും, ഭക്തജീവിതത്തിൽ അഭിരുചിയില്ലാത്തതും, സ്ഥിരോത്സാഹത്തോടുകൂടി പരിശ്രമിക്കാത്തതും, ആത്മാക്കളുടെ രക്ഷയിൽ താല്പര്യം പ്രദർശിപ്പിക്കാത്തതുമായ സ്വഭാവത്തോടു കൂടിയവരുണ്ട്; വിഷയസുഖാനുഭ്രതിക്കു പ്രത്യേകവാസന തോന്നുകയും, ദീർഘകാലം ശ്രമിച്ചിട്ടും അതിനെ അമർത്താൻ സാധിക്കുന്നില്ലെന്നു കാണുകയും ചെയ്യുന്നവരുണ്ട്; ജ്ഞാനസമ്പാദനത്തിനു വേണ്ട മനോഗുണങ്ങളും വ്യവസ്ഥാപിതമായ പാഠപദ്ധതി അനുസരിച്ചുള്ള പഠനം തൃപ്തികരമായി നടത്താനുള്ള ത്രാണിയും ഇല്ലാത്തവരുണ്ട്; ഇങ്ങനെയുള്ളവരാരും പുരോഹിതപദത്തിലേയ്ക്കു ദൈവത്തിൽ നിന്നും ക്ഷണം ലഭിച്ചിട്ടുള്ളവരല്ലെന്നു നിസ്സംശയിക്കാവുന്നതാണ്. പൗരോഹിത്യത്തിനു അടുത്തുമുമ്പുള്ള പടിവരെ ചെന്നെത്താൻ അവരെ അനുവദിക്കുന്ന മേലധികാരികളും അവർക്കു പിന്തിരിഞ്ഞു പോകാൻ കൂടുതൽ വൈമനസ്യം ഉണ്ടാക്കിത്തീർക്കുക മാത്രമാണു ചെയ്യുന്നതു്. ഒരുവേള മനുഷ്യാപവാദം ഭയന്നും ദൈവക്ഷണവും പുരോഹിതോചിതമായ ഭക്തിചൈതന്യവും ക്രൂടാതേയും പട്ടമേല്ക്കുന്നതിനു് ആ മേലധികാരികളും അവർക്കു സംഗതി വരുത്തിയെന്നും വരാം. ഏതാട്ടശമായ അബദ്ധം പിണയാതിരിക്കാൻ സർവ്വപ്രകാരേണയും ശ്രമിക്കാത്തപക്ഷം, ദൈവസന്നിധിയിലും തിരുസഭയുടെ മുമ്പിലും ആ വിദ്യാർത്ഥികളുടെ ദൃഷ്ടിയിൽത

ന്നൊയും തങ്ങൾ എത്രയോ വലിയ കുറ്റക്കാരായിത്തിരു
മെന്ന സെമനാരി അധികൃതന്മാരും ആദ്ധ്യാത്മികപിതാ
ക്കന്മാരും കുമ്പസാരക്കാരും ചിന്തിക്കേണ്ടിയിരിക്കുന്നു. കു
മ്പസാരക്കാരിലും ആദ്ധ്യാത്മികപിതാക്കന്മാരിലും ഇത്ത
രം അബദ്ധം കുറ്റകരമായിരിക്കുമെന്നു നാം പറയുന്ന
തു്, മനുഷ്യദൃഷ്ടിക്കു ഗോചരമായ എന്തെങ്കിലും ബാ
ഹ്യമായ നടപടി അവക്കു നടത്താൻ കഴിയും എന്ന
അർത്ഥത്തിലില്ലെന്നു തീർച്ചയാണല്ലോ. കാരണം, അ
തവർ ചെയ്യരുതെന്നു് അവർ അർഹിക്കുന്ന ഉദ്യോഗ
ത്തിന്റെ വിഷമതരമായ സ്വഭാവവും, കുമ്പസാരരഹസ്യ
ത്തിന്റെ അലംഘനീയതയും കൽനമായി വിരോധിക്കു
ന്നുണ്ടു്. പ്രത്യുത, ഓരോ വിദ്യാർത്ഥിയുടേയും ആത്മാ
വിന്റെമേൽ അവക്കു വളരെ സ്വാധീനശക്തി പ്രയോ
ഗിക്കാവുന്നതുകൊണ്ടും, ഓരോരുത്തരേയും അവരവരു
ടെ ആത്മീകാവശ്യങ്ങളനുസരിച്ചും പിതൃയോഗ്യമായ
ദൃഢനിശ്ചയത്തോടുകൂടിയും നയിക്കുന്നതിനു് അവക്കു
ചുമതലയുള്ളതുകൊണ്ടുമാണു്. അധികൃതന്മാർ വല്ല കാ
രണവശാലും വേണ്ട നടപടി നടത്താതിരിക്കയോ, അ
തിനു ധൈര്യക്കുറവു കാണിക്കുകയോ ചെയ്യുന്നതായാൽ
പ്രത്യേകിച്ചും, അനർഹരും അയോഗ്യരുമായ വിദ്യാ
ർത്ഥികളേ, കാലം വൈകുന്നതിനു മുമ്പുതന്നേ പിരിഞ്ഞു
പോകേണ്ടതു് അവരുടെ കർത്തവ്യമാണെന്നു മാനുഷിക
മായ ദാക്ഷിണ്യങ്ങളൊന്നും കൂടാതെ ഉൽബോധിപ്പി
ക്കാൻ കുമ്പസാരക്കാർക്കും ആദ്ധ്യാത്മികപിതാക്കന്മാർക്കും
ചുമതലയുണ്ടു്. ഭാവിയിൽ വരാവുന്ന ആപത്തുകളെ
കഴിയുന്നതും ഒഴിക്കാൻ പര്യാപ്തമായതു് ഏതാണെന്നു

നോക്കി തദനുസരണമായ ഉൽബോധനമാണു നൽകേണ്ടതു്. പ്രകൃതത്തിൽ മറെറല്ലാറിനേയും അപേക്ഷിച്ചു് ആ ലക്ഷണം തികഞ്ഞതു വിദ്യാർത്ഥികളുടെ ഗുണത്തെ ദീക്ഷിക്കുന്ന ഉൽബോധനമത്രേ. എന്തുകൊണ്ടെന്നാൽ ആ ഉൽബോധനം ലഭിക്കുന്നതുകൊണ്ടതന്നെ നിത്യനാശത്തിനു കാരണമായേയ്ക്കാവുന്ന ഒരു ജീവിതപദ്ധതി വിട്ടുപോകാൻ അവനു കഴിവുണ്ടാകുന്നു. ആ ഉൽബോധനം അനുസരിച്ചു പ്രവർത്തിക്കുന്നതിനു വിദ്യാർത്ഥികളെ നിർബ്ബന്ധിക്കാൻ മാതൃമുള്ള ന്യായം വല്ല പ്പോഴും കാണാതെ വരുന്നപക്ഷം ഉദ്യോഗസഹജമായി തങ്ങൾക്കു ലഭിച്ചിട്ടുള്ളതും ആദ്ധ്യാത്മികപുത്രന്മാരായ ആ വിദ്യാർത്ഥികളോടു തങ്ങൾക്കുള്ള പൈതൃകമായ സ്നേഹത്തിൽനിന്നു ജനിക്കുന്നതുമായ സ്വാധീനശക്തിയും ഉപയോഗിച്ചു്, അയോഗ്യന്മാരായവരെ സപദിനസാ പിരിഞ്ഞുപോകാൻ സമ്മതിപ്പിക്കണം. ഇങ്ങനെയുള്ള വിഷയങ്ങളെ സംബന്ധിച്ചു വി: അൽഫോൻസു് ലിഗോരി പറഞ്ഞിട്ടുള്ള അഭിപ്രായം കുമ്പസാരക്കാർ ഓർത്തിരിക്കേണ്ടതാണു്. "സാമാന്യേന ഇത്തരം കാര്യങ്ങളിൽ കുമ്പസാരക്കാരൻ തന്റെ ഉപദേശം അർത്ഥിക്കുന്നവരോടു് എത്രയധികം നിർദ്ദാക്ഷിണ്യമായി പെരുമാറുന്നുവോ അത്രയധികം അവരുടെ നിത്യരക്ഷയ്ക്കു സഹായകമായിരിക്കും. ക്രമാതീതമായ ദയവുള്ളവരായ ഇത്തരം കുമ്പസാരക്കാരെ "ദുഷ്ടദയാലുക്കൾ" എന്നാണു വില്ലനോവായിലെ വി: തോമസു് വിളിക്കുന്നതു്. ഇത്തരം സ്നേഹം വിലക്ഷണമായ സ്നേഹമാകുന്നു.

വാസ്തവികമായ യോഗ്യതാഗുണങ്ങൾ ഉണ്ടായിരിക്കണം

എന്നാൽ ഈ വിഷയത്തിലുള്ള ഉത്തരവാദിത്വത്തിൽ പ്രധാനഭാഗം വഹിക്കുന്നതു മെത്രാനാണു്. തിരുസഭാനിയമം നിഷ്കൃഷ്ടയോടെ അദ്ദേഹത്തോടു് അനുശാസിക്കുന്നതിങ്ങനെയാണു്: "കാനോൻനിയമം നിർദ്ദേശിക്കുന്ന യോഗ്യതാഗുണങ്ങളും തനിക്കുണ്ടെന്നു വാസ്തവികമായ ലക്ഷ്യങ്ങളാൽ ബോദ്ധ്യം വരുത്തുന്ന ആരെങ്കിലുമാതെ മറ്റാർക്കും വിശുദ്ധപട്ടങ്ങളും കൊടുത്തുകൂടാ; കൊടുക്കുന്നപക്ഷം അദ്ദേഹം ആ പ്രവൃത്തിമൂലം ഗൌരവാവഹമായ പാപത്തിൽ പതിക്കുമെന്നു മാത്രമല്ല, അന്യന്മാരെ പാപം ചെയ്യുന്നതിനു സഹായിക്കുന്ന അപരാധത്തിനു ഒരു നിലയിൽ ചെന്നെത്തുകയും ചെയ്യുന്നു." [1] ഈ നിയമവാചകം പൌലോസു് അപ്പോസ്തോലൻ തിമോത്തേയോസിനു നൽകിയ ഉൽബോധനത്തെ സുവ്യക്തം പ്രതിധ്വനിപ്പിക്കുക മാത്രമാണു ചെയ്യുന്നതു്. "ഗുണദോഷവിവേചനം കൂടാതെ ആരുടെയും തലയിൽ കൈവച്ചു നടത്തരുതു്; മറ്റുള്ളവരുടെ പാപങ്ങളിൽ ഓഹരിചേരുകയും അരുതു്." [2] "ഗുണദോഷവിവേചനം കൂടാതെ കൈവെപ്പുനടത്തുക" എന്നതിന്റെ വ്യാഖ്യാനം നമ്മുടെ പുരോഗാമിയും മഹാനുമായ വി: ലെയോ നൽകുന്നുണ്ടു്. "ആവശ്യമുള്ള യോഗ്യതാഗുണങ്ങളുള്ളവരാണോ എന്നു പരിശോധനാഫലമായി അറിയപ്പെട്ടിട്ടില്ലാത്തവർക്കു്—പ്രായപൂർത്തിവരുന്നതിനും, അനുസരണബുദ്ധിയുള്ളവരാണോ എന്നറിയുന്നതിനും, വേണ്ട പരീക്ഷണങ്ങൾക്കു വിധേയരാകുന്ന

തിനും, സ്വഭാവശിക്ഷണം സമ്പാദിക്കുന്നതിനും മുമ്പ്— പൗരോഹിത്യപട്ടം നൽകുക" എന്നാണ് അദ്ദേഹത്തിന്റെ വ്യാഖ്യാനം. "മറ്റുള്ളവരുടെ പാപങ്ങളിൽ ഓഹരി ചേരുക" എന്നതിന്റെ അർത്ഥം പട്ടം സ്വീകരിക്കുന്നവന്റെ പ്രവൃത്തി അയോഗ്യമായിരിക്കുന്നപോലെതന്നെ അയാൾക്കു പട്ടം കൊടുക്കുന്ന ആളും അയോഗ്യമായി പ്രവർത്തിക്കുന്നു"വെന്നാണ്. [1] ഈ ആശയത്തെ വി: യോഹന്നാൻ ക്രിസോസ്തോമോസ് ഇങ്ങനെ വിശദീകരിക്കുന്നു. "അയോഗ്യനു പട്ടം കൊടുത്ത നീ അയാളുടെ കഴിഞ്ഞ ജീവിതത്തിലേയും ഭാവിജീവിതത്തിലേയും പാപങ്ങൾക്കു ഉത്തരം [2] പറയേണ്ടിയിരിക്കുന്നു."

വന്ദ്യസഹോദരരേ, ഈ വാക്കുകൾ കർശനങ്ങൾ തന്നെ; എന്നാൽ അവ മൂലം പ്രഖ്യാപനം ചെയ്തിരിക്കുന്ന ഉത്തരവാദിത്വം അതിലും ഭയാനകമാകുന്നു. "ഈ വിഷയത്തിൽ ഞാൻ ഏറ്റവും നിസ്സാരമായ തോതിൽ തന്നെയും ഉപേക്ഷ വിചാരിച്ചാൽ ഞാൻ ഏറ്റവും വലിയ പാപത്തിൽ അകപ്പെട്ടും" എന്നു മിലാനിലെ മഹാമെത്രാനായിരുന്ന വി: ചാൾസ് ബൊറോമിയോ സകാരണം പ്രസ്താവിക്കത്തക്കവിധം അത്ര വലുതാണ് ഈ ഉത്തരവാദിത്വം. [3] ക്രിസോസ്തോമോസിന്റെ പ്രബോധനവചസ്സുകൾ വീണ്ടും ഉദ്ധരിക്കാം. "കൈവെപ്പു നടത്തുന്നതിനുമുമ്പ്, ഒരു പ്രാവശ്യമോ, രണ്ടുപ്രാവശ്യമോ, മൂന്നുപ്രാവശ്യംതന്നെയോ പരീക്ഷിച്ചാൽ പോരാ; പലപ്രാവശ്യം പരീക്ഷിക്കുകയും ശ്രദ്ധാപൂർവ്വം വീക്ഷിച്ചുകൊണ്ടിരിക്കുകയും ക്ലേശകരമായ പരിശോധനകൾ നടത്തുകയും വേണം." [4] പൗരോഹിത്യാർത്ഥികളുടെ

ജീവിതവിശുദ്ധിയെ സംബന്ധിച്ചിടത്തോളം ഈ പ്രബോധനത്തിനു സവിശേഷമായ പ്രസക്തിയുണ്ട്. വിശുദ്ധമെന്നാനാം വേദപാരംഗതനുമായ അൽഫോൻസസ് ലിഗോരി പറയുന്നു; "സ്ഥാനാത്ഥിയിൽ യാതൊരു സ്വഭാവദൂഷ്യവും മെത്രാൻ കാണുന്നില്ലാ എന്നതുകൊണ്ടായില്ല; പ്രത്യുത അയാൾക്കു ജീവിതവിശുദ്ധിയുണ്ടെന്നു വാസ്തവികമായ ലക്ഷ്യങ്ങളം മുഖേന അദ്ദേഹത്തിന് അറിവുണ്ടായിരിക്കണം." [1] തന്മൂലം നിങ്ങളുടെ അവകാശങ്ങളും കർത്തവ്യബോധവുമനുസരിച്ച്, സ്ഥാനാത്ഥികൾക്കു പട്ടം കൊടുക്കുന്നതിനുമുമ്പ് അവർ അതിനു യോഗ്യന്മാരാണെന്നു തെളിയിക്കുന്ന വാസ്തവികമായ ലക്ഷ്യങ്ങൾ കാണണമെന്ന് ആവശ്യപ്പെടുകയോ, യോഗ്യതയുള്ളവരാണോ എന്നു സംശയിക്കപ്പെടുന്നവർക്കു പട്ടം കൊടുക്കാൻ വരട്ടേയെന്നു വയ്ക്കുകയോ ചെയ്യുന്നതു് ഒരുവക നിർദ്ദയത്വമാണെന്നു മനുഷ്യർ വിചാരിച്ചേയ്ക്കുമെന്നുള്ള ഭയം നിങ്ങൾക്കുണ്ടാകരുതു്. അതു് എന്തുകൊണ്ടാണെന്നു മഹാനായ വി: ഗ്രിഗോരിയോസ് വാഗ്ദൈവത്തോടുകൂടി പറഞ്ഞുതരുന്നുണ്ട്. "കെട്ടിടം പണിയാൻ കൊള്ളാവുന്ന മരങ്ങൾ വനത്തിൽനിന്നും വെട്ടിയെടുത്തുകൊള്ളുക; പക്ഷെ കെട്ടിടത്തിന്റെ ഭാരം താങ്ങേണ്ടിവരുന്ന സ്ഥാനത്തു് അവയെ ഉടനെതന്നെ വച്ചുകൊട്ടക്കരുതു്; അതിനു കുറെദിവസം കഴിയട്ടെ; അപ്പോഴേ അവ വെള്ളം വലിഞ്ഞു് ഉണങ്ങി ആ കായ്ത്തിനു പ്രയോജനപ്പെടുകയുള്ളൂ. ഈ മുൻകരുതൽ കൂടാതെ പ്രവർത്തിച്ചാൽ കാലവിളംബമെന്യേ കെട്ടിടത്തിന്റെ ഭാരം താങ്ങാൻ വഹിയാതെ അവ കണ്ടിച്ചു

പോകും." [1] ഈ ആശയംതന്നെ കുറെക്കൂടി സംക്ഷിപ്തമായും സുവ്യക്തമായും തോമാമല്പാൻ പ്രകാശിപ്പിക്കുന്നുണ്ട്. "ആദ്യം ജീവിതവിശുദ്ധിയുള്ളവരാകുക, അതിനുശേഷം മാത്രം വിശുദ്ധപട്ടം സ്വീകരിക്കുക; ഈ പ്രമാണമനുസരിച്ചു പാപത്തണുപ്പിൽനിന്നു വിമുക്തമാകുകയും വിശുദ്ധികൊണ്ടു സേചനം ചെയ്യപ്പെടുകയും ചെയ്തിട്ടുള്ള ചുമരുകളിന്മേൽ മാത്രമേ പട്ടഭാരം കൊള്ളിച്ചുവയ്ക്കാവൂ." [2]

ചുരുക്കിപ്പറയാം; കാനോൻ നിയമത്തിലെ സകല വ്യവസ്ഥകളും ശ്രദ്ധാപൂർവ്വം അനുഷ്ഠിക്കണം; ഈ വിഷയം സംബന്ധിച്ചു് ഏതാനും കൊല്ലങ്ങൾക്കു മുമ്പു നമ്മുടെ ഉത്തരവിൻ പ്രകാരം ക്രമാശകളുടെ കാര്യവിചാരണ ചെയ്യുന്ന തിരുസംഘം പ്രസിദ്ധപ്പെടുത്തിയ വിവേകയുക്തമായ ചട്ടങ്ങളെ എല്ലാവരും അനുസരിക്കണം. [3] എന്നാൽ തിരുസഭയ്ക്കു വലിയ ദുഃഖവും വിശ്വാസികൾക്കു പുണ്യമാർഗ്ഗത്തിൽ പല ഇടർച്ചകളും നേരിടുവിക്കാതെ കഴിക്കാം.

ഏതാദൃശമായ ചട്ടങ്ങളെ നാം സന്ന്യാസസഭകൾക്കും ഏർപ്പെടുത്തിക്കൊടുത്തിട്ടുണ്ട്. [4] ആ ചട്ടങ്ങൾക്കു വിധേയരാകേണ്ടവരെല്ലാം അവയെ അഭംഗമായി അനുഷ്ഠിക്കേണമെന്നു നാം ഉൽബോധിപ്പിക്കുന്നതോടുകൂടി പൗരോഹിത്യാർത്ഥികളായ വിദ്യാർത്ഥികളുള്ള സന്ന്യാസസ്ഥാപനങ്ങളുടെ അധികൃതന്മാരുടെ ശ്രദ്ധയ്ക്കു് അവയെ ഒരിക്കൽക്കൂടി വിഷയീഭവിപ്പിക്കുകയും ചെയ്യുന്നു. വൈദികവിദ്യാർത്ഥികളുടെ സ്വഭാവശുദ്ധീകരണത്തെ സംബന്ധിച്ചു നാം മുകളിൽ നൽകിയിട്ടുള്ള ഉപദേശങ്ങളെ

അവരേയുംക്രൂടി ഉദ്ദേശിച്ചു നൽകിയിട്ടുള്ളതാണെന്നു് അവർ കരുതിക്കൊള്ളണം. കാരണം, അവരുടെയിടയിൽ നിന്നുള്ള സ്ഥാനാത്ഥികളെ അവരാണു മെത്രാന്റെ മുമ്പിൽ പട്ടം കൊടുക്കുന്നതിനായി ഹാജരാക്കുന്നതു്. മെത്രാൻ അവരുടെ തീരുമാനത്തെ ആശ്രയിച്ചു പ്രവത്തിക്കുകയാണു് പതിവു്.

പുരോഹിതന്മാർ കുറവായിരിക്കുന്നതാണു് അലസരായിരിക്കുന്നതിനേക്കാൾ നല്ലതു

മെത്രാന്മാരും സന്ന്യാസസഭാധികൃതന്മാരും തങ്ങളുടെ ശ്രുചതയിലോ ആശ്രമങ്ങളിലോ പട്ടക്കാർ കുറവായിപ്പോകുമെന്നുള്ള ഭയംമൂലം മേൽ വിവരിച്ചവിധം കായ്ത്രണത്തിനാവശ്യമായിരിക്കുന്ന കാക്ശ്യത്തോടുക്രൂടി പ്രവത്തിക്കുന്നതിൽ വിമുഖരായിരുന്നുക്രൂടാ. മാലാഖാസട്ടശനും വേദപാരംഗതനുമായ വി: തോമ്മാ അനേകകാലംമുമ്പേ ഈ വൈഷമ്യം മൂണ്ടിക്കാണിക്കുകയും സഹജമായ സുവ്യക്തതയോടും വിവേകത്തോടുംക്രൂടി അതിനു സമാധാനം പറയുകയും ചെയ്തുകഴിഞ്ഞിരിക്കുന്നു. "ദൈവം ഒരിക്കലും തന്റെ സഭയേ കൈവെടിയുകയില്ല; ആകയാൽ വിശ്വാസികളുടെ ആവശ്യങ്ങളം നിവ്വഹിച്ചുകൊടുപ്പാൻ വേണ്ടിടത്തോളം പുരോഹിതന്മാർ എന്നും അതിൽ ഉണ്ടായിരിക്കും. എന്നാൽ അതിലേയ്ക്കു നാം ചെയ്യേണ്ടതു്, യോഗ്യതയുള്ളവരെ ആ സ്ഥാനത്തേയ്ക്കു കയറ്റിക്കൊണ്ടുപോകുകയും യോഗ്യതയില്ലാത്തവരെ പിരിച്ചയക്കുകയുമാണു്." [1] ഈ വിശ്രുത വേദപാരംഗതൻതന്നെ, നാലാമത്തെ ലാത്ത

റാൻ സാവ്വത്രികസൂനഹദോസിന്റെ കല്പനകളെ [1] ആസ്പദീകരിച്ചു പ്രകൃതവിഷയത്തെപ്പറ്റി പറയുന്നതിങ്ങനെയാണ്: "പുരോഹിതന്മാരുടെ സംഖ്യ ഇപ്പോളുള്ളതിൽ കുറയാതെ പാലിച്ചുകൊണ്ടു പോകാൻ വല്ലപ്പോഴും അസാദ്ധ്യമായിത്തീരുന്നുവെന്നിരിക്കട്ടെ; എന്നാൽതന്നെയും നല്ല പുരോഹിതന്മാർ കുറച്ചുപേരുള്ളതാണു ചീത്തപുരോഹിതന്മാർ അധികമുള്ളതിനേക്കാൾ ആശാസ്യമായിരിക്കുന്നതു." [2] നമ്മുടെ പൗരോഹിത്യജൂബിലി കൊണ്ടാടിയ വഷ്ത്തിൽ, സവ്വരാജ്യങ്ങളിലേയും വൈദികവിദ്യാത്ഥികൾ തീത്ഥയാത്രക്കാരായി സംഘം ചേന്ന് ഇവിടെ വന്ന മഹനീയാവസരത്തിൽ, ഇറവലിയിലെ മെത്രാപ്പോലീത്താമാരും മെത്രാന്മാരും അടങ്ങിയ ഒരു മഹൽസംഘത്തോടു നാം തന്നെ ആവത്തിച്ചുപറഞ്ഞതു് ഈ അഭിപ്രായമാണ്—സുശിക്ഷണം മുഖേന സൽസ്വഭാവിയായിത്തീന്നിട്ടുള്ള ഒരൊറ്റ പുരോഹിതനിൽനിന്നുണ്ടാകുന്ന ഗുണഫലം ശിക്ഷണം ലഭിച്ചിട്ടും ദുസ്വഭാവിയായിത്തീരുകയോ, ശിക്ഷണം അശേഷം ലഭിക്കാതിരിക്കയോ ചെയ്തിട്ടുള്ള അനേകം പുരോഹിതന്മാരിൽ നിന്നുണ്ടാകുന്നതിനേക്കാൾ അധികമായിരിക്കും. എന്തുകൊണ്ടെന്നാൽ ഇത്തരക്കാർ വല്ല ഗുണവും ചെയ്യുമെന്ന് ആക്കും ഉറപ്പില്ലെന്നു മാത്രമല്ല, അവർ മുഖേന സഭയ്ക്ക് ദുഃഖാനുഭവം ഉണ്ടാകാൻ ഇടയുമുണ്ട്. [3] വന്ദ്യസഹോദരരേ, തന്റെ അജഗണങ്ങളായ ആത്മാക്കളെ രക്ഷിക്കുന്ന ജോലി അയോഗ്യരായ മാർഗ്ഗദർശകന്മാരേയും അപ്രപ്തരായ നേതാക്കന്മാരേയും ആണു നാം ഏല്പിച്ചുകൊടുത്തിരിക്കുന്നതെന്ന് ഇടയന്മാ

രുടെ നാഥനും [1] മെത്രാന്മാരുടെ തലവനുമായ [2] നമ്മുടെ കർത്താവു കണ്ടാൽ, അവിടുന്നു നമ്മിൽ ആരോപിക്കുന്ന കുറവും എത്ര ഭയങ്കരമായിരിക്കുമെന്നു നിങ്ങൾ ആലോചിക്കുവിൻ.

പൌരോഹിത്യാർത്ഥികളെ പ്രോത്സാഹിപ്പിക്കണം

വൈദികവിദ്യാർത്ഥികൾക്ക് അഭ്യസനം നൽകുന്ന ജോലിയിൽ ഏർപ്പെട്ടിരിക്കുന്നവർ പ്രധാനമായി ശ്രദ്ധിക്കേണ്ടതു പുരോഹിതന്മാരുടെ സംഖ്യ വർദ്ധിപ്പിക്കാനല്ലെന്നുള്ളതു് അവിതർക്കിതമായ സംഗതിയാണെങ്കിലും, കർത്താവിന്റെ തോട്ടത്തിൽ ഊർജ്ജസ്വലമായും തീക്ഷ്ണമായും വേല ചെയ്യുന്നവരുടെ സംഖ്യ വർദ്ധിക്കുന്നതിനു തങ്ങളാലാവുന്ന സകല പരിശ്രമങ്ങളും ചെയ്യേണ്ടതു് അവരുടെ എല്ലാവരുടേയും കർത്തവ്യമാകുന്നു. സമുചിതമായങ്ങനെയുള്ള സാന്മാർഗ്ഗികസഹായങ്ങളും ലഭിക്കേണ്ട ആവശ്യകത കുറഞ്ഞുവരുന്നതിനുപകരം വർദ്ധിച്ചുകൊണ്ടിരിക്കുന്നതിനാൽ പ്രത്യേകിച്ചും, അങ്ങനെ ചെയ്യേണ്ടിയിരിക്കുന്നു. ഈ ഉൽകൃഷ്ടകർത്തവ്യം നിർവ്വഹിക്കുന്നതിനു് എല്ലാറ്റിലും എളുപ്പവും ഫലപ്രദവുമായ മാർഗ്ഗം പ്രാർത്ഥനയാണു്. എല്ലാവർക്കും സാധീനമായ മാർഗ്ഗമാണെന്നുള്ള ഒരു വിശേഷതയും ഇതിനുണ്ടു്. ഈശോമിശിഹാതന്നെ കല്പിച്ചരുളിയിട്ടുള്ളതനുസരിച്ചു് ഈ മാർഗ്ഗം എല്ലാവരും മുടക്കം കൂടാതേയും വളരെ താല്പര്യത്തോടുകൂടിയും ഉപയോഗിക്കേണ്ടതാണു്. "വാസ്തവത്തിൽ വിളവെടുക്കാൻ വളരെയുണ്ടു്; പക്ഷെ അതിനുള്ള വേലക്കാർ ചുരുക്കം; അതിനാൽ വിളവി

ന്റെ ഉടമസ്ഥനോട് കൊയ്യാൻ വേലക്കാരെ അയ
ച്ചുതരണമെന്നു പ്രാർത്ഥിക്കുവിൻ." [1] നമ്മുടെ ദിവ്യരക്ഷ
കന്റെ ഹൃദയത്തിന് ഇതിനേക്കാൾ സ്പീകാര്യമായ
പ്രാർത്ഥന ഏതുണ്ട്? ആ ദിവ്യഹൃദയത്തിൽ കത്തി
ജ്വലിക്കുന്ന ആഗ്രഹത്തെ സാധിക്കുന്നതിനു തികച്ചും
പര്യാപ്തമായിരിക്കുന്നതിനാൽ, അശേഷം കാലതാമസം
കൂടാതെ അവിടുത്തെ ശ്രവണവിഷയമാകുകയും അവിട
ത്തെ കരങ്ങളിൽ നിന്നു യാചിതദാനങ്ങളെ സമൃദ്ധിയാ
യി വാങ്ങുകയും ചെയ്യാൻ ഇതിനേക്കാൾ ഉപയുക്തമാ
യ പ്രാർത്ഥന വേറെ ഏതുണ്ട്? "അതിനാൽ, നിങ്ങൾ
ചോദിക്കുവിൻ, എന്നാൽ നിങ്ങൾക്കു ലഭിക്കും." [2] നല്ല
വരും വിശുദ്ധരുമായ പുരോഹിതന്മാരെ ചോദിച്ചാൽ,
നമ്മുടെ കർത്താവ് അവരെ തന്റെ സഭയ്ക്കു നൽകാതി
രിക്കയില്ല; കഴിഞ്ഞുപോയ ശതാബ്ദങ്ങളിലെല്ലാം അ
വിടുന്ന് അങ്ങനെയാണല്ലൊ ചെയ്തിട്ടുള്ളതു്. ശുഭകര
മെന്ന് അശേഷം പ്രതീക്ഷിക്കാത്ത കാലങ്ങളിലാണ
പൗരോഹിത്യസ്ഥാനാർത്ഥികളുടെ സംഖ്യ വാസ്തവത്തിൽ
വർദ്ധിച്ചിട്ടുള്ളതു്. പത്തൊമ്പതാം നൂറ്റാണ്ടിലെ ക
ത്തോലിക്കലോകത്തിന്റെ സ്ഥിതിഗതികൾ ഇതിനു
തെളിവാണ്. ഇടവകവൈദികരുടേയും സന്ന്യാസവൈ
ദികരുടേയും പട്ടികകൾ ആ ശതാബ്ദത്തിൽ സംഖ്യാബ
ഹുലതയാലും മഹനീയനാമങ്ങളാലും പരിശോഭിതങ്ങളാ
യിരുന്നു. ദൃഷ്ടാന്തമായി, വിശുദ്ധന്മാരെന്നു നാംതന്നെ
സന്തോഷപൂർവ്വം നാമകരണംചെയ്തിട്ടുള്ള ആ മൂന്നു പു
ണ്യാത്മാക്കളെ അനുസ്മരിക്കുക—ജോൺ മേരി വിയാ
ന്നി, ജോസഫ് ബനഡിക്ട് കൊട്ടലിങ്കൊ, ജോൺ ബോ

സ്നേഹം എന്നീ വിശുദ്ധന്മാർ ഓരോരുത്തരും തങ്ങളെ പ്രത്യേകം സ്വീകരിച്ച ജീവിതപദ്ധതിയിൽ യഥാർത്ഥവും അന്തർലക്ഷ്യവുമായ വിശുദ്ധി പ്രാപിച്ചവരാകുന്നു.

എന്നാൽ, ഉദാരമനസ്കരായ പല ബാലന്മാരുടേയും ഹൃദയങ്ങളിൽ പുരോഹിതപദത്തിലേയ്ക്കുള്ള ക്ഷണത്തിന്റെ വിത്തു ദൈവം യാതൊരു ലോഭവും കൂടാതെ നേരിട്ടതന്നെ പാകുന്നുണ്ട്. പക്ഷെ അതിനെ മുളപ്പിച്ചു വളർത്തിക്കൊണ്ടുവരാൻ ആവശ്യമായ മാനുഷികമാർഗ്ഗങ്ങളെ ഉപയോഗിക്കാതിരിക്കരുതു്. അനേകപ്രകാരത്തിൽ ഉപയോഗിക്കാവുന്ന അസംഖ്യം വിശുദ്ധമാർഗ്ഗങ്ങളെ പരിശുദ്ധാത്മാവു നിർദ്ദേശിച്ചുതന്നിട്ടുണ്ട്. ആ മാർഗ്ഗങ്ങളുപയോഗിച്ചു്, പുരോഹിതപദത്തിലേയ്ക്കു ദൈവം ക്ഷണിക്കുന്നവർക്കു് ആ അനുഗ്രഹം നഷ്ടപ്പെടാതിരിക്കുന്നതിനും, അതനുസരിക്കുവാൻ അവരെ പ്രോത്സാഹിപ്പിക്കുകയും സഹായിക്കുകയും ചെയ്യുന്നതിനും വേണ്ടി നടത്തുന്ന എല്ലാ പ്രവൃത്തികളേയും നാം ഹൃദയപൂർവ്വം പ്രശംസിക്കുകയും അനുഗ്രഹിക്കുകയും ചെയ്യുന്നു. "നാം എത്രതന്നെ ക്ലേശിച്ചു് ആലോചിച്ചാലും ഉത്തമന്മാരായ പുരോഹിതന്മാരുണ്ടാകുന്നതിനു ചെയ്യുന്ന പരിശ്രമത്തോളം നമ്മുടെ സഹായസഹകരണങ്ങളെ അർഹിക്കുന്ന മറെറാരു മഹത്തായ പരിശ്രമവും നമുക്കു് ഒരിക്കലും കണ്ടെത്താവുന്നതല്ല," [1] എന്നാണു പരസ്നേഹത്തിന്റെ പ്രേഷിതനും പൊതുജനത്തിന്റെ പ്രേമപാത്രവുമായിരുന്ന വി: വിൻസെന്റ് ഡി പോളിന്റെ അഭിപ്രായം. വാസ്തവത്തിൽ ജീവിതവിശുദ്ധിയുള്ള ഒരു പുരോഹിതനെ പ്രദാനംചെയ്യുന്നതു് ഒരു അമൂല്യസ്വ

ത്തു ദാനം ചെയ്യുകയാണ്; ഇതിനേക്കാൾ ദൈവത്തിനു സഭീകായ്മായോ, തിരുസഭയ്ക്ക് അഭിമാനകരമായോ, ആത്മാക്കൾക്കു പ്രയോജനകരമായോ ഉള്ള മറൊരു ദാനവുമില്ലതന്നെ. ക്രിസ്തുവിൻെറ അനുഗാമികളിൽ ഏറ്റവും നിസ്സാരന് ഒരു പാത്രം പച്ചവെള്ളം കൊടുക്കുന്നവനു "പ്രതിഫലം ലഭിക്കാതിരിക്കയില്ലെ"ന്നു വരികിൽ, [1] മനുഷ്യപരിത്രാണത്തിനു നിദാനമായ തിരുരക്തം ഉൾക്കൊണ്ടിരിക്കുന്ന വിശുദ്ധപാനപാത്രത്തെ ഒരു യുവപുരോഹിതൻെറ നിർമ്മലകരങ്ങളിൽ വച്ചുകൊടുക്കുകയും, മനുഷ്യക്കു പാപമോചനവും മറനുഗ്രഹങ്ങളും ലഭിക്കുമെന്നുള്ളതിൻെറ അടയാളമായി അതിനെ സ്വർഗ്ഗത്തെ ലക്ഷ്യമാക്കി ഉയർത്തിപ്പിടിക്കുന്നതിനു അദ്ദേഹത്തെ സഹായിക്കുകയും ചെയ്യുന്ന ആൾക്ക്—എന്നതന്നെ പറയാം—അതിനു എത്രവലിയ പ്രതിഫലം ലഭിക്കയില്ല.!

കത്തോലിക്കപ്രവർത്തനത്തിലെ ഒരു ഘടകം

ഈ സന്ദർഭത്തിൽ നമ്മുടെ ചിന്തയേ കത്തോലിക്കപ്രവർത്തനത്തിലേയ്ക്ക്; നാം അതിമാത്രം ആഗ്രഹിക്കുകയും പ്രോത്സാഹിപ്പിക്കുകയും സംരക്ഷിച്ചുപോരുകയും ചെയ്യുന്ന വിഷയത്തിലേയ്ക്ക്, തിരിക്കാൻ നമുക്കു സന്തോഷമുണ്ട്. എന്തെന്നാൽ കത്തോലിക്കപ്രവർത്തനദ്വാരാ അൽമേനികർ തിരുസഭാധ്യക്ഷന്മാരുടെ പ്രേഷിതവേലയിൽ ഓഹരികൊള്ളുന്നു; തന്മൂലം പൗരോഹിത്യപദത്തിലേയ്ക്കു ദൈവക്ഷണം സ്വീകരിക്കുന്നവരെ സംബന്ധിച്ചുള്ള കാര്യം ഒരു ജീവൽപ്രശ്നമായി അ

തിന്റെ പരിപാടിയിൽ അവശ്യം ഉൾപ്പെട്ടിരിക്കുകയും ചെയ്യുന്നു. കത്തോലിക്കപ്രവർത്തനസംഘാംഗങ്ങൾ എല്ലാവരും ക്രിസ്തീയജോലികളിലും, പ്രത്യേകിച്ചും പ്രസ്തുതപ്രശ്നം സംബന്ധിച്ചുള്ളതിൽ വിശേഷിച്ചും, ഏർപ്പെട്ട് ഉൽകൃഷ്ടസേവനം ചെയ്യുന്ന കാര്യം നമ്മുടെ ഹൃദയത്തെ ആശ്വാസസമ്പൂർണ്ണമാക്കിയിരിക്കുകയാണ്. അവർ ശ്രദ്ധവൽക്കരിച്ചിട്ടുള്ള യുവജനസമാജത്തിൽ അംഗങ്ങളായിരിക്കുന്നവരുടെയിടയിൽ പൗരോഹിത്യത്തിലേയ്ക്കും സന്ന്യാസവൃത്തിയിലേയ്ക്കും ദൈവക്ഷണം ലഭിച്ചിരിക്കുന്നവരുടെ സംഖ്യ അത്ഭുതാവഹമായി വർദ്ധിച്ചുവരുന്നതുതന്നെ അവരുടെ ഏതാദൃശപരിശ്രമങ്ങൾക്ക് അനുഗ്രഹസമൃദ്ധമായ പ്രതിഫലമായി തീർച്ചയായും പരിഗണിക്കാം; പ്രസ്തുതസമാജങ്ങൾ പുണ്യഫലങ്ങൾ സമൃദ്ധിയായി വിളയുന്ന വയലുകളും, ഇളംതൈക്കളെ കേടുകൂടാതെ സൂക്ഷിക്കുകയും സവിശേഷം വളർത്തുകയും ചെയ്യുന്ന തോട്ടങ്ങളുമാണെന്നും, അത്യന്തമനോഹരങ്ങളും അതിമൃദുലങ്ങളുമായ പൂമൊട്ടുകൾ അവിടെ ആപച്ചുങ്കുകൂടാതെ വികസിക്കുന്നതാണെന്നും പ്രസ്തുതസംഖ്യാവർദ്ധന തെളിയിക്കുന്നുണ്ട്. ഈവിധം ആ സമാജങ്ങൾക്ക് അഭിമാനകാരണമായിരിക്കുന്ന പ്രസ്തുതപരിശ്രമത്തിൽ കത്തോലിക്കപ്രവർത്തനസംഘാംഗങ്ങളായ എല്ലാവർക്കും അഭിമാനംകൊള്ളാൻ സംഗതിയായെങ്കിൽ എത്ര നന്നായിരുന്നു! അപ്പസ്തോലനേതാവായിരുന്ന വി: പത്രോസ് പരിത്രാണം ചെയ്യപ്പെട്ട മനുഷ്യസമൂഹത്തിന്റെ ലക്ഷണങ്ങളിലൊന്നായി പറയുന്ന അത്യുൽകൃഷ്ടമായ "രാജകീയ പൗരോഹിത്യത്തിൽ" [1] കത്തോലിക്ക അൽമേനികർക്ക് ഓഹ

രിക്കാരാകാൻ ഏറ്റവും ഉത്തമമായ മാർഗ്ഗം ഇടവകപു രോഹിതന്മാരുടേയും സന്യാസപുരോഹിതന്മാരുടേയും സംഖ്യ വർദ്ധിപ്പിക്കാനുള്ള ഈ പരിശ്രമമാണെന്ന് അ വർക്കു ബോദ്ധ്യമുണ്ടായിരിക്കട്ടെ.

കുടുംബം

എന്നാൽ ദേവാലയശുശ്രൂഷകരായിത്തീരേണ്ട കു സുമങ്ങൾ അനായാസേന മൊട്ടിടുകയും വികസിക്കു യും ചെയ്യുന്നതിനുള്ള പ്രഥമവും എന്തുയും സ്വാഭാവിക വുമായ സ്ഥലം യഥാർത്ഥവും സുദൃഢവുമായ ക്രിസ്തീയ ചൈതന്യം വിളയാടുന്ന കുടുംബമാകുന്നു. "തിരുസഭയു ടെ പ്രശംസാപാത്രങ്ങളായിത്തീർന്നിട്ടുള്ള"[1] വിശ്വാസരായ മെത്രാന്മാരേയും പുരോഹിതന്മാരേയും തത്തൽസ്ഥാന ങ്ങളിലേയ്ക്കു ദൈവം ക്ഷണിക്കാനും അവർ ആ ക്ഷണം സ്വീകരിച്ചു വിശ്വാസരായി ജീവിക്കാനും ആദ്യകാരണമാ യിരുന്നിട്ടുള്ളതു ദൃഢമായ വിശ്വാസത്താലും വേരുറച്ച പു ണ്യങ്ങളാലും അലംകൃതനായ ഒരു പിതാവിന്റേയും, നിഷ്കളങ്കയും ത്യാഗസന്നദ്ധയുമായ ഒരു മാതാവിന്റേ യും, ദൈവസ്നേഹവും പരസ്നേഹവും അനാഡംബ രജീവിതരീതിയും പ്രാഥമ്യംവഹിക്കുന്ന ഒരു കുടുംബത്തി ലെ മറ്റംഗങ്ങളുടേയും സന്മാതൃകയും സദുപദേശങ്ങളു മാണ്. ദൈവം ലോകഭരണക്രമത്തിൽ അനുസരിച്ചു പോരുന്ന ഈ നിയമത്തിനു വ്യത്യസ്തങ്ങളുണ്ടായിട്ടുണ്ടെ ങ്കിൽ, അവ അപൂർവ്വങ്ങളും നിയമത്തിന്റെ ആസ്തിക്യ ത്തെ തെളിയിക്കാൻ മാത്രം പറയുന്നവയുമത്രെ. ആദ ശ്യാനുസാരം ജീവിക്കുന്ന കുടുംബത്തിലെ മാതാപിതാക്ക

ന്മാർ, തോബിയാസും സാറായും ചെയ്തപോലെ, തങ്ങൾക്കു വിപുലമായ സന്താനസമ്പത്തു നൽകണമെന്ന് "അവരിൽ നിന്റെ തിരുനാമം എന്നും സ്തുതിക്കപ്പെടുവാൻ"[1] എന്ന ഉദ്ദേശം വച്ചുകൊണ്ടു പ്രാർത്ഥിക്കയും, ആ സന്താനങ്ങളെ തങ്ങളുടെ സൂക്ഷ്മത്തിനേല്പിച്ചിരിക്കുന്ന ഒരു അമൂല്യസ്വത്തായി ദൈവത്തിൽനിന്നു സ്വീകരിക്കുകയും ചെയ്യേണ്ടതാണ്; ആ സന്താനങ്ങളിൽ ബാല്യംമുതല്ക്കേ വിശുദ്ധമായ ദൈവഭയവും യഥാർത്ഥമായ ക്രിസ്തീയഭക്തിയും ഉല്പാദിപ്പിക്കാൻ ശ്രമിക്കേണ്ടതുമാണ്. ഈശോയുടേയും വി: കുർബാനയുടേയും അമലോത്ഭവയായ മാതാവിന്റേയും നേർക്കു ഹൃദയപൂർവ്വമായ ഭക്തി അവരിൽ വളർത്തിക്കൊണ്ടുവരണം; വിശുദ്ധമായ സ്ഥലങ്ങളേയും വിശുദ്ധരായ ആളുകളേയും കുറിച്ചു ഭക്തിബഹുമാനങ്ങളുള്ളവരായിരിപ്പാൻ അവരെ പഠിപ്പിക്കണം; അങ്ങനെയുള്ള കുടുംബങ്ങളിൽ മാതാപിതാക്കന്മാർ മക്കൾക്കു മാതൃകകളായിരിക്കും. അവർ നിഷ്കളങ്കത, പരിശ്രമശീലം, ദൈവഭക്തി എന്നീ ഗുണങ്ങളോടുകൂടിയ ജീവിതം നയിക്കുന്നതും; മാതാവും പിതാവും നമ്മുടെ ദിവ്യനാഥനെക്കുറിച്ചു പരിശുദ്ധമായവിധം അന്യോന്യം സ്നേഹിക്കുന്നതും; കുമ്പസാരം, കുർബാന എന്നീ കൂദാശകൾ അവർ കൂടക്കൂടെ സ്വീകരിക്കുന്നതും; നൊയമ്പും ഒരു നേരവും തിരുസഭയുടെ നിയമപ്രകാരം ആചരിക്കുന്നതിനും പുറമെ, ക്രിസ്തീയ മനോഭാവത്തിനനുസരണമായവിധം സ്വമനസാ തപശ്ചര്യകൾ അനുഷ്ഠിക്കുന്നതും; എല്ലാവരും ഒന്നുചേർന്നു ചെയ്യുന്ന പ്രാർത്ഥന ദൈവത്തിനു കൂടുതൽ സ്വീകാര്യമാണെന്നറിഞ്ഞു് അവർ

കുടുംബാംഗങ്ങളെല്ലാവരേയും ചുറ്റും വിളിച്ചുകൂട്ടി അവരൊരുമിച്ചു പ്രാർത്ഥന നടത്തുന്നതും; കഷ്ടാരിഷ്ടതകളിൽ കഴിഞ്ഞുകൂടുന്ന ദരിദ്രരോട് അനുകമ്പ തോന്നി, തങ്ങൾക്ക് ആവശ്യത്തിലധികമോ അഥവാ ആവശ്യത്തിനു മതിയാകേതേയോ ഉള്ള വകകളിൽ ഒരോഹരി അവർക്കു ദാനം ചെയ്യുന്നതും—ഇതെല്ലാം അവരുടെ മക്കൾ കണ്ടുകൊണ്ടിരിക്കുന്നതിനാൽ അവർക്ക് അവ മാതൃകാപാഠങ്ങളായിത്തീരുന്നതാണ്. ഇങ്ങനെയുള്ള കുടുംബങ്ങളിൽ എല്ലാമക്കളും മാതാപിതാക്കന്മാരുടെ മാതൃകയനുസരിച്ചു ജീവിക്കാൻ ശ്രമിക്കുന്നതായിരിക്കും; അങ്ങനെയുള്ള മക്കളിൽ ആരും "നിങ്ങൾ എന്റെ പിന്നാലെ വരിക; ഞാൻ നിങ്ങളെ മനുഷ്യമത്സ്യങ്ങളെ പിടിക്കുന്നവരാക്കാം" [1] എന്ന ദിവ്യഗുരുവിന്റെ ക്ഷണം ശ്രവിക്കുകയും സ്വീകരിക്കുകയും ചെയ്യായില്ലെന്നു വരുന്നതു മിക്കവാറും അസാദ്ധ്യമാണ്. തങ്ങളുടെ പുത്രന്മാർക്ക് ഈ ക്ഷണം ലഭിക്കുമ്പോൾ അതു സ്വീകരിക്കുന്നതിന് അവരെ അനുവദിക്കുകയും, അതു ലഭിച്ചതു തങ്ങളുടെ കുടുംബത്തിന് അത്യന്തം അഭിമാനം കൊള്ളാൻ കാരണവും നമ്മുടെ ദിവ്യനാഥനു തങ്ങളുടെ നേരെയുള്ള പ്രത്യേകമായ സ്നേഹത്തിന്റെ അടയാളവുമാണെന്നു ധരിക്കുകയും ചെയ്യാൻ കഴിയുന്ന മാതാപിതാക്കന്മാർ എത്ര ഭാഗ്യവാന്മാർ! എന്നാൽ വിശ്വാസം വളരെ പ്രാബല്യത്തിലിരുന്ന പൂർവ്വകാലങ്ങളിൽ പലരും ചെയ്തിരുന്നപോലെ, അങ്ങനെയുള്ള ക്ഷണം തങ്ങളുടെ പുത്രന്മാർക്കു നല്കുണമേ എന്നു ദൈവത്തോടു് ആത്മാർത്ഥമായി പ്രാർത്ഥിക്കുന്ന മാതാപിതാക്കന്മാർ അതിലുമധികം ഭാഗ്യവാന്മാർതന്നെ!

എന്നിരുന്നാലും പൗരോഹിത്യത്തിലേയ്ക്കോ സന്യാസവൃത്തിയിലേയ്ക്കോ ദൈവത്തിൽനിന്നു ലഭിക്കുന്ന ക്ഷണം സ്വീകരിക്കുന്നതിനു തങ്ങളുടെ മക്കളെ അനുവദിക്കാൻ പല മാതാപിതാക്കളും വൈമുഖ്യമുള്ളവരായി കാണപ്പെടുന്നുണ്ടെന്നു വ്യസനസമേതം പ്രസ്താവിക്കേണ്ടിയിരിക്കുന്നു. ദൈവക്ഷണം സ്വീകരിക്കുന്നതിനെ വിരോധിക്കുകയും നാനാപ്രകാരേണയുള്ള വൈഷമ്യങ്ങളെ ചൂണ്ടിക്കാണിച്ച് ആ വിരോധത്തെ നീതീകരിക്കുകയും ചെയ്യുന്നതു കുറേകരമാണെന്ന് ഇക്കൂട്ടർക്ക് അശേഷം ബോധമില്ല. തങ്ങളുടെ മക്കൾക്ക് അധികം ഉൽകൃഷ്ടമായ ജീവിതം നയിക്കുന്നതിനു ദൈവം നൽകുന്ന സൗകര്യങ്ങളും നഷ്ടപ്പെടാൻ മാത്രമല്ല, തങ്ങളുടെ പ്രേമഭാജനങ്ങളായ ആ ആത്മാക്കളും മനസ്സാക്ഷിയുടെ ശാസനങ്ങളെ ലംഘിച്ചു നിത്യനാശത്തിൽ നിപതിക്കുവാനും സംഗതിയാക്കുന്ന മാർഗ്ഗങ്ങളും ഉപയോഗിച്ചുകൊണ്ടുകൂടി പ്രസ്തുതവിരോധം പ്രദർശിപ്പിക്കാൻ അവർക്കു മടിയില്ല. ക്രിസ്തീയവും കത്തോലിക്കവുമായ ജീവിതചര്യ നിർവ്വാജം അനുഷ്ഠിക്കുന്നവരാണെന്ന സ്വയം അഭിമാനിക്കുന്നവരുടേയും, വിശിഷ്യ ഉൽകൃഷ്ടവർഗ്ഗത്തിൽപെട്ടവരും ഉയർന്നസംസ്കാരം സിദ്ധിച്ചവരുമായ ആളുകളുടേയും ഇടയിൽക്കൂടി ഇങ്ങനെയുള്ള പല മാതാപിതാക്കളേയും കാണാവുന്നതാണ്. ഇതു ശോചനീയമായ ഒരവസ്ഥയാകുന്നു. ദൈവക്ഷണം ലഭിച്ചിട്ടുണ്ടെന്നു കാണിക്കുന്ന യോഗ്യതാലക്ഷണങ്ങളില്ലാത്ത മക്കളെ വൈദികവൃത്തിയിലേയ്ക്കു നിർബന്ധപൂർവ്വം തള്ളിവിടുന്ന മദ്ധ്യശത

കങ്ങളിലെ നിർഭാഗ്യകരമായ പതിവും ഇതുപോലെതന്നെ ശോചനീയമാണ്. [1] വൈദികർ സാമാന്യേന വളരെ കുറച്ചുമാത്രമുള്ള ഉയർന്ന സമുദായത്തിൽപ്പെട്ടവർക്ക് ഈ അവസ്ഥ അശേഷം അഭിമാനകരമല്ലതന്നെ. മദ്ധ്യവർത്തിയിലും ഉയർന്ന വർത്തിയിലുമുള്ള കുടുംബാംഗങ്ങൾക്കു ദൈവക്ഷണം ലഭിക്കാത്തതിനുള്ള കാരണങ്ങളിൽ ചിലതു പറയാം. ആധുനികകാലത്തു മനുഷ്യരുടെ ശ്രദ്ധ ലൗകികവ്യാപാരങ്ങളിൽ പതിഞ്ഞുകൊണ്ടിരിക്കുന്നതും; ആധുനികലോകത്തിലെ വ്യാമോഹങ്ങൾ, വലിയ പട്ടണങ്ങളിൽ പ്രത്യേകിച്ചും, യുവാക്കന്മാരുടെ ഉറ്റികാരങ്ങളെ വളരെ ചെറുപ്പത്തിലേതന്നെ ഉത്തേജിപ്പിക്കുന്നതും; ദൈവക്ഷണം ലഭിക്കുന്ന ബാലന്മാരെ അതു സ്വീകരിക്കുന്നതിനു പ്രോത്സാഹിപ്പിക്കുവാൻ പലസ്ഥലത്തുമുള്ള വിദ്യാലയങ്ങൾ അപര്യാപ്തങ്ങളായിരിക്കുന്നതും ആണ് ഈ കാരണങ്ങൾ. എന്നുവരികിലും, ദൈവക്ഷണം സ്വീകരിക്കുന്നവരുടെ സംഖ്യ ഇതു തുച്ഛമായിരിക്കുന്ന അവസ്ഥ അവർ വളരുന്ന കുടുംബങ്ങളിൽ വിശ്വാസം പരിതാപകരമാംവണ്ണം ക്ഷയിച്ചിരിക്കുകയാണെന്നുള്ളതിനു ലക്ഷ്യമാണെന്നു സമ്മതിക്കാതെ ഗത്യന്തരമില്ല. സംഗതികളുടെ സ്വഭാവം എങ്ങനെയിരിക്കുന്നുവെന്നു വിശ്വാസവെളിച്ചത്തിൽക്കൂടി ക്രിസ്തീയ മാതാപിതാക്കൾ നോക്കിയിരുന്നെങ്കിൽ, മറ്റു സകല മഹാസ്ഥാപനങ്ങളേയും മറ്റൊല്ലാത്തരം ഉൽകൃഷ്ടസേവനങ്ങളേയും അപേക്ഷിച്ചു്, മനുഷ്യരുടേയും മാലാഖമാരുടേയും ഭക്തിബഹുമാനങ്ങളെ അർഹിക്കുന്നതെന്നു നാം മുകളിൽ വിവരിച്ച പൗരോഹിത്യപദം തങ്ങളുടെ മക്കൾ

ക്ക ലഭിക്കണമെന്ന് അവർ ആഗ്രഹിക്കുമായിരുന്നില്ലേ? തങ്ങളുടെ മക്കൾക്ക ദൈവം നൽകുന്ന ക്ഷണത്തെ മാതാപിതാക്കന്മാർ അവരെ വഞ്ചിച്ചു നഷ്ടപ്പെടുത്തിയാൽ—ഈ പദപ്രയോഗം സാഹസികമാണെന്ന വിചാരിക്കേണ്ടതില്ല—അത്ത് ആ മക്കൾക്ക മാത്രമല്ല, ആ ദുർഭാഗ്യികളായ മാതാപിതാക്കൾക്കും അശ്രുധാര പൊഴിക്കാൻ കാരണമാകുമെന്ന് ദീർഘകാലമായി നിലനിന്നു വരുന്ന വ്യസനകരമായ പരിചയവും അനുഭവവും തെളിയിക്കുന്നുണ്ട്. എന്നാൽ ആ അശ്രുധാര പരലോകജീവിതത്തിലേയ്ക്കു നീണ്ടുനിന്ന്, നിത്യകാലത്തേയ്ക്കുള്ള കണ്ണുനീരായി രൂപാന്തരപ്പെടാതിരിക്കാൻ ദൈവം അനുഗ്രഹിക്കുമാറാകട്ടെ!



V

ഉപസംഹാരചിന്തകൾ

വിശുദ്ധിയെപ്പറ്റി ഊന്നിപ്പറയുന്നു

ഇനി ഉപസംഹരിക്കാം. അല്ലയോ പ്രിയമക്കളേ, അത്യുന്നതനായ ദൈവത്തിനു ലോകമാസകലം സേവനം ചെയ്യുന്നവരായ ഇടവക പുരോഹിതന്മാരേ, സന്യാസപുരോഹിതന്മാരേ, ഈ ഉപസംഹാരവാക്കുകൾ നിങ്ങളോടാണു നാം പറയുന്നതു്. നിങ്ങളാണു "നമ്മുടെ മഹത്വത്തിനും സന്തോഷത്തിനും നിദാനം;"[1] നിങ്ങളാണു് അത്യന്തം ഉദാരമനസ്കരായി "ഉത്സാഹമായ വെയിൽ കൊള്ളുന്നതും ചൂടു് ഏല്ക്കുന്നതും." [2] ക്രിസ്തുവിന്റെ അജഗണത്തെ പാലിക്കുന്ന കർത്തവ്യം നിർവ്വഹിക്കുന്നതിൽ നമ്മേയും നമ്മുടെ സഹോദരരായ മെത്രാന്മാരേയും ശക്തിയുക്തം സഹായിക്കുന്നതും നിങ്ങളാണു്. നാം നിങ്ങൾക്കു പിതൃസഹജമായ വികാരങ്ങളോടുകൂടി നന്ദിപറയുകയും, ഹൃദയപൂർവ്വമായ പ്രോത്സാഹനങ്ങൾ നൽകുകയും ചെയ്യുന്നു. നിങ്ങളുടെ പ്രശംസനീയമായ ഭക്തിതീക്ഷ്ണത നമ്മുടെ അറിവിൽ പെടുകയും, നമ്മുടെ അഭിനന്ദനങ്ങൾക്കു പരിപൂർണ്ണമായി പാത്രീഭവിക്കുകയും ചെയ്തിട്ടുണ്ടു്. ആ തീക്ഷ്ണത പ്രയോഗിച്ചുകൊണ്ടു് ഇക്കാലത്തുള്ള ആവശ്യങ്ങൾ നിവർത്തിക്കണമെന്നു നാം നിങ്ങളോടു് ഹൃദയംഗമമായി അഭ്യർത്ഥിക്കുന്നു. ഈ ആവശ്യങ്ങൾ രണ്ടുതരങ്ങളായി ദിനംതോറും വർദ്ധിച്ചുകൊണ്ടാണിരിക്കുന്നതു്. ആ തോതിൽ നിങ്ങളുടെ പരിത്രാണ

വേലയ്ക്കും വർദ്ധമാനമായ വൈപുല്യവും ദാർഢ്യവും ഉണ്ടായിരിക്കണം. "എന്തെന്നാൽ നിങ്ങൾ ഭ്രമിക്കു ഉപ്പായും ലോകത്തിനു വെളിച്ചമായും" വർത്തിക്കേണ്ടവരാണു്. [1] എന്നാൽ നിങ്ങളുടെ പ്രയത്നങ്ങൾ ദൈവാലയത്തിനു പാത്രീഭൂതമായും സമൃദ്ധിഫലം നൽകുന്നതായും തീരണമെങ്കിൽ അവ ജീവിതവിശുദ്ധിയിൽ വേരുന്നിയതായിരിക്കണം. ഒരു കത്തോലിക്കപുരോഹിതനുണ്ടായിരിക്കേണ്ട ഗുണവിശേഷങ്ങളിൽ പ്രഥമവും പ്രധാനവുമായതു ജീവിതവിശുദ്ധിയാണെന്നു നാം മുമ്പു പ്രസ്താവിച്ചിട്ടുണ്ടല്ലോ. ഈ ഗുണമില്ലെങ്കിൽ മറ്റു ഗുണങ്ങൾകൊണ്ടു വലിയ പ്രയോജനമൊന്നുമുണ്ടാകയില്ല. മറ്റു ഗുണങ്ങൾ എത്ര കുറഞ്ഞിരുന്നാലും ഈ ഗുണമുണ്ടെങ്കിൽ പുരോഹിതന്റെ പ്രവർത്തനശക്തി അത്ഭുതാവഹമായിരിക്കും. ജോസഫ് ഒഫ് കുപ്പെർറീനോ എന്ന വിശുദ്ധൻ ഇതിനു ദൃഷ്ടാന്തമാണ്. നമുക്കു കുറേക്കൂടി അടുത്തകാലത്തുള്ള ദൃഷ്ടാന്തം വേണമെങ്കിൽ ആർസിലേ വികാരിയായിരുന്ന് എത്രയും എളിയ ജീവിതം നയിച്ച വി: ജോൺ മേരിവിയാന്നിയെ എടുക്കാം. ഈ വിശുദ്ധനെപ്പറ്റി നാം മുമ്പു പ്രസ്താവിച്ചിട്ടുണ്ടല്ലോ. ഇദ്ദേഹത്തെ എല്ലാ വികാരിമാർക്കും മാതൃകയും സ്വർഗ്ഗത്തിലെ പാലകനുമായി നാം സംസ്ഥാപിക്കുകയും ചെയ്തുകഴിഞ്ഞല്ലൊ. അതുകയാൽ പുറജാതികളുടെ അപ്പോസ്തോലന്റെ വാക്കുകളിൽ, "നിങ്ങൾക്കു ദൈവത്തിൽനിന്നു ലഭിച്ചിരിക്കുന്ന ഉദ്യോഗം കണ്ടാലും" [2] എന്നു നാം നിങ്ങളെ പ്രബോധിപ്പിക്കുന്നു; അതു കാണുന്നപക്ഷം പട്ടാഭിഷേകകർമ്മംമുഖേന നിങ്ങൾക്കു ല

ഭിച്ചിരിക്കുന്ന പ്രസാദവരത്തെ അതിനേക്കാൾ തുലോം ഉപരിയായി വിലമതിക്കാനും, "നിങ്ങൾക്കു നല്കിയിരിക്കുന്ന ഉദ്യോഗത്തിന്റെ യോഗ്യതയ്ക്കനുസരണമായ ജീവിതം നയിക്കുവാനും, പരിശ്രമങ്ങൾ ചെയ്യുന്നതിനും" [1] നിങ്ങൾക്കു സാധിക്കാതെ വരികയില്ല.

ഏകാന്തധ്യാനം കഴിക്കുന്നതുകൊണ്ടുള്ള പ്രയോജനം

ഈ പരിശ്രമങ്ങളിൽ നിങ്ങളെ അത്ഭുതാവഹമായി സഹായിക്കുന്ന ഒരു ഭക്താചാരം സുസ്മരണാർഹനായ നമ്മുടെ മുൻഗാമി 10-ാം പീയൂസ് ഉൽബോധിപ്പിച്ചിട്ടുള്ളതാണ്. "കത്തോലിക്കവൈദികന്മാർക്ക് ഉൽബോധനം" എന്ന അഭിധാനത്തിൽ അവിടുന്ന് അതിമാത്രമായ ഭക്തിമധുരിമയോടും സ്നേഹവാത്സല്യത്തോടും കൂടി രചിച്ചിട്ടുള്ള തിരുവെഴുത്തു വായിച്ചാൽ അതെന്താണെന്നറിയാം. [2] അതു നിങ്ങൾ വായിക്കണമെന്നാണു നമ്മുടെ ആഗ്രഹം. പൗരോഹിത്യദ്വാരാ ലഭിച്ചിട്ടുള്ള പ്രസാദവരം നഷ്ടപ്പെടാതിരിക്കുന്നതിനും അതിനെ വർദ്ധിപ്പിക്കുന്നതിനും നിർദ്ദേശിച്ചിട്ടുള്ള മാർഗ്ഗങ്ങളിൽ ഏകാന്തധ്യാനത്തിനാണ് അതിൽ പ്രഥമസ്ഥാനം നൽകിയിട്ടുള്ളതു്. [3] ഈ മാർഗ്ഗം ഉപയോഗിക്കേണ്ടതാണെന്നു നാംതന്നെ പലപ്പോഴും ഉപദേശിച്ചിട്ടുണ്ട്; 'മെൻസൂ നോസ്ത്രാ' എന്ന നമ്മുടെ ചാക്രികലേഖനത്തിൽ [4] ഈ ഉപദേശം പ്രത്യേകിച്ചും നല്കിയിട്ടുണ്ട്. നമ്മുടെ മക്കളെല്ലാവരും വിശിഷ്യ, നമ്മുടെ പുരോഹിതന്മാർ, ആ മാർഗ്ഗം ഉപയോഗിക്കണമെന്നു പൈതൃക

മായ സ്നേഹത്തോടും ഔദ്യോഗികമായ ഗൗരവത്തോടും ക്രൂടി നാം അതിൽ ഉൽബോധിപ്പിച്ചിട്ടുണ്ട്. നമ്മുടെ പൗരോഹിത്യജൂബിലിമഹം സമാപിക്കുന്ന ഘട്ടത്തിൽ അതിന് എന്തൊരു സ്മാരകമാണു നാം സ്ഥാപിക്കേണ്ട തെന്നാലോചിച്ചതിൽ, ദൈവത്തിന്റെ കാരുണ്യാതിരേകത്താൽ തന്റെ തിരുസഭയ്ക്കു തുറന്നുകൊടുത്തിട്ടുള്ള ഒരിക്കലും വറ്റാത്ത ഈ ഉറവയിൽനിന്ന് അവസാനത്തിൽ നിത്യജീവനായി പരിണമിക്കുന്ന ജീവജലം [1] പൂർവ്വാധികം ധാരാളമായി കോരിയെടുക്കണമെന്നു പ്രസ്തുത ചാക്രികലേഖനദ്വാരാ ഉൽബോധിപ്പിക്കുന്നതാണ് ഏറ്റവും ആശാസ്യവും രക്ഷാകരവുമായ സ്മാരകമെന്നു നാം കണ്ടു. ഇനി എന്റെ പ്രിയസഹോദരന്മാരായ നിങ്ങളോടാണു നാം സംസാരിക്കുന്നതു്. ക്രിസ്തുരാജ്യം ഭൂമിയിൽ സ്ഥാപിക്കാനുള്ള ജോലിയിൽ നമ്മോടു നേരിട്ടിടപെട്ട സഹകരിക്കുന്നതിനാൽ നിങ്ങളാണല്ലൊ നമ്മോടു ഗാഢമായി ബന്ധപ്പെട്ടിരിക്കുന്നതു്. നിങ്ങളുടെ നേക്കു നമുക്കുള്ള പിതൃസഹജമായ സ്നേഹത്തിനു നമുക്കു നൽകാവുന്ന ഏറ്റവും നല്ല ലക്ഷ്യം പുണ്യാഭിവൃദ്ധിക്കുള്ള പ്രസ്തുതമാർഗ്ഗത്തെ കഴിയുന്നതു ഉത്സാഹത്തോടുക്രൂടി ഉപയോഗിക്കാൻ ഉപദേശിക്കുകയാണെന്നാണു നമ്മുടെ വിശ്വാസം. മുൻപറഞ്ഞ ചാക്രികലേഖനത്തിൽ പ്രസ്താവിച്ചിട്ടുള്ള തത്വങ്ങളേയും നൽകിയിട്ടുള്ള ചട്ടങ്ങളേയും നിങ്ങടം മാർഗ്ഗദർശകമായി സ്വീകരിക്കുവിൻ. ഇതരകൃത്യങ്ങളിൽനിന്നും നിവർത്തിച്ചു്, വിശ്രുതിയാൽ ആവരണം ചെയ്യപ്പെട്ടു്, ഏകാന്തധ്യാനം കഴിക്കുന്നതു കാനോൻനിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള കാലങ്ങളി

ലോ, ആ തോതനുസരിച്ചോ [1] ആയാൽപോരാ; നിങ്ങളാലാവുന്നിടത്തോളം ക്രമേണക്രമേണയും അധികദിവസത്തെയ്ക്കും ആതു കഴിക്കേണ്ടതാണ്. അതിനും പുറമെ, ദൈവസ്നേഹതീക്ഷ്ണതയിൽ മികച്ചുനില്ക്കുന്ന പുരോഹിതന്മാർചെയ്യാറുള്ളതുപോലെ, മാസത്തിൽ ഒരു ദിവസം ക്രമതരമായ ഭക്തിയോടുകൂടി പ്രാർത്ഥിക്കുന്നതിനും ക്രമതരമായ പ്രബുദ്ധത ആത്മാവിൽ ഉളവാക്കുന്നതിനും [2] ചെലവാക്കണം.

പ്രബുദ്ധത പാലിക്കേണ്ട ദിവസങ്ങൾ

ദൈവക്ഷണമാകുന്ന നേർവഴിയിൽക്രമമായല്ലാതെ ഭൗതികവും ഉൽകൃഷ്ടത കുറഞ്ഞതുമായ ഉദ്ദേശ്യം വച്ചുകൊണ്ട് "ദൈവശുശ്രൂഷയിൽ" ഏർപ്പെടാൻ സംഗതിയായിട്ടുള്ള ആഠംക്കുപോലും ഏതാട്ടശമായ ധ്യാനങ്ങളും പ്രബുദ്ധതാനുഷ്ഠാനങ്ങളുംകൊണ്ടു തങ്ങളിൽ "ദൈവപ്രസാദവരം ചൈതന്യമുള്ളതാക്കാൻ" [3] സാദ്ധ്യമാകും. അങ്ങനെയുള്ള ആളും അഭേദ്യമായ ശൃംഖലയാൽ ദൈവത്തോടും തിരുസഭയോടും ബന്ധിക്കപ്പെട്ടിരിക്കുന്നതിനാൽ വി: ബർണ്ണാർദിന്റെ ഉപദേശമനുസരിച്ചു പ്രവർത്തിക്കാതെ ഗത്യന്തരമില്ല. "പ്രവേശിക്കുന്നതിനുമുമ്പു ജീവിതവിശുദ്ധി ഉണ്ടായിരുന്നില്ലെങ്കിൽ പ്രവേശിച്ചതിനു ശേഷം അതുണ്ടാകട്ടെ . . . ഭാവികാലത്തെ ജീവിതരീതിയും അഭിലാഷങ്ങളും നന്നാക്കിക്കൊണ്ടുവരാനും പുരോഹിതനെന്നനിലയിൽ ചെയ്യുന്ന സേവനങ്ങൾ വിശുദ്ധങ്ങളാക്കാനും ശ്രമിക്കുക." [4] പൂർവ്വോദ്ദേശ്യങ്ങളിലും പൂർവ്വനടപടികളിലും ഉണ്ടായിരുന്ന ദുഷ്യം മാററണമെന്നു പരമാർത്ഥ

മായി ആഗ്രഹമുള്ള ആളെ ദൈവപ്രസാദവരം, തിരുപ്പട്ടമെന്ന ക്രമാശയ്ക്കു സ്വകീയമായുള്ള പ്രസാദവരം പ്രത്യേകിച്ചും, സഹായിക്കാതിരിക്കയില്ല. ഒരാൾ പൗരോഹിത്യപദത്തിന്റെ കർത്തവ്യങ്ങൾ കയ്യേറ്റതു ഹീനമായ ഉദ്ദേശ്യത്തോടുകൂടിയായിരുന്നുവെങ്കിലും, ആ ക്രമാശയിൽ സ്ഥായിയായിരിക്കുന്ന പ്രസാദവരം ആ കർത്തവ്യങ്ങൾ അനുഷ്ഠിക്കുന്നതിന് അയാളെ പ്രാപ്തനാക്കാതിരിക്കയില്ല.

ആകയാൽ ഏകാന്തധ്യാനത്തിൽ വ്യാപൃതരായിരുന്ന പ്രാർത്ഥിക്കുകയും പ്രബുദ്ധത പാലിക്കുകയും ചെയ്യുന്ന നിങ്ങളോരോരുത്തരും ധ്യാനംകഴിഞ്ഞു വെളിക്കുവരുമ്പോൾ ലൗകികശക്തികളുടെ പ്രലോഭനങ്ങളെ എതിർത്തുനില്ക്കാൻ ശക്തിയുള്ളവരും, ഭക്തിതീക്ഷ്ണതയാൽ ഉത്തേജിതരായി ആത്മാക്കളെ രക്ഷിക്കാൻ വളരെ താല്പര്യമുള്ളവരും, ദൈവസ്നേഹമാകുന്ന അഗ്നിയാൽ ഉദ്ദീപ്തരും, അങ്ങനെ ഇക്കാലസ്ഥിതിക്കാവശ്യമായ യോഗ്യതകളാൽ അലംകൃതരും ആയിരിക്കും. എന്തെന്നാൽ അനേകം ദുരാചാരങ്ങളും പൈശാചികമായ ദുഷ്പ്രവൃത്തികളും ഇന്നു ലോകത്തെ ബാധിച്ചിട്ടുണ്ടെങ്കിലും മതാത്മകവും ആദ്ധ്യാത്മികവുമായ ഒരു നവചൈതന്യം അതോടുകൂടിത്തന്നെ സർവ്വത്ര കാണുന്നുണ്ട്. ഈ ചൈതന്യമാകട്ടെ ലോകത്തെ ശുദ്ധീകരിക്കാനും, സൃഷ്ടിപരമായ ശക്തിയാൽ ഭ്രമുഖത്തെ നവീകരിക്കാനുംവേണ്ടി പരിശുദ്ധാത്മാവു സാർവ്വത്രികമായി ചെയ്തിട്ടുള്ള ഉദ്ബോധനത്തിന്റെ ഫലമാകുന്നു. [1] പരിശുദ്ധാത്മാവിനാൽ ആവിഷ്കൃതരായി നിങ്ങൾ ഈ ദൈവസ്നേഹാഗ്നിയെ ചുറ്റും അടു

ത്തുവരുന്ന സകല മനുഷ്യരിലും പ്രവേശിപ്പിക്കുകയും, തദ്വാരാ യഥാർത്ഥക്രിസ്തുവാഹകന്മാരായിത്തീരുകയും ചെയ്യണം. അക്രമങ്ങൾക്കിരയായിക്കിടക്കുന്ന മനുഷ്യസമുദായങ്ങൾക്കു രക്ഷനൽകാൻ ഈശോമിശിഹായ്ക്കു മാത്രമേ സാധിക്കയുള്ളൂ. കാരണം, "യഥാർത്ഥലോകരക്ഷകൻ" [1] അവിടുന്നാണ്; അവിടുന്നു മാത്രവുമാണ്.

വൈദികവിദ്യാർത്ഥികളോട്

വൈദികവിദ്യാഭ്യസനത്തിൽ ഏർപ്പെട്ടിരിക്കുന്നവരേ, ഈ ലേഖനം സമാപിക്കുന്നതിനുമുമ്പു നമ്മുടെ വിചാരങ്ങളും വാക്കുകളും സവിശേഷമായ സ്നേഹാർദ്രതയോടുകൂടി നാം നിങ്ങളുടെ നേർക്കു തിരിക്കട്ടെ. ദൈവം നിങ്ങളെ ഭരമേല്പിക്കാൻ പോകുന്ന മഹത്തരമായ ഉദ്യോഗം സഫീകരിക്കുന്നതിനു പൂർണ്ണമായ ആത്മാർത്ഥതയോടുകൂടി നിങ്ങൾ ഒരുങ്ങണമെന്നു ഹൃദയത്തിന്റെ അടിത്തട്ടിൽനിന്നു പുറപ്പെടുന്ന വികാരത്തോടുകൂടി നാം പ്രബോധിപ്പിക്കുന്നു. അനേകമെന്നല്ല, സർവ്വവിധങ്ങളായ സൽഫലങ്ങളും നിങ്ങളിൽനിന്നു പ്രതീക്ഷിക്കുന്ന തിരുസഭയുടേയും വിശ്വാസികളുടേയും ആശ മുഴുവനും നിങ്ങളിലാണു നിക്ഷേപിച്ചിരിക്കുന്നതു്. എന്തെന്നാൽ ഈശോമിശിഹായെക്കുറിച്ചുള്ള സജീവവും ജീവസംഭായകവുമായ ജ്ഞാനം, നിത്യജീവനു നിദാനമായിരിക്കുന്ന ജ്ഞാന, [2] നിങ്ങളിൽനിന്നാണ് അവർ പ്രതീക്ഷിക്കുന്നതു്. അതിനാൽ, ഭക്തി, നിർമ്മലത, എളിമ, അനുസരണ, നിയമവിധേയത്വം, പഠനം എന്നിവയിൽ അഭിവൃദ്ധി പ്രാപിച്ചു ദൈവഹൃദയത്തിനു വിശ്വസ്തരായ പുരോഹി

തന്മാരായിത്തീരാൻ നിങ്ങൾ ശ്രമിക്കുവിൻ. യഥാർത്ഥ മായ പുണ്യവും ജ്ഞാനവും സമ്പാദിച്ചു പൗരോഹിത്യ പദം പ്രാപിക്കുന്നതിനു വേണ്ട യോഗ്യത കൈവരി ക്കാൻ എത്രവളരെ ശ്രദ്ധയോടും, താല്പര്യത്തോടും, ഊ ർജ്ജസ്വലതയോടുംകൂടി പ്രവർത്തിച്ചാലും അധികമായി പ്പോകയില്ല. എന്തുകൊണ്ടെന്നാൽ നിങ്ങളുടെ ഭാവികാ ലത്തെ പ്രേഷിതവേലകളുടെ വിജയം മിക്കവാറും ആ പ്ര യത്നത്തെയാണ് ആശ്രയിച്ചിരിക്കുന്നതു്. നിങ്ങൾ പു രോഹിതപട്ടം സ്വീകരിക്കുന്ന ദിവസത്തിൽ തിരുസഭയു ടെ ആഗ്രഹാനുസരണം നിങ്ങൾ യഥാർത്ഥത്തിൽ യോഗ്യ തയുള്ളവരായിരിക്കുന്നതിനു വേണ്ടതു ചെയ്യിൻ. നി ങ്ങൾ "സ്വർഗ്ഗീയവിജ്ഞാനസമൃദ്ധരും, നിഷ്കളങ്കമായ ജീവിതചര്യ അനുഷ്ഠിക്കുന്നവരും, പ്രസാദവരമാർഗ്ഗങ്ങളി ൽനിന്ന് അണുപോലും വ്യതിചലിക്കാത്തവരും ആയി രിക്കണമെന്നും" [1] തദ്വാരാ നിങ്ങളുടെ ജീവിതസൗരഭ്യം ക്രൈസ്തവസഭയ്ക്ക് ആനന്ദകാരണമായിരിക്കുകയും, സദ്വ ർത്തമാനങ്ങളാലും സന്മാതൃകകളാലും നിങ്ങൾ ദൈവകൃപ യുടെ ബന്ധമാകുന്ന മന്ദിരം പണിതുണ്ടാക്കുകയും ചെയ്യണമെ ന്നുമാണു തിരുസഭയുടെ ആഗ്രഹം. ഇപ്രകാരം ചെയ്യു ന്നുകിൽ മാത്രമേ കത്തോലിക്കപൗരോഹിത്യത്തിന്റെ മ ഹനീയമായ പാരമ്പര്യങ്ങളെ തുടർന്നുകൊണ്ടുപോകാനും, ക്രിസ്തുവിന്റെ രാജ്യത്തിൽ ക്രിസ്തുവിന്റെ സമാധാനഫ ലങ്ങളെ ആസ്വദിക്കാൻ മനുഷ്യവർഗ്ഗത്തിനൊട്ടാകെ അ നുഗ്രഹം ഉത്തമമാകുന്ന എത്രയും ശുഭകരമായ സമയത്തി ന്റെ ആഗമനത്തെ ത്വരിതപ്പെടുത്താനും നിങ്ങൾക്കു സാധിക്കുകയുള്ളൂ.

ക്രിസ്തുവിന്റെ പൗരോഹിത്യകീർത്തനത്തിനായി പുതിയ കുർബാന

അവസാനമായി ഒരു വാക്കുകൂടി; വന്ദ്യസഹോദരരേ, മെത്രാന്മാരായ നിങ്ങളേയും നിങ്ങൾമുഖേന ഇരുഗണത്തിലുമുൾപ്പെട്ട വൈദികരായ നമ്മുടെ മക്കളേയും നാം സന്തോഷപൂർവ്വം അറിയിക്കുന്നതായത്; ഈ പരിത്രാണജൂബിലിവർഷം ആത്മാക്കൾക്ക് അതിമാത്രം ഫലപ്രദായകമായിത്തീരുന്നതിനു നിങ്ങൾ വിശ്വാസികൾക്കു മാർഗ്ഗദർശനവും സന്മാതൃകയും നൽകിക്കൊണ്ടു നമ്മോടു വിശ്വസ്തമായ രീതിയിൽ സഹകരിച്ചതിനു കൃതജ്ഞത പ്രകാശിപ്പിക്കാൻവേണ്ടി നാം ഒരു തീരുമാനം ചെയ്തിരിക്കുന്നു. നമുക്കും വന്ദ്യസഹോദരരായ നിങ്ങൾക്കും മറ്റു സകല ക്രൈസ്തവപുരോഹിതന്മാർക്കും ഓഹരിലഭിച്ചിരിക്കുന്ന ക്രിസ്തുവിന്റെ പൗരോഹിത്യത്തിന്റെ മഹനീയമായ സ്മരണ നിലനിർത്തുന്നതിനു നാം ആഗ്രഹിക്കുന്നു. റീത്തുകളുടെ കാര്യവിചാരണ ചെയ്യുന്ന തിരുസംഘത്തോടു് ആലോചിച്ചശേഷം, "നിത്യപരമപുരോഹിതനായ ഈശോമിശിഹാ"യുടെ ബഹുമാനാർത്ഥം ഒരു നേർച്ചക്കുർബാന, പരമസ്യാരാധനക്രമത്തിലെ ചട്ടങ്ങളനുസരിച്ചു്, വ്യാഴാഴ്ചകളിൽ ചൊല്ലുന്നതക്കവണ്ണം, ഏർപ്പെടുത്തുന്നതു കാലോചിതമായിരിക്കുമെന്നു നാം നിശ്ചയിച്ചു. ഈ ചാക്രികലേഖനത്തോടുകൂടി ആ കുർബാനക്രമവും നാം സന്തോഷത്തോടും സമാശ്വാസത്തോടുംകൂടി പ്രസിദ്ധംചെയ്യുന്നു.

വന്ദ്യസഹോദരരേ, എല്ലാവരുടേയും പൊതുപിതാവായ നമ്മിൽനിന്നു് അവർ പ്രതീക്ഷിക്കുന്നതും ആ

ഗ്രഹിക്കുന്നതുമായ അപ്പൊസ്തോലികവും പൈതൃകവുമായ ആശീർവ്വാദം നല്കുക എന്ന കൃത്യം നിർവ്വഹിച്ചുകൊണ്ട് ഈ ലേഖനം സമാപിച്ചുകൊള്ളട്ടെ. അനിതരസാധാരണവും വിശുദ്ധീകൃതവുമായ ഈ പരിത്രാണജൂബിലിവഷ്ങ്ങളിൽ ദൈവം നമ്മുടെ എല്ലാവരുടേയുംമേൽ പൊഴിച്ച സകലഅനുഗ്രഹങ്ങൾക്കും കൃതജ്ഞത പ്രകാശിപ്പിക്കാൻ ഈ ആശീർവ്വാദം സംഗതി വരുത്തട്ടെ. അടുത്തുതന്നെ ആരംഭിക്കാൻപോകുന്ന നവവത്സരം ശുഭകരമായി പരിണമിക്കുന്നതിനും ഈ ആശീർവ്വാദം കാരണമായിത്തീരുകയും ചെയ്യട്ടെ.

എന്ന്, റോമായിൽ വിശുദ്ധ പത്രോസിന്റെ ദേവാലയത്തിൽനിന്ന്, നമ്മുടെ പൗരോഹിത്യസ്വീകരണത്തിന്റെ 56-ാമത്തേയും നമ്മുടെ ഭരണത്തിന്റെ 14-ാമത്തേയും വാഷ്ികമായ 1935 ഡിസംബർ 20-ാംനു-

11-ാം പിയൂസ് പാപ്പാ.

അനുബന്ധം.

തിരുവെഴുത്തിൽ അടങ്ങിയിട്ടുള്ള ഉദ്ധരണങ്ങൾ ഏതേതു ഗ്രന്ഥങ്ങളിൽനിന്നാണ് എടുത്തിട്ടുള്ളതെന്നു്, അതിലെ പക്ഷങ്ങളുടെയും അവയിൽ ചേർത്തിട്ടുള്ള അക്കങ്ങളുടെയും നമ്പർ മുറയ്ക്കു താഴെ കാണിച്ചിരിക്കുന്നു.

പക്ഷം.	നമ്പർ.	
1	1	Cf. Matth., V, 13, 14.
2	1	Litt. Encycl. Ubi arcano, 22 Dec. 1922.
,,	2	A. A. S., Vol. XIV (1922), p. 449 sqq.
3	1	A. A. S., vol. XXIII (1931), p. 241 sqq.
5	1	A. A. S., vol. XXV (1933), pp. 5—10.
6	1	Litt. Encycl. Divini illius Magistri, 31 Dec. 1929.
,,	2	Litt. Encycl. Casti connubii, 31 Dec. 1930.
7	1	Litt. Encycl. Quadragesimo anno, 15 May 1931.
,,	2	Litt. Encycl. Caritate Christi, 3 May 1932.
,,	3	Litt. Encycl. Acerbi animi, 28 Sept. 1932.
9	1	Cf. Gen., XIV 18.
,,	2	Cf. Hebr., V, 10; VI, 20; VII, 1, 10, 11, 15.
11	1	Cf. Hebr., Ch. XI.
12	1	Cf. Jos. Flav., Antiquit., Book XI, ch. 8, n. 5 (edit. Teubner, III, 61, n. 331).
,,	2	Cf. Daniel, V, 1—30.
13	1	Cor., IV, 1.
,,	2	John, XX, 21.
,,	3	Luke, II, 14.
14	1	Hebr., VII, 24.
,,	2	I Cor., XI, 23.
,,	3	I Cor., XI, 24 sqp.
,,	4	Ps. CIX, 4.

15 1 Luke, XXII, 19; I Cor., XI, 24.—S. Conc. Trid., Sess. 22, cap. 1: "Deus et Dominus noster etsi semel se ipsum in ara Crucis morte intercedente Deo Patri oblaturus erat, ut aeternam illic redemptionem operaretur, quia tamen per mortem sacerdotium eius exstinguendum non erat, in coena novissima, qua nocte tradebatur, ut delectae sponsae Ecclesiae visibile, sicut hominum natura exigit, relinqueret sacrificium, quo cruentum illud semel in Cruce peragendum representaretur, eiusque memoria in finem usque saeculi permaneret atque illius salutaris virtus in remissionem eorum, quae a nobis quotidie committuntur, peceatorum applicaretur, sacerdotem secundum ordinem Melchisedech se in aeternum constitutum declarans, corpus et sanguinem suum sub speciebus panis et vini Deo Patri obtulit, ac sub earundem rerum symbolis Apostolis, quos tunc Novi Testamenti sacerdotes constituebat, ut sumerent, tradidit, et eisdem eorumque in sacerdotio successoribus, ut offerent, praecepit per haec verba: 'Hoc facite in meam commemorationem'."

„ 2 Mal., I, 11

„ 3 Conc. Trid., Sess. XXII, cap. 2.

16 1 Ibid.

„ 2 St John Chrys., De sacerdotio, lib. III, 4 (Migne P. G., 48, 642.)

17 1 I Cor., IV, 1.

20 1 St Chrysost., De sacerdotio, lib. III, 5. "Quam neque Angelis neque Archangelis dedit Deus" (Migne, ibid.).

„ 2 John, XX, 23.

„ 3 Mark, II, 7.

„ 4 Luke, VII, 49.

„ 5 Luke, V, 24.

22 1 A. Manzoni, Osservazioni sulla morale, cattolica, cap. XVIII:"...quando un sacerdote, fremendo in ispirito della sua indegnita e dell' altezza delle sue funzioni, ha stese sul nostro capo le sue mani consacrate; quando, umiliato di trovarsi il dispensatore del Sangue dell' alleanza, stupito ogni volta di proferire parole che danno la vita, peccatore ha assolto un peccatore, noi alzandoci da' suoi piedi, sentiamo di non aver commessa una vilta...Siamo stati ai piedi d'un uomo che rappresentava Gesu Cristo...ci siamo stati per acquistare la qualita di liberi e di figliuoli di Dio."

,, 2 Cf. Ps. CIX, 4.

23 1 Cf. I Cor., IV, 1.

,, 2 Cf. Act., VI, 4.

24 1 Matth., XXVIII, 19-20.

,, 2 John, I, 9.

,, 3 Cf. Matth., XIII, 31, 32.

27 1 Matth., XVI, 27.

28 1 Cf. John, XIII, 34.

,, 2 Cf. Hebr , IV, 12.

29 1 Cf. II Peter., I, 19.

,, 2 Cf. Luke, VI, 12.

,, 3 Cf. Hebr., VII 25.

30 1 Cf. Ps. XLIX, 14.

,, 2 Cf. Matth., VII, 7–11; Mark, XI, 24; Luke, XI, 9—13.

31 1 SI John Chrys., Homil. V in Isaiam (Migne, P. G., 56, 131).

34 1 Cf. I Tim., II, 5.

35 1 St Thom. Aquin., Summ. Theol., Supplem., q.36, a.1, ad 2M: "qui sunt medii inter Deum et plebem debent bona conscientia nitere quoad Deum et bona fama quoad homines."

35 2 Decret., dist. 88, ban 6. "Qui sancti non sunt, sancta tractare non debent."
„ 3 Levit., XXI, 8.
„ 4 CXXXI, 9.
36 1 St Rob. Bell., Explan. in Psal., Ps. CXXXI, 9. "Si tanta iustitia et sanctitas et alacritas requirebatur in sacerdotibus illis qui sacrificabant oves et boves et laudabant Deum pro temporalibus beneficiis; quid, quaeso, requiritur in sacerdotibus illis qui sacrificant divinum Agnum et gratias agant pro beneficiis sempiternis."
„ 2 St Laur. Justin., De instit. prael., c. 11 (ed. Veneta, 1606, fol 380)
37 1 St. Thon. Aquin., Summ. Theol, Supplem., q. 35, a. 1, ad 3M. "Ad idoneam exsecutionem ordinum non sufficit bonitas qualiscumque, sed requiritur bonitas excellens; ut sicut illi qui ordinem suscipiunt super plebem constituuntur gradu ordinis, ita et superiores sint merito sanctitatis."
„ 2 "Agnoscite quod agitis, imitamini quod tractatis" (Pont. Rom, in ordinat. presbyt).
38 1 Illa vox libentius auditorum corda penetrat quam dicentis vita commendat, quia quod loquendo imperat, ostendendo adiuvat ut fiat." (St Greg. the Great, Epist., lib, I ep. 25; Migne, P. L., 77, 470).
39 1 Acts, I, 1.
„ 2 John, VII, 46.
„ 3 Mark, VII, 37.
„ 4 Matlh., XXIII, 2—3.
40 1 Ps. CXXV, 6.
„ 2 I Cor., IX, 27.

41 1 Matth., V, 48.
„ 2 Cod. Iur. Can.. c. 124.
„ 3 Cf. II Cor., V, 20.
„ 4 I Cor., IV. 16; XI, 1.
42 1 I Tim., IV, 7.
„ 2 I Tim., IV, 8.
44 1 Cod. Iur. Can., can. 132, 1.
„ 2 John, IV, 24.
45 1 M. T. Cicero, De legibus, lib. II, c. 8. "Caste iubet lex adire ad does, animo videlicet, in quo sunt omnia; nec tollit castimoniam corporis, sed hoc oportet intelligi, cum multum animus corpori paaestet; observeturque, ut casta corpora adhibeantur multo esse in animis id servandum magis."
„ 2 Cf. Levit., VIII, 33—35.
„ 3 Conc. Eliberit, can. 33 (Mansi, tom. II, col. 11).
46 1 Cf. Brev. Rom., Hymn, ad Laud. in fest SS. Nom. Jesu.
„ 2 I Cor. VII, 32.
47 1 Cof. Matth., XIX, 11.
„ 2 "Ut quod Apostoli docuerunt et ipsa servavit antiquitas, nos quoque custodiamus." (Conc. Caathag. II, can. 3; cf. Mansi, Coll. Conc., t. III, col. 691).
48 1 St Epiphan., Advers. Haer. Panar., 59, 4 (Migne P. G,, 41, 1024).
„ 2 Brev. Rom., 18 ium., lect. VI.
49 1 St Ephraem, Carmina Nisibaena, carm. XIX (ed. Bickel, p. 112).
„ 2 St Ephraem, Carmina Nisibaena, carm. XVIII (ibid).

49	3	St John Chrysost., De sacerdotio, III, 4 (Migne, P. G., 48, 642).
,,	4	St Epiphan., Ad Haer. Panar., 59, 4 (Migne, P. G., 41, 1024).
50	1	Cf. Tob., XII, 15.
,,	2	Cf. Luke, II, 49; I Cor., VII, 32.
,,	3	Cf. Philipp., III, 20.
51	1	Cod., Iur. Can., can. 971.
52	1	II Tim., II, 3—4.
53	1	I Cor., IX, 13—14.
,,	2	Matth., V, 12.
,,	3	Tit., I, 7.
,,	4	Philipp., II, 21.
54	1	Matth., VI, 19, 20.
,,	2	I Tim., VI, 10.
55	1	Matth., XXV, 40.
,,	2	Cf. Luke, XII, 49.
,,	3	Ps. LXVIII, 10; John, II, 17
56	1	John, X, 16.
,,	2	John, IV, 35.
,,	3	Matth., IX, 36.
57	1	Cf. Matth., IX, 36; XIV, 14; XV, 32; Mark, VI, 34; VIII, 2; etc.
58	1	Pont. Rom., de Ordinat. Presbyt.
59	1	Cf. Cant., VI, 3, 9.
,,	2	Philipp., II, 8.
60	1	Hebr., X, 5—7.
,,	2	John, IV, 34.
,,	3	John, XIX, 28.
61	1	Cf. John, III, 10.
,,	2	Matth., XXVIII, 15.
,,	3	Rom.. I, 14.
,,	4	Malach., II, 7.

62 1 Osee, IV, 6.
„ 2 Tert. Apolog., c. 1 (Migne, P. L., I, 260).
64 1 Cf. Cod. Iur. Can., can. 129.
67 1 Prov., VIII, 31.
„ 2 I Cor.: I, 27—29.
68 1 Cf. II Cor., II, 15.
69 1 Prov., XXII, 6.
71 1 Cf. Cor,, IX, 22.
„ 2 Cod. Iur. Can., c. 1366, 2.
81 1 Cod. Iur. Can., can. 973, 3.
„ 2 1 Tim., V, 22.
82 1 St Leo the Great, Ep. 12 (Migne, P. L., 54, 647).
„ 2 St John Chrys., Hom. 16 in Tim. (Migne, P. G., 62, 587).
„ 3 St Carol. Borromeo, Hom. ad Ordinandos, 1 iun. 1577, (Homiliae, ed. bibl. Ambros., Mediol., 1747, t. IV, p. 270).
„ 4 St John Chrysost., Hom. 16 in Tim. (Migne P. G., 62, 587).
83 1 St Alf, M. De Ligouri, Theol. mor., de Sacram. Ordin., n. 803.
84 1 St Greg. the Great, Epist., lib. 9, ep. 106 (Migne P. L., 70 1031).
„ 2 St Thom. Aquin., Summ. Theol., 2a–2ae, q. 199, a. 1, ad 3.
„ 3 Instructio super scrutinio candidatorum instituendo antequam ad ordines promoveantur, 27 Dec. 1930 (A. A. S., vol. XXIII, p. 120).
4 Instructio ad supremos religiosorum, etc. Moderatores de formatione clericali, etc. 1 Dec. 1931 (A. A. S., vol, XXIV, pp. 74—81).
85 1 St Thom. Aquin., Summ. Theol., Supplem., q. 36, a. 4, ad 1.

15954

86 1 Conc. Lat. IV, anno 1215, can. 22.
„ 2 St Thom. Aquin., loc. cit.
„ 3 Cf. Osservatore Romano, 69, n. 21,022, an. 1929. n. 176, 29—30 July.
87 1 Cf. I Peter., V, 4.
„ 2 Cf. I Peter., II, 25.
88 1 Matth., IX, 37—38.
„ 2 Matth., VII, 7.
89 1 Cf. P. Renaudin, St Vincent de Paul, ch. 5.
90 1 Matth., X, 42.
91 1 Cf. I Peter, II, 9.
92 1 Cf. Eccl., XLIV, 15.
93 1 Tob., VIII, 9.
94 1 Matth., IV, 19.
96 1 Cod. Iur. Can., can. 971.
98 1 I Thess., II, 20.
„ 2 Matth., XX, 12.
99 1 Matth., V, 13—14.
„ 2 Cf. I Cor., I, 26.
100 1 Eph., IV. 1.
„ 2 Haerent animo, 4 Aug. 1908 (A. A. S., vol. 41, pp. 555—577).
„ 3 Ibid., p. 575.
„ 4 Litt. Encycl. Mens Nostra, 20 Dec. 1929 (A. A. S., vol. XXI 1929), p. p. 689—706).
101 1 Cf. John, IV, 14.
102 1 Cf. Cod. Iur. Can., cc. 126, 595, 1001, 1367.
„ 2 Cf. Litt. Encycl. Mens Nostra circa finem: A. A. S., vol. XXI (1929), p. 705.
„ 3 II Tim., 1, 6.
„ 4 St Bern. Abb., Epist. 27 ad Arduitionem (Migne, P. R., 182, 131).
103 1 Cf. Ps. 103, 30.

104 1 John, IV, 42.
„ 2 Cf. John, XVII, 3.
105 1 "Sit odor vitae vestrae oblectamenta Ecclesiae Christi, ut praedicatione atque exemplo aedificetis domum, id est, familiam Dei". (Cf. Pont. Rom., in ordinat. presbyt).

